# യൂണിറ്റി

സോഷ്യലിസ്റ്റ് യൂണിറ്റി സെന്റർ ഓഫ് ഇന്ത്യ (കമ്മ്യൂണിസ്റ്റ്) SUCI [C] സംസ്ഥാന കമ്മിറ്റി മുഖപത്രം

ജൂൺ 2015 വാല്യം 42 ലക്കം 3 *ചീഫ് എഡിറ്റർ : സി. കെ. ലൂക്കോസ്* പേജ് 12 വില 5.00 രൂപ


# മോദി ഭരണത്തിന്റെ ആദ്യവർഷം ജനങ്ങൾക്ക് സമ്മാനിച്ചതെന്ത്?

**മേയ് 26 ന് മോദിഭരണം ഒരുവർഷം പിന്നിട്ടു. ശതകോടികൾ മുടക്കി നടത്തിയ ഹൈടെക് തെരഞ്ഞെടുപ്പ് പ്രചാരണത്തിൽ മോദിയും ബിജെപിയും സാധാരണക്കാരന് നല്ലനാളുകൾ വാഗ്ദാനം ചെയ്തിരുന്നത് ഏവരും ഓർക്കുന്നുണ്ടാകും. മോദിയും ബിജെപിയും നടത്തിയ ഈ സ്വപ്നവ്യാപാരം ആസൂത്രണം ചെയ്ത് നടപ്പിലാക്കിയതിനുപിന്നിൽ പ്രചാരണയൂണിറ്റും പബ്ലിക് റിലേഷൻസ് മാനേജരുമായി വർത്തിച്ചത് കുത്തകകൾ നിയന്ത്രിക്കുന്ന മാദ്ധ്യമങ്ങൾ തന്നെയാണ്. എന്നാൽ എല്ലാ വാഗ്ദാനങ്ങളും വ്യാജമായിരുന്നെന്ന്, എല്ലാ സ്വപ്നങ്ങളും നിഷ്ഫലമാണെന്ന് ഇന്ന് വ്യക്തമായിക്കഴിഞ്ഞു. ഈ വസ്തുതകളിലേയ്ക്ക് ഒന്നു കണ്ണോടിക്കാം.**

1. അധികാരമേറ്റയുടൻ ഡീസൽവില 1 രൂപ 27 പൈസ വർദ്ധിപ്പിച്ചു.
2. റെയിൽവെ യാത്രാക്കൂലി 14.2 ശതമാനവും ചരക്കുകടത്തുകൂലി 6.5 ശതമാനവും വർദ്ധിപ്പിച്ചു. സീസൺ ടിക്കറ്റ് ചാർജ്ജ് ഏതാണ്ട് ഇരട്ടിയാക്കി. പാർലമെന്റ് സമ്മേളനം നടന്നുകൊണ്ടിരിക്കുമ്പോൾ അതിനെ മറികടന്ന് സർക്കാർ ഉത്തരവിലൂടെയാണ് ഇത് ചെയ്തത്.
3. റെയിൽവെ നവീകരണത്തിന് 100 ശതമാനം എഫ്ഡിഐ അനുവദിച്ചു. റെയിൽവെ സ്റ്റേഷൻ സ്വകാര്യവൽക്കരിക്കാനും സ്വകാര്യസംരംഭകർക്ക് ഹോട്ടലുകളും മറ്റും നടത്താനും നിർദ്ദേശം നൽകി. ചുരുക്കത്തിൽ നേരിട്ടുള്ള വിദേശ നിക്ഷേപത്തിലൂടെയും പൊതു-സ്വകാര്യപങ്കാളിത്തത്തിലൂടെയും റെയിൽവെ നടത്തിപ്പ് സമ്പൂർണ്ണമായും സ്വകാര്യസംരംഭകരെ ഏൽപ്പിച്ചുകൊടുക്കാനാണ് തീരുമാനം.
4. തത്കാൽ ടിക്കറ്റിന്റെ 50 ശതമാനം കൂടിയ വിലയ്ക്ക് വിൽക്കാൻ തീരുമാനിച്ചു. സാധാരണ നിരക്കിന്റെ 30 ശതമാനം അധികമാണ് തത്കാൽ നിരക്കെന്നോർക്കണം. പകുതി ടിക്കറ്റുവിറ്റുകഴിഞ്ഞാൽ ഓരോ 10 ശതമാനത്തിനും വിലകൂടുന്ന ഏർപ്പാടാണിപ്പോൾ വരുന്നത്.
5. ഈ വർഷം ഏപ്രിൽ 1 മുതൽ പ്ലാറ്റ്ഫോം ടിക്കറ്റ് ചാർജ്ജ് 5 രൂപയിൽ നിന്ന് 10 രൂപയാക്കി ഉയർത്തി. എന്നുമാത്രമല്ല, ആഘോഷാവസരങ്ങളിലും മറ്റും പ്ലാറ്റ്ഫോമിലെ തിരക്ക് നിയന്ത്രിക്കാനെന്നപേരിൽ 10 രൂപയിലും കൂടുതൽ ചാർജ്ജ് ഈടാക്കാൻ ഡിവിഷണൽ റെയിൽവെ മാനേജർമാർക്ക് അധികാരവും നൽകി.
6. പ്രതിരോധം, മാദ്ധ്യമം എന്നീ രംഗങ്ങളിൽ 100 ശതമാനം എഫ്ഡിഐക്ക് ശുപാർശ നൽകി.
7. ബാങ്കുകൾ ഉൾപ്പെടെ എല്ലാ പൊതുമേഖലാ സംരംഭങ്ങളും 25 ശതമാനം ഓഹരികൾ വിൽക്കണമെന്ന് തീരുമാനിച്ചു. ജനങ്ങളുടെ പണംകൊണ്ട് സമൂഹത്തിന് ഗുണം കിട്ടാൻവേണ്ടി പടുത്തുയർത്തപ്പെട്ട പൊതുമേഖല ഫലത്തിൽ സ്വകാര്യമേഖലയെ ഏൽപ്പിച്ചുകൊടുക്കുകയാണ് മോദി ഗവൺമെന്റിന്റെ പദ്ധതി.
8. പഞ്ചസാര കിലോയ്ക്ക് മൂന്നുരൂപ കൂട്ടി. പാചകവാതക സിലിണ്ടറിന് മാസംതോറും 10 രൂപ കൂടും. പൈപ്പ്ലൈൻ പ്രകൃതിവാതകത്തിന് യൂണിറ്റൊന്നിന് 1500 രൂപയോളം കൂട്ടി.
9. ഡീലേഴ്സിന് കൊടുക്കുന്ന കമ്മീഷന്റെ പേരിൽ ഗാർഹിക പാചകവാതകവില സിലിണ്ടറൊന്നിന് വീണ്ടും 3 രൂപ കൂട്ടി.

*(ശേഷം 2-ാം പേജിൽ)*

# ഫാസിസത്തിനുമേൽ സോഷ്യലിസം വിജയം വരിച്ചതിന്റെ എഴുപതാം വാർഷികം

## വിജയശിൽപ്പി മഹാനായ സ്റ്റാലിനെ സ്മരിക്കുമ്പോൾ



**1945** മെയ് 9 – കൃത്യം 70 വർഷങ്ങൾക്കു മുമ്പുള്ള ഈ ചരിത്രപ്രധാന ദിവസത്തിലാണ് ധീരരും പരാക്രമികളുമായ സോവിയറ്റ് ചെമ്പട, നീചരായ ജർമ്മൻ ഫാസിസ്റ്റ് ശക്തികളെ തകർത്തെറിഞ്ഞു കൊണ്ട് ബർലിൻ കീഴടക്കിയതും, തിന്മയുടെ ശക്തികൾക്കു മേൽ മനുഷ്യരാശി നേടിയ വിജയത്തെ കുറിച്ചു കൊണ്ട്, ജർമ്മൻ പാർലമെന്റ് മന്ദിരമായ റെയ്ച്ച്സ്റ്റാഗിനു മുകളിൽ ചെങ്കൊടി ഉയർത്തിയതും. ഇവിടെ, യുദ്ധവിരുദ്ധരായ ജനാധിപത്യ മനോഭാവമുള്ള – ഫാസിസ്റ്റ് ഗെസ്റ്റപ്പോയുടേയും എസ്എസ് സൈന്യത്തിന്റെയും കൈകളിൽ കൊടിയ പീഢനങ്ങൾക്കു വിധേയരാകേണ്ടി വന്ന, ജർമ്മനിയിലെ ജനങ്ങളടക്കം ലോകമൊന്നാകെ അസന്ദിഗ്ധമായി അംഗീകരിച്ച ഒരു വസ്തുതയുണ്ട്. സ്റ്റാലിൻ എന്ന തൊഴിലാളിവർഗ്ഗത്തിന്റെ മഹാനായ നേതാവ്, മാർക്സിന്റെയും ഏംഗൽസിന്റെയും ലെനിന്റെയും അർഹനായ പിൻഗാമി, ഉരുക്കു മനസ്സും നിശ്ചയദാർഢ്യവുമുള്ള മനുഷ്യൻ, മനുഷ്യരാശിയുടെ മോചനത്തിനായുള്ള പോരാട്ടത്തിന്റെ ചരിത്രത്തിലെ കുലീനമായ വ്യക്തിത്വം, അദ്ദേഹമാണ് മാനവരാശിയുടെ ഏറ്റവും കൊടിയ ശത്രുവിനുമേൽ മനുഷ്യത്വം നേടിയ ഐതിഹാസിക വിജയത്തിന്റെ ശിൽപ്പിയും, മാനവസംസ്കാരത്തിന്റെ സംരക്ഷകനുമായത്. അദ്ദേഹത്തിന്റെ നേതൃത്വത്തിൽ, ധീരരായ സോവിയറ്റ് ജനതയും, ചെമ്പടയും, സോവിയറ്റ് കമ്മ്യൂണിസ്റ്റ് പാർട്ടിയും, പ്രതിലോമ ശക്തികൾക്കു മേലുള്ള ഈ വിജയത്തെ അനശ്വരമാക്കിയിരിക്കുന്നു.

### സോവിയറ്റ് സോഷ്യലിസത്തെ അസ്ഥിരപ്പെടുത്താനുള്ള മുതലാളിത്ത ഗൂഢാലോചന

1917-ലെ സോവിയറ്റ് സോഷ്യലിസ്റ്റ് വിപ്ലവം, ഒരു പുതിയ യുഗത്തിന്റെ പിറവിയെ അടയാളപ്പെടുത്തിക്കൊണ്ട്, മാർക്സിസ്റ്റ് തത്വശാസ്ത്രത്തിന്റെ പിഴവില്ലായ്മയും, ചരിത്രത്തെപ്പറ്റിയുള്ള മാർക്സിസ്റ്റ് വിശകലനത്തിന്റെ അപ്രമാദിത്വവും തെളിയിച്ചു. മനുഷ്യൻ മനുഷ്യനുമേൽ നടത്തുന്ന ചൂഷണത്തിൽ നിന്നും മുക്തമായ ഒരു പുതിയ സമൂഹത്തിന്റെ ലക്ഷണങ്ങളും, അതു പരിപോഷിപ്പിക്കുന്ന, മനുഷ്യവർഗ്ഗത്തിന്റെ സാമ്പത്തിക- രാഷ്ട്രീയ-സാമൂഹിക-സാംസ്കാരിക രംഗങ്ങളിലടക്കം അടിമുടിയുള്ള പുരോഗതിയും, ലോകമൊട്ടാകെ ശ്രദ്ധിക്കപ്പെട്ടു. ലോകത്തെമ്പാടുമുള്ള തൊഴിലാളി വർഗ്ഗത്തിന് മാർക്സിസം-ലെനിനിസം സ്വാംശീകരിക്കുവാനും, തങ്ങളുടെ മണ്ണിൽ വിപ്ലവ പോരാട്ടങ്ങൾ വളർത്തിയെടുക്കുവാനും അത് പ്രചോദനമായി. കോളനികളിലേയും അർദ്ധ-കോളനികളിലേയും സ്വാതന്ത്ര്യപ്രേമികളായ ജനങ്ങൾക്ക്, സാമ്രാജ്യത്വ-ജന്മിത്വ ശക്തികളുടെ പിടിയിൽ നിന്നും മോചനം നേടാനുള്ള ഉത്തേജനം അതു നൽകി. മുതലാളിത്തവിരുദ്ധ വിപ്ലവത്തെ മരണതുല്ല്യം ഭയപ്പെടുന്ന പിന്തിരിപ്പൻ ലോക സാമ്രാജ്യത്വ മുതലാളിത്തത്തിന്റെ നട്ടെല്ലു മരവിപ്പിക്കുന്നതായിരുന്നു സോവിയറ്റ് വിപ്ലവം. അതുകൊണ്ടു തന്നെ, സോവിയറ്റ് സോഷ്യലിസത്തെ അസ്ഥിരപ്പെടുത്തുവാനും തകർക്കുവാനും എല്ലാ തരത്തിലുമുള്ള ഗൂഢാലോചനകൾ സാമ്രാജ്യത്വ-മുതലാളിത്ത ശക്തികൾ ആരംഭിച്ചു. സോവിയറ്റ് യൂണിയനെ എല്ലാ വശത്തു കൂടിയും സൈനികമായി വളയുവാനുള്ള നീക്കങ്ങൾ ആരംഭിച്ചു. ആഭ്യന്തര പ്രശ്നങ്ങളും ഉപജാപങ്ങളും പ്രോൽസാഹിപ്പിക്കാൻ വേണ്ടി, ക്ഷോഭജനകമായ ശക്തികളെ രാജ്യത്തിനുള്ളിൽ പ്രതിഷ്ഠിച്ചു. അധികാരത്തിൽ നിന്നും തൂത്തെറിയപ്പെട്ട റഷ്യൻ മുതലാളിത്തത്തിന്, പ്രതിവിപ്ലവം വളർത്തുന്നതിനായി എല്ലാത്തരത്തിലുമുള്ള സഹായങ്ങൾ പ്രച്ഛന്നമായി നൽകുകയുണ്ടായി. മഹാനായ ലെനിന്റെ ഐതിഹാസിക നേതൃത്വത്തിനു കീഴിൽ, ശൈശവാവസ്ഥയിലുള്ള സോവിയറ്റ് യൂണിയൻ ഇങ്ങനെ എല്ലാ മുതലാളിത്ത ഗൂഢാലോചനകൾക്കുമെതിരേ അടിയുറച്ചു നിലകൊണ്ടു. മാത്രവുമല്ല, സോഷ്യലിസത്തെ ശക്തിപ്പെടുത്തുവാനും, ജീവിതത്തിന്റെ എല്ലാ തുറകളിലും മുതലാളിത്തത്തിനു മേൽ അതിന്റെ അധീശത്വം തെളിയിക്കുവാനുമുള്ള

*(ശേഷം 8-ാം പേജിൽ)*

# മോദിഭരണത്തിൽ രാജ്യം വർഗ്ഗീയസ്പർദ്ധയുടെ കൂത്തരങ്ങായി

(1-ാം പേജിൽ നിന്ന്)

10. ജനജീവിതത്തിൽ നാശംവിതച്ചുകൊണ്ട് ഉദാരീകരണനയങ്ങളുടെ ഭാഗമായി ഡീസൽവില നിയന്ത്രണം എടുത്തുകളയാൻ തീരുമാനിച്ചു.
11. പ്രതിരോധ, ഇൻഷ്വറൻസ് രംഗങ്ങളിൽ 49 ശതമാനം നേരിട്ടുള്ള വിദേശനിക്ഷേപം അനുവദിച്ചു.
12. പ്രത്യേക സാമ്പത്തിക മേഖലകൾ പുനരുജ്ജീവിപ്പിക്കാനും മോദിസർക്കാർ ആലോചിക്കുന്നു.
13. ന്യൂനപക്ഷങ്ങളെ പട്ടിക്കുട്ടികളെന്ന് വിശേഷിപ്പിക്കാനും മോദിക്ക് മടിയുണ്ടായില്ല.
14. മോദി ഭരണത്തിൽ ഉത്തർപ്രദേശ് വർഗ്ഗീയ ധ്രുവീകരണത്തിന്റെയും കലാപങ്ങളുടെയും നാടായി മാറി. ലോക്സഭാ തെരഞ്ഞെടുപ്പുഫലം പുറത്തുവന്ന 2014 മേയ് 16 മുതൽ ഇന്നുവരെ 24 വർഗ്ഗീയ കലാപങ്ങൾ നടന്നുകഴിഞ്ഞു. ബിജെപി എംഎൽഎമാർ എംപിമാരായി തെരഞ്ഞെടുക്കപ്പെട്ട 12 അസംബ്ലി മണ്ഡലങ്ങളിൽ ആറിലും കഴിഞ്ഞ രണ്ടരമാസത്തിനുള്ളിൽ വർഗ്ഗീയ കലാപങ്ങൾ നടന്നിരിക്കുന്നു.
15. അവശ്യ-ജീവൻരക്ഷാ മരുന്നുകളുടെമേൽ ചെറിയതോതിൽ നിലനിന്നിരുന്ന വിലനിയന്ത്രണവും നീക്കംചെയ്തുകൊണ്ട് കുത്തകകൾക്കും ബഹുരാഷ്ട്ര കോർപ്പറേറ്റുകൾക്കും യഥേഷ്ടം മരുന്നുവില വർദ്ധിപ്പിക്കാൻ അവസരമൊരുക്കിയിരിക്കുന്നു മോദിഭരണം. 108 അവശ്യമരുന്നുകളുടെ വില നേരത്തെ വർദ്ധിപ്പിച്ചതുകൂടാതെ ഇപ്പോൾ 509 മരുന്നുകളുടെ വില കൂടി ഗണ്യമായി വർദ്ധിപ്പിച്ചിരിക്കുന്നു.
16. മരുന്നും പരിശോധനകളും സൗജന്യമായി നൽകുന്ന കേന്ദ്രപദ്ധതി പിൻവലിച്ച് ആരോഗ്യരംഗം സമ്പൂർണ്ണ വാണിജ്യവൽക്കരണത്തിന് തുറന്നുകൊടുത്തിരിക്കുകയാണ്.
17. ഓരോ മണിക്കൂറിലും 7 കോടിരൂപ വീതം കോർപ്പറേറ്റ് നികുതിയിൽ ഇളവ് നൽകുന്നു. അതായത് ഒരു ദിവസം 168 കോടി.
18. മോദി ഭരണത്തിൽ ദിനംപ്രതി ശരാശരി 43 കർഷകർ ആത്മഹത്യ ചെയ്യുന്നുണ്ട്.
19. ബിജെപി ഭരിക്കുന്ന മഹാരാഷ്ട്രയിൽ ദിവസേന ശരാശരി 7 കർഷകർ വീതം ആത്മഹത്യയിലഭയം തേടുന്നു.
20. അധികാരത്തിലെത്തിയാൽ ഓരോ ഭാരതീയനും 15 ലക്ഷം രൂപവീതം നൽകാൻ കഴിയുന്നത്ര കള്ളപ്പണം 100 ദിവസത്തിനുള്ളിൽ വിദേശത്തുനിന്ന് രാജ്യത്തെത്തിക്കുമെന്ന് മോദിയും ബിജെപിയും തെരഞ്ഞെടുപ്പ് സമയത്ത് വാഗ്ദാനം നൽകിയിരുന്നു. എന്നാൽ, വിദേശത്ത് കള്ളപ്പണം നിക്ഷേപിച്ചിട്ടുള്ളവരിൽ ഒരു പതിനഞ്ചുപേരുടെ പേരുവിവരംപോലും സ്വന്തംനിലയിൽ ഹാജരാക്കാൻ മോദിഭരണം തയ്യാറായില്ല. ഒടുവിൽ, സുപ്രീംകോടതിയുടെ നിർബ്ബന്ധത്തിന് വഴങ്ങി, ജനീവയിലെ എച്ച്എസ്ബിസി ബാങ്ക് നൽകിയ 627 പേരുടെ വികലമായൊരു ലിസ്റ്റാണ് കേന്ദ്ര ഗവൺമെന്റ് സമർപ്പിച്ചത്.
21. കേന്ദ്രീയ വിദ്യാലയങ്ങളിൽ മൂന്നാംഭാഷയായി സംസ്കൃതം നിർബന്ധിതമാക്കി.
22. മോദിഭരണം പുതിയഭൂമിയേറ്റെടുക്കൽ ഓർഡിനൻസ് ഇറക്കി. സ്വദേശ-വിദേശ കുത്തകകളുടെ താൽപ്പര്യാർത്ഥം കർഷകരിൽ നിന്ന് ഭൂമി പിടിച്ചെടുക്കാനുള്ള ഹീന പദ്ധതിയാണിത്. വിശേഷിച്ചും റിയൽ എസ്റ്റേറ്റ് രംഗത്തുള്ള കോർപ്പറേറ്റുകൾക്കുവേണ്ടിയുള്ള പദ്ധതി. ലക്ഷക്കണക്കിന് ചെറുകിട-ഇടത്തരം കർഷകർ ഇതോടെ വഴിയാധാരമാകുമെന്നുറപ്പാണ്.
23. 2014-15 വർഷം ആരോഗ്യമേഖലയ്ക്ക് അനുവദിച്ച ബജറ്റ് വിഹിതത്തിൽ 20 ശതമാനം വെട്ടിക്കുറച്ചു.
24. ഐക്യരാഷ്ട്രസഭയിൽ പലസ്തീനുള്ള പിന്തുണ അവസാനിപ്പിക്കാനും സയണിസ്റ്റ് ഇസ്രായേലുമായി ചങ്ങാത്തം കൂടുവാനും തീരുമാനിച്ചു.
25. ബിജെപി ഭരിക്കുന്ന രാജസ്ഥാൻ ഗവൺമെന്റിന്റെ ചുവടുപിടിച്ച് മഹാരാഷ്ട്രയിലെ ബിജെപി സർക്കാരും 1947-ലെ വ്യവസായ തർക്കനിയമം ഭേദഗതി ചെയ്തു. ഇതുപ്രകാരം 300 തൊഴിലാളികൾവരെ പണിയെടുക്കുന്ന യൂണിറ്റുകളിൽ സർക്കാരിന്റെ അനുമതിയില്ലാതെ തൊഴിലാളികളെ ലേ ഓഫ് ചെയ്യാനും യൂണിറ്റ് അടച്ചുപൂട്ടാനുമൊക്കെ മുതലാളിമാർക്ക് ഏകപക്ഷീയമായ അധികാരം കൈവരും. രാജ്യത്തെ ഏറ്റവും വ്യവസായവത്കൃതമായ സംസ്ഥാനമായ മഹാരാഷ്ട്രയിൽ ആകെയുള്ള 41,000 വ്യവസായ സംരംഭങ്ങളിൽ 39,000 യൂണിറ്റുകൾക്കും തീർത്തും തൊഴിലാളിവിരുദ്ധമായ ഈ ഭേദഗതി ബാധകമാകും. പ്രധാനമന്ത്രി മോദിയുടെ "മേക്ക് ഇൻ ഇന്ത്യ" പദ്ധതിയുടെ ഭാഗമായാണ് ഈ നടപടി. ലക്ഷക്കണക്കിന് തൊഴിലാളികളുടെ ജീവിതസുരക്ഷ ഇതുമൂലം തകരും. പൊരുതിനേടിയ തൊഴിലവകാശങ്ങൾ നഷ്ടമാകും. 1970-ലെ കരാർതൊഴിലാളി നിയമം ഭേദഗതിചെയ്യാനും നീക്കമുള്ളതായി അറിയുന്നു. നിലവിൽ 20 കരാർ തൊഴിലാളികൾ എന്ന സ്ഥാനത്ത് അൻപതോ അതിലധികമോ കരാർ തൊഴിലാളികളെ വച്ച് പണിയെടുപ്പിക്കാം. ഈ യൂണിറ്റുകൾ സർക്കാരിൽ രജിസ്ട്രർ ചെയ്യണം. ഇതോടെ ചെറുകിട-ഇടത്തരം യൂണിറ്റുകൾക്ക് യഥേഷ്ടം കരാർ തൊഴിലാളികളെ നിയോഗിക്കാം. തൊഴിലാളികൾക്ക് ട്രേഡ്യൂണിയൻ അവകാശങ്ങളും സാമ്പത്തിക സാമൂഹിക അവകാശങ്ങളും ഭരണഘടനാപരമായ അവകാശങ്ങളും പോലും നിഷേധിക്കപ്പെടും. അവർ മുതലാളിമാരുടെ ദയാദാക്ഷിണ്യങ്ങൾക്ക് വിധേയരായി നിസ്സാഹായാവസ്ഥയിലേയ്ക്ക് എറിയപ്പെടും. 1948-ലെ ഫാക്ടറി നിയമവും ഭേദഗതി ചെയ്യാൻ തയ്യാറെടുക്കുകയാണ്. ഇപ്പോൾ 10 തൊഴിലാളികളുടെ സ്ഥാനത്ത് 20 തൊഴിലാളികൾവരെ പണിയെടുക്കുന്ന യൂണിറ്റുകൾക്ക് ഇനി സുരക്ഷാ നിയമങ്ങളൊന്നും പാലിക്കേണ്ടിവരില്ല.
26. അലിഗർ മുസ്ലിം യൂണിവേഴ്സിറ്റി എന്ന വിഖ്യാതമായ വിദ്യാകേന്ദ്രത്തിന്റെ ഉന്നതാധികാര സമിതിയിലേയ്ക്ക് ബിജ്നൂർ എംപിയും മുസഫർ നഗർ വർഗ്ഗീയ കലാപത്തിലെ പ്രതിയുമായ കൻവാർ ഭാരതേന്ദ്രയെ മോദി സർക്കാർ നിയമിച്ചിരിക്കുന്നു.
27. ഇന്ത്യയുടെ 66-ാം റിപ്പബ്ലിക് ദിനം പ്രമാണിച്ച് മോദിസർക്കാർ പത്രങ്ങൾക്ക് നൽകിയ പരസ്യത്തിൽ ഭരണഘടനയുടെ ആമുഖത്തിന്റെ ചിത്രത്തിൽ 'സോഷ്യലിസ്റ്റ്', 'മതേതരം' എന്നീവാക്കുകൾ ഒഴിവാക്കി.
28. മഹാരാഷ്ട്രയിൽ, മുൻകോൺഗ്രസ്സ് ഗവൺമെന്റ് 2014 ജൂലൈയിൽ ഇറക്കിയ ഓർഡിനൻസിലൂടെ, വിദ്യാഭ്യാസസ്ഥാപനങ്ങളിൽ മുസ്ലീങ്ങൾക്ക് നൽകിയിരുന്ന 5 ശതമാനം സംവരണം ഇപ്പോഴത്തെ ബിജെപി ഗവൺമെന്റ് റദ്ദാക്കിയിരുന്നു.
29. മഹാരാഷ്ട്ര സർക്കാർ ബീഫും നിരോധിച്ചു. ലോകമെമ്പാടും അനേകംപേർ ഇത് ഭക്ഷിക്കുന്നു. രാജ്യത്തെ പൗരന്മാരുടെ ഭക്ഷണത്തിൽ ഇതുവഴി നിയന്ത്രണം കൊണ്ടുവന്നിരിക്കുന്നു. ഇത് തീർത്തും വിവേചനപരവും വർഗ്ഗീയാഭിമുഖ്യം പുലർത്തുന്നതും ഒരു പ്രത്യേക മതവിഭാഗത്തിനെതിരായതുമായ നടപടിയാണ്.
30. ഗുജറാത്ത് കൺട്രോൾ ഓഫ് ഓർഗനൈസ്ഡ് ക്രൈം ബിൽ എന്ന പേരിൽ ഒരു കരിനിയമം ഗുജറാത്തിലെ ബിജെപി സർക്കാർ കൊണ്ടുവന്നിരിക്കുന്നു. ഇതുപ്രകാരം പോലീസ്-ഉദ്യോഗസ്ഥ സംവിധാനത്തിന് ആരുടെ വേണമെങ്കിലും ഫോൺ വിവരങ്ങൾ ചോർത്താം. പോലീസിന്റെ മുന്നിൽ നടത്തുന്ന കുറ്റസമ്മതം കുറ്റം ഏറ്റുപറയുന്ന തെളിവായി കോടതിയിൽ ഹാജരാക്കാം. ചാർജ്ജ് ഷീറ്റ് നൽകാതെ 180 ദിവസംവരെ ആരെവേണമെങ്കിലും തടവിൽ പാർപ്പിക്കാം. ഈ നിയമപ്രകാരം അറസ്റ്റുചെയ്യപ്പെടുന്ന ആൾക്ക് ജാമ്യം ലഭിക്കില്ല. "ഉത്തമവിശ്വാസത്തിൽ" എന്ന വിശേഷണത്തോടെ സംസ്ഥാന ഗവൺമെന്റ് ചെയ്യുന്ന കാര്യങ്ങൾക്ക് ഇതോടെ നിയമ നടപടികളിൽ നിന്ന് രക്ഷപ്പെടുകയും ചെയ്യാം. ●



സേവനനികുതി വർദ്ധനവിനെതിരെ എസ്‌യുസിഐ(കമ്മ്യൂണിസ്റ്റ്) കോഴിക്കോട് ജില്ലാ കമ്മിറ്റിയുടെ ആഭിമുഖ്യത്തിൽ നടന്ന പ്രതിഷേധ പ്രകടനം


ഭൂമി പിടിച്ചെടുക്കൽ ബില്ലിനെതിരെ എസ്‌യുസിഐ(കമ്മ്യൂണിസ്റ്റ്) പാർട്ടിയുടെ ആഭിമുഖ്യത്തിൽ മദ്ധ്യപ്രദേശിൽ നടന്ന പ്രതിഷേധ റാലി

## കർഷകരുടെ പ്രതിദിന വരുമാനം ഇന്ത്യയിൽ ഏറ്റവും കുറവ് ഗുജറാത്തിൽ

**നി**ർദ്ദിഷ്ട ഭൂമി ഏറ്റെടുക്കൽ ഓർഡിനൻസിന്റെ കർഷകവിരുദ്ധ ഉള്ളടക്കത്തിനെതിരെ വർദ്ധിച്ചുവരുന്ന വിമർശനങ്ങളെ നേരിടുവാനായി ബിജെപി സർക്കാർ നരേന്ദ്രമോദിയെ കർഷകരുടെ മിത്രമായി ഉയർത്തിക്കാട്ടുകയാണല്ലോ? എന്നാൽ വസ്തുതകൾ മോദിക്കെതിരാണ്. കേന്ദ്രസർക്കാർ അടുത്തിടെ പുറത്തിറക്കിയ ലേബർ ബ്യൂറോയുടെ റിപ്പോർട്ട് അനുസരിച്ച് ഗുജറാത്തിലെ കർഷകരുടെ പ്രതിദിനവരുമാനം 169.32 രൂപ മാത്രമാണ്. ഇത് ഇന്ത്യയിൽ ഏറ്റവും കുറവാണ്. സർവ്വേ നടത്തിയ ഇരുപത് സംസ്ഥാനങ്ങളിൽ ഗുജറാത്തിന് 19-ാം സ്ഥാനമാണുള്ളത്. ഗുജറാത്തിൽ സർക്കാർ നിശ്ചയിച്ചിരിക്കുന്ന മിനിമം വേതനം 293 രൂപ മുതൽ 284 രൂപ വരെയാണ്. ചുരുക്കത്തിൽ മിനിമം വേതനത്തിന്റെ പകുതിമാത്രമാണ് കർഷകർക്ക് ലഭിക്കുന്നതെന്നർത്ഥം. ●

## ബാംഗ്ലൂരിൽ കർഷകരുടെ വമ്പിച്ച പ്രതിഷേധ റാലി

**ബി**ജെപി സർക്കാരിന്റെ ഭൂമിയേറ്റെടുക്കൽ ബില്ലിനെതിരെ ബാംഗ്ലൂരിൽ കർഷകരുടെയും കർഷകത്തൊഴിലാളികളുടെയും വമ്പിച്ച റാലി നടന്നു. എഐകെകെഎംഎസിന്റെ കർണ്ണാടക യൂണിറ്റായ റായത്ത് കൃഷി കർമ്മികാര സംഘടന(ആർകെഎസ്) യാണ് ആയിരക്കണക്കിന് കർഷകരേയും കർഷകത്തൊഴിലാളികളെയും സംഘടിപ്പിച്ചുകൊണ്ട് ഈ വമ്പൻ റാലി സംഘടിപ്പിച്ചത്. സിറ്റി റെയിൽവെ സ്റ്റേഷനിൽ നിന്ന് ആരംഭിച്ച പ്രകടനം ഫ്രീഡംപാർക്കിൽ സമാപിച്ചു. തുടർന്ന് നടന്ന പൊതുസമ്മേളനം എസ്‌യുസിഐ (കമ്മ്യൂണിസ്റ്റ്) പാർട്ടി കർണ്ണാടക സംസ്ഥാന സെക്രട്ടറിയും കേന്ദ്രകമ്മിറ്റിയംഗവുമായ സഖാവ് കെ.രാധാകൃഷ്ണ ഉദ്ഘാടനം ചെയ്തു. ആർകെഎസ് സംസ്ഥാനപ്രസിഡന്റ് സഖാവ് ടി.എസ്.സുനീത്കുമാർ അദ്ധ്യക്ഷത വഹിച്ചു. വമ്പിച്ച കർഷക പ്രക്ഷോഭത്തിന് റാലി ആഹ്വാനം ചെയ്തു. ●

# ഇൻഡ്യൻ നഴ്സസ് പേരന്റ്സ് അസോസിയേഷൻ കൊല്ലം ജില്ലാ കൺവൻഷൻ




ഐഎൻപിഎ കൊല്ലം ജില്ലാ സമ്മേളനം സംസ്ഥാന രക്ഷാധികാരി മിനി കെ.ഫിലിപ്പ് ഉദ്ഘാടനം ചെയ്യുന്നു

ഇൻഡ്യൻ നഴ്സസ് പേരന്റ്സ് അസോസിയേഷൻ കൊല്ലം ജില്ലാ കൺവൻഷൻ 2015 മേയ് 16 ന് കൊട്ടാരക്കര വ്യാപാര ഭവനിൽവച്ച് നടന്നു. വിദ്യാഭ്യാസ വായ്പ എടുത്ത് കടക്കെണിയിലായ രക്ഷിതാക്കളെ അതിൽ നിന്നും മോചിപ്പിക്കുന്നതിനായി വായ്പ സർക്കാർ ഏറ്റെടുക്കണം. മതിയായ ശമ്പളമോ തൊഴിലോ ഇല്ലാതെ നിൽക്കുന്ന നഴ്സുമാർക്ക് വായ്പ അടയ്ക്കുന്നതിനുള്ള സാഹചര്യം നിലവിലില്ല. നഴ്സുമാരെയും രക്ഷിതാക്കളെയും ഭീഷണിപ്പെടുത്തി വായ്പ തിരിച്ചടപ്പിക്കുന്ന ബാങ്കുകളുടെ ഹീനനടപടിക്ക് കടിഞ്ഞാണിടണമെന്ന് ഇൻഡ്യൻ നഴ്സസ് പേരന്റ്സ് അസോസിയേഷൻ സംസ്ഥാന രക്ഷാധികാരി മിനി കെ.ഫിലിപ്പ് കൺവൻഷൻ ഉദ്ഘാടനം ചെയ്തുകൊണ്ട് ആവശ്യപ്പെട്ടു.
സംസ്ഥാന സെക്രട്ടറി എസ്.മിനി മുഖ്യപ്രസംഗം നടത്തിയ കൺവൻഷനിൽ സി.എം.ജോയി അദ്ധ്യക്ഷത വഹിച്ചു. മഹിളാ സാംസ്കാരിക സംഘടന സംസ്ഥാന സെക്രട്ടറി ഷൈല കെ. ജോൺ, എസ്.രാഘവൻ, ജി.ധ്രുവകുമാർ, എം.ഗോപകുമാർ, വി.വിശ്വനാഥപിള്ള, ബി.കെ.ജോൺ എന്നിവർ പ്രസംഗിച്ചു. സിനി പൊന്നച്ചൻ സ്വാഗതവും പി.ഒ.തോമസ്കുട്ടി കൃതജ്ഞതയും രേഖപ്പെടുത്തി.
ഷൈല കെ.ജോൺ (രക്ഷാധികാരി), സി.എം.ജോയി (പ്രസിഡന്റ്), എസ്.രാഘവൻ (സെക്രട്ടറി), തോമസ്കുട്ടി, പി.ഒ.ഷംസുദ്ദീൻ, ജി.ധ്രുവകുമാർ, അയ്യപ്പൻപിള്ള (വൈസ്പ്രസിഡന്റുമാർ), എം.ഗോപകുമാർ, സിനി പൊന്നച്ചൻ, ടിങ്കിൾ പ്രഭാകരൻ, ബി.രാമചന്ദ്രൻ, വി.ആന്റണി, എസ്.രാജേന്ദ്രൻ (ജോ.സെക്രട്ടറിമാർ) പി.പി. പ്രശാന്ത്കുമാർ(ട്രഷറർ) എന്നിവരടങ്ങിയ 34 അംഗ ജില്ലാ കമ്മിറ്റിയെ കൺവൻഷൻ തെരഞ്ഞെടുത്തു. ●

# ഐഎൻപിഎ പത്തനംതിട്ട ജില്ലാ സമ്മേളനം

ഇൻഡ്യൻ നഴ്സസ് പേരന്റ്സ് അസോസിയേഷൻ (ഐഎൻപിഎ) പത്തനംതിട്ട ജില്ലാ സമ്മേളനം 2015 മെയ് 15 വെള്ളിയാഴ്ച തിരുവല്ല ബിലീവേഴ്സ് ചർച്ച് യൂത്ത് സെന്ററിൽ നടന്നു. ഐഎൻപിഎ ജില്ലാ പ്രസിഡന്റ് ശ്രീ. എം. വി. ചെറിയാൻ അദ്ധ്യക്ഷത വഹിച്ചു. സമ്മേളനം പത്തനംതിട്ട എം. പി. ആന്റോ ആന്റണി ഉദ്ഘാടനം ചെയ്തു. സർജറി ഒഴികെ ഡോക്ടർക്ക് തുല്യമായി മനുഷ്യശരീരത്തെപ്പറ്റി പഠിക്കുകയും ആതുര സേവനത്തിൽ അവശ്യവും അതുല്യവുമായ കടമ നിർവ്വഹിക്കുകയും ചെയ്യുന്ന നഴ്സുമാർക്ക് തൂപ്പുകാർക്ക് ലഭിക്കുന്ന പരിഗണന പോലും സമൂഹത്തിൽനിന്നും ലഭിക്കുന്നില്ലെന്നും നിയമങ്ങൾ നിർമ്മിക്കപ്പെടുന്നുണ്ടെങ്കിലും അവ പ്രാവർത്തികമാകാത്തത് അതുകൊണ്ടാണെന്നും ഉദ്ഘാടന പ്രസംഗത്തിൽ അദ്ദേഹം പറഞ്ഞു. വിദ്യാഭ്യാസ വായ്പ പലിശയിളവ് അർഹരായ എല്ലാവർക്കും നൽകാൻ ബാങ്കുകൾ തയ്യാറാകണമെന്നും വിദേശത്തു നിന്നും തിരികെയെത്തിയവരുടെ പ്രശ്നങ്ങൾ പരിഹരിക്കാൻ എല്ലാ സഹായവും ചെയ്യുമെന്നും അദ്ദേഹം കൂട്ടിച്ചേർത്തു. ഡോ.ഗീവർഗീസ് മാർ കൂറിലോസ് മെത്രാപ്പോലീത്ത മുഖ്യപ്രസംഗം നടത്തി. നഴ്സുമാരുടേയും വിദ്യാഭ്യാസ വായ്പയെടുത്തവരുടേയും പ്രശ്നങ്ങൾ പരിഹരിക്കാൻ സംഘടിതമായ യത്നവും സമരവുമല്ലാതെ മറ്റു മാർഗ്ഗമില്ലെന്നും അദ്ദേഹം പറഞ്ഞു.

സംസ്ഥാന സെക്രട്ടറി എസ്.മിനി, പ്രൊഫ. ഫിലിപ്പ് എൻ. തോമസ്, മിനി കെ. ഫിലിപ്പ്, ഡോ. സൈമൺ ജോൺ, പി. ആർ. വിജയൻ, എസ്. രാധാമണി, ബാബുക്കുട്ടി, ജേക്കബ് ഏബ്രഹാം, ബിനു ബേബി തുടങ്ങിയവർ പ്രസംഗിച്ചു.

വിദ്യാഭ്യാസ വായ്പ സമ്പൂർണ്ണമായി സർക്കാർ ഏറ്റെടുക്കണമെന്നും വിദേശത്തെ കലാപഭൂമിയിൽ നിന്നും മടങ്ങിയെത്തിയവരെ അടിയന്തരമായി പുനഃരധിവസിപ്പിക്കാൻ നടപടിയെടുക്കണമെന്നും ആവശ്യപ്പെട്ട് പ്രമേയങ്ങൾ സമ്മേളനം പാസാക്കി.

എം.വി.ചെറിയാൻ (പ്രസിഡന്റ്), രവീന്ദ്രൻപിള്ള (സെക്രട്ടറി), ബിനു ബേബി (ട്രഷറർ) എന്നിവർ ഭാരവാഹികളായി 31 അംഗ കമ്മിറ്റിയെയും സമ്മേളനം തെരഞ്ഞെടുത്തു. ●




പത്തനംതിട്ട ജില്ലാ സമ്മേളനത്തോടനുബന്ധിച്ച് നടന്ന പ്രകടനത്തിന് എം.വി.ചെറിയാൻ, രവീന്ദ്രൻപിള്ള, എസ്.രാധമണി, ബാബുക്കുട്ടി, ജേക്കബ് ഏബ്രഹാം, തുടങ്ങിയവർ നേതൃത്വം നൽകുന്നു



വിദ്യാഭ്യാസ വായ്പയുടെ പേരിൽ നിയമവിരുദ്ധമായി ഫിക്സഡ് ഡിപ്പോസിറ്റ് തടഞ്ഞുവച്ചതിൽ പ്രതിഷേധിച്ച് മേയ് 26 ന് അടൂർ എസ്ബിടി ശാഖയ്ക്കുമുന്നിൽ നടന്ന ഉപരോധ സമരത്തിൽ ഐഎൻപിഎ തിരുവല്ല താലൂക്ക് പ്രസിഡന്റ് എസ്.രാധാമണി പ്രസംഗിക്കുന്നു

## അടൂർ എസ്ബിടി ശാഖ ഉപരോധം

വിദ്യാഭ്യാസവായ്പയുടെ മേലുള്ള ജപ്തിനടപടികളെ സംബന്ധിച്ച മോറട്ടോറിയം നിലനിൽക്കെ, യാതൊരു മാനദണ്ഡങ്ങളും പാലിക്കാതെ വിദ്യാഭ്യാസ വായ്പയുടെ പേരിൽ നിയമവിരുദ്ധമായി ഫിക്സഡ് ഡിപ്പോസിറ്റ് തടഞ്ഞുവച്ചതിൽ പ്രതിഷേധിച്ച് ഐഎൻപിഎയുടെ നേതൃത്വത്തിൽ മേയ് 26 ന് അടൂർ എസ്ബിടി ശാഖ ഉപരോധിച്ചു. ഐഎൻപിഎ സംസ്ഥാന സെക്രട്ടറി എസ്.മിനി ഉപരോധം ഉദ്ഘാടനം ചെയ്തു. വായ്പയെ അടിസ്ഥാനമാക്കിയുള്ള വിദ്യാഭ്യാസം ജനങ്ങളുടെ മേൽ അടിച്ചേൽപ്പിച്ചത് സർക്കാരാണെന്നും വായ്പയുടെ ഉത്തരവാദിത്തം അതുകൊണ്ടുതന്നെ സർക്കാർ ഏറ്റെടുക്കണമെന്നും എസ്. മിനി ആവശ്യപ്പെട്ടു.

ഐഎൻപിഎ അടൂർ താലൂക്ക് പ്രസിഡന്റ് ബാബുക്കുട്ടിയുടെ അദ്ധ്യക്ഷതയിൽ നടന്ന ഉപരോധ സമരത്തിൽ ഐഎൻപിഎ ജില്ലാ പ്രസിഡന്റ് എൻ.വി.ചെറിയാൻ, ജില്ലാ സെക്രട്ടറി രവീന്ദ്രൻപിള്ള, ജില്ലാ ട്രഷറർ ബിനു ബേബി, സിപിഐ(എം) ഏരിയ സെക്രട്ടറി പി.ബി.ഹർഷകുമാർ, സിപിഐ നേതാവ് അനിൽകുമാർ, എസ്‌യുസിഐ(കമ്മ്യൂണിസ്റ്റ്) ജില്ലാ സെക്രട്ടറി എസ്.രാജീവൻ, ആട്ടോറിക്ഷാത്തൊഴിലാളി നേതാവ് റോഷൻ ജേക്കബ്, ഐഎൻപിഎ തിരുവല്ല താലൂക്ക് പ്രസിഡന്റ് എസ്. രാധാമണി, തിരുവല്ല താലൂക്ക് സെക്രട്ടറി ജേക്കബ് എബ്രഹാം, അടൂർ താലൂക്ക് സെക്രട്ടറി സനില ജോർജ്ജ്, കോന്നി താലൂക്ക് ജോയിന്റ് സെക്രട്ടറി സോമരാജൻ, കോഴഞ്ചേരി താലൂക്ക് പ്രസിഡന്റ് സനൽകുമാർ, ഐഎൻപിഎ ജില്ലാ കമ്മിറ്റിയംഗം ബേബിക്കുട്ടി തുടങ്ങിയവർ പ്രസംഗിച്ചു.

ഉപരോധത്തെ തുടർന്ന് അടൂർ ഡിവൈഎസ്പി യുടെ നേതൃത്വത്തിൽ നടന്ന ചർച്ചയിൽ നിയമപരമായ രേഖകളുടെ അടിസ്ഥാനത്തിലേ നടപടിയെടുക്കൂ എന്ന ഉറപ്പ് ലഭിച്ചതിനെത്തുടർന്ന് ഉപരോധ സമരം അവസാനിപ്പിച്ചു. ●

# ആന്ധ്രാ, തെലങ്കാന സംസ്ഥാനങ്ങളിലെ ട്രാൻസ്പോർട്ട് ജീവനക്കാരുടെ സമരം വൻവിജയം

ആന്ധ്രാപ്രദേശ് സംസ്ഥാനം കഴിഞ്ഞ വർഷം ജൂൺമാസം രണ്ട് സംസ്ഥാനങ്ങളായി വിഭജിച്ചല്ലോ. റോഡ് ട്രാൻസ്പോർട്ട് കോർപ്പറേഷനെയും കഴിഞ്ഞമാസം രണ്ടായി വിഭജിച്ചു. കഴിഞ്ഞ ഏതാനും മാസങ്ങളായി കോർപ്പറേഷനിലെ 1,20,000 വരുന്ന ജീവനക്കാർ ശമ്പളവർദ്ധനവിനുവേണ്ടി ഒരു യോജിച്ച പ്രക്ഷോഭത്തിലായിരുന്നു, നിവേദനങ്ങൾ കൊടുത്തും നിരവധി പ്രതിഷേധ പരിപാടികൾ സംഘടിപ്പിച്ചും സമരം മുന്നേറി. ഇവരുടെ ശമ്പളം സംസ്ഥാന സർക്കാർ ജീവനക്കാരുടേതിന് തുല്യമായി ഉയർത്തുമെന്ന് തെരഞ്ഞെടുപ്പിനുമുമ്പ് ആന്ധ്രയിൽ ചന്ദ്രബാബു നായിഡുവും തെലങ്കാനയിൽ ചന്ദ്രശേഖര റാവുവും വാഗ്ദാനം നൽകിയിരുന്നതാണ്. എന്നാൽ, ഇരുവരും അത് പാലിച്ചില്ല. ഒടുവിൽ, മേയ് 7 മുതൽ എട്ടുദിവസം തൊഴിലാളികൾ പണിമുടക്കി. ഇരുഗവൺമെന്റുകളും സമരത്തിനെതിരെ അവശ്യസർവ്വീസ് സംരക്ഷണനിയമം പ്രയോഗിച്ചു. ഹൈക്കോടതികളും സമരം നിരോധിച്ച് ഉത്തരവിറക്കുകയും സമരനേതാക്കൾക്ക് നോട്ടീസ് അയയ്ക്കുകയും ചെയ്തു. തൊഴിലാളികളുടെ ഡിമാന്റ് അംഗീകരിച്ചാൽ ബസ്ചാർജ് വർദ്ധിപ്പിക്കേണ്ടിവരുമെന്നുപറഞ്ഞ് ജനങ്ങളെ തെറ്റിദ്ധരിപ്പിക്കാനും ജനവികാരം സമരത്തിനെതിരെ തിരിച്ചുവിടാനും ഗവൺമെന്റുകൾ ശ്രമിച്ചു. പോലീസിനെ ഉപയോഗിച്ച് സമരം അടിച്ചമർത്താനും ശ്രമം നടത്തി. എന്നാൽ, ഇതൊന്നും ഫലിച്ചില്ല. ജീവനക്കാർ ജനങ്ങളുടെ പിന്തുണ പിടിച്ചുപറ്റിക്കൊണ്ട് ശക്തമായി മുന്നോട്ടുപോയി.

ഇരുസംസ്ഥാനഗവൺമെന്റുകളുടെയും കുത്സിത നീക്കങ്ങളെ തുറന്നുകാണിച്ചുകൊണ്ടും സമരത്തെ ശക്തമായി പിന്തുണച്ചുകൊണ്ടും എഐയുടിയുസി ആന്ധ്ര–തെലങ്കാന ഘടകം വ്യാപകമായ പ്രചാരണം നടത്തി. മറ്റുട്രേഡ്യൂണിയനുകളുമായി ചേർന്ന് സംയുക്തയോഗങ്ങൾ സംഘടിപ്പിക്കുകയും തൊഴിൽവകുപ്പ് മന്ത്രിമാർക്ക് നിവേദനം നൽകുകയും ചെയ്തു.

ഇരുസംസ്ഥാനങ്ങളിലെയും ഇടതുപക്ഷ പാർട്ടികളോടൊപ്പംനിന്നുകൊണ്ട് എസ്‌യുസിഐ(സി)യും സമരത്തെ ശക്തമായി പിന്തുണച്ചു. മുഴുവൻ ജനങ്ങളുടെയും സമരമായി കണ്ടുകൊണ്ട് വിജയംവരെ സമരത്തോടൊപ്പം നിലകൊള്ളാൻ ജനങ്ങളോട് പാർട്ടി ആഹ്വാനം ചെയ്തു.

ഒടുവിൽ, ജീവനക്കാർ ഉയർത്തിയ ഡിമാന്റ് അംഗീകരിക്കാൻ ഇരുഗവൺമെന്റുകളും നിർബ്ബന്ധിതമായി. ആന്ധ്രയിൽ അടിസ്ഥാന ശമ്പളത്തിന്റെ 43 ശതമാനംകൂടി ആകെ ശമ്പളത്തോട് ചേർത്തുകൊണ്ട് ശമ്പളസ്കെയിൽ കണക്കാക്കാൻ തീരുമാനിച്ചപ്പോൾ തെലങ്കാന 44 ശതമാനം വർദ്ധന അംഗീകരിച്ചു. 6000 കരാർ ജീവനക്കാരെ സ്ഥിരപ്പെടുത്താനും ധാരണയായി. തൊഴിലാളികൾ സമരരംഗത്ത് ഒറ്റക്കെട്ടായി നിൽക്കുകയും മറ്റുചൂഷിതജനവിഭാഗങ്ങൾ അതിനെ പിന്തുണയ്ക്കുയും ചെയ്താൽ വിജയം സുനിശ്ചിതമാണെന്ന് ഈ സമരത്തിന്റെ ഉജ്ജ്വല വിജയം തെളിയിച്ചു.

ശമ്പളപരിഷ്കരണം നടത്താൻ യാത്രക്കൂലി വർദ്ധിപ്പിക്കേണ്ട ആവശ്യമില്ലെന്ന് വസ്തുതകൾ നിരത്തി എസ്‌യുസിഐ(സി)യും എഐയുടിയുസിയും പ്രചാരണത്തിലുടനീളം സമർത്ഥിക്കുകയുണ്ടായി. ഉന്നതങ്ങളിലെയും വർക്ക്ഷോപ്പ്, സ്പെയർപാർട്സ് വാങ്ങൽ തുടങ്ങിയ മേഖലകളിലെയും അഴിമതിക്കും കെടുകാര്യസ്ഥതയ്ക്കും അറുതിവരുത്തുകയും തിരക്കേറിയ റൂട്ടുകൾ സ്വകാര്യസംരംഭകരെ ഏൽപ്പിച്ചുകൊടുക്കാതെ ദേശസാൽക്കരിക്കുകയും ചെയ്താൽത്തന്നെ അഭിമാനകരമായ ഈ പൊതുമേഖലാസംരംഭത്തിന് നഷ്ടമില്ലാതെ പ്രവർത്തിക്കാനാകും. സമരം വിജയിപ്പിച്ച ജീവനക്കാരെയും പിന്തുണച്ച ജനങ്ങളെയും അഭിവാദ്യം ചെയ്യുന്നതോടൊപ്പം റോഡ് ട്രാൻസ്പോർട്ട് കോർപ്പറേഷനെ സ്വകാര്യവൽക്കരിക്കാനുള്ള ഏതു നീക്കത്തെയും ചെറുത്തുപരാജയപ്പെടുത്താൻ സജ്ജരായിരിക്കാനും ഇരുസംസ്ഥാനങ്ങളിലെയും ജനങ്ങളോട് എസ്‌യുസിഐ(സി)യും എഐയുടിയുസിയും ആഹ്വാനം ചെയ്തു. ●

# കൊടുംചൂടിൽ പൊലിഞ്ഞത് രണ്ടായിരത്തിലേറെ മനുഷ്യജീവൻ

കഴിഞ്ഞ പത്തുവർഷക്കാലത്തിനിടക്കുണ്ടായ ഏറ്റവും കൂടിയ ചൂടിൽ രാജ്യത്ത് മരിച്ചുവീണത് രണ്ടായിരത്തിലേറെപ്പേർ. ബഹുഭൂരിപക്ഷവും ആന്ധ്രാ–തെലങ്കാന സംസ്ഥാനങ്ങളിൽ. ദരിദ്രരും ഭവനരഹിതരും നിർമ്മാണത്തൊഴിലാളികളും കർഷകത്തൊഴിലാളികളുമൊക്കെയാണ് മരിച്ചവരിൽ അധികവും. തൊഴിലുറപ്പുപദ്ധതിപ്രകാരം പണിയെടുക്കുന്നവരും നിരവധിപേർ സൂര്യതാപമേറ്റ് മരിച്ചു. ജീവിക്കാൻവേണ്ടി കൊടുംചൂടിൽ പണിയെടുക്കേണ്ടിവരുന്ന ഇക്കൂട്ടരുടെ മുന്നിൽ മറ്റെന്തു പോംവഴിയുണ്ട്. ചില മുന്നറിയിപ്പുകൾ നൽകിയതൊഴിച്ചാൽ, ഈ അത്യാഹിതം ഒഴിവാക്കാൻ ആന്ധ്രാ, തെലങ്കാന ഗവൺമെന്റുകൾ കാര്യമായൊന്നും ചെയ്തില്ല. സൂര്യതാപമേറ്റ് ചികിത്സ തേടിയെത്തിയവർക്ക് മതിയായ ചികിത്സാസൗകര്യങ്ങളും ഒരുക്കിയില്ല.

ബോധവൽക്കരണപരിപാടികളോ അടിയന്തര ചികിത്സാ സംവിധാനങ്ങളോ ഒന്നും ആരോഗ്യവകുപ്പ് ഒരുക്കിയില്ല. സൂര്യാഘാതം മൂലമുള്ള മരണം മുൻകരുതൽ നടപടികളിലൂടെ ഒഴിവാക്കാവുന്നതാണ്. തലവേദന, തലകറക്കം, അമിതദാഹം, തൊലി വരണ്ടുണങ്ങൽ തുടങ്ങിയ ലക്ഷണങ്ങൾ കണ്ടുതുടങ്ങുമ്പോഴേ ശരീരോഷ്മാവ് കുറയ്ക്കാനുള്ള ഫലപ്രദമായ നടപടികൾ സ്വീകരിക്കണം. ശുദ്ധജലം, തണൽ തുടങ്ങിയ കാര്യങ്ങളും ഏർപ്പാടാക്കണം. കൊടുംചൂടുള്ള സമയത്ത് വിശ്രമം അനുവദിക്കുകയും ബദൽ ജോലികൾ ഏർപ്പാടാക്കുകയും വേണം. ശരീരത്തിലെ ജലാംശത്തിന്റെ അളവ് നിലനിർത്താനാവശ്യമായ പാനീയങ്ങൾ ലഭ്യമാക്കണം. ഇതൊന്നും ചെയ്യാതെ വിലപ്പെട്ട മനുഷ്യജീവനുകൾ നഷ്ടപ്പെടുത്തുകയായിരുന്നു അധികാരികൾ.

തെലങ്കാനയിൽ സംസ്ഥാനരൂപീകരണത്തിന്റെ ഒന്നാംവാർഷികം ആഘോഷിക്കുന്നതിന്റെയും ആന്ധ്രയിൽ തെലുങ്കുദേശം പാർട്ടിയുടെ 37-ാം വാർഷികം ആഘോഷിക്കുന്നതിന്റെയും ഒരുക്കങ്ങളിലായിരുന്നു ഭരണകക്ഷികളുടെ ശ്രദ്ധമുഴുവൻ. സുവർണ്ണ ആന്ധ്രയും സുവർണ്ണ തെലങ്കാനയുമൊക്കെ സൃഷ്ടിക്കുമെന്ന് വീമ്പിളക്കുന്ന ഇക്കൂട്ടർക്ക് കോർപ്പറേറ്റുകളെക്കുറിച്ച് മാത്രമേ ചിന്തയുള്ളൂ. സൂര്യാഘാതമേറ്റ് സാധാരണക്കാർ പിടഞ്ഞുമരിക്കുന്നത് ഇവരെ എങ്ങനെ അലോസരപ്പെടുത്തും?

അടിയന്തരമായി മുൻകരുതൽ നടപടികളിൽ പൊതുജനാരോഗ്യ സംവിധാനങ്ങളും വൈദ്യശുശ്രൂഷയും ഉറപ്പാക്കണമെന്ന് എസ്‌യുസിഐ(സി) ആന്ധ്ര–തെലങ്കാന സംസ്ഥാന ഓർഗനൈസിംഗ് കമ്മിറ്റി ഈ ഗവൺമെന്റുകളോട് ആവശ്യപ്പെട്ടു. കാലാവസ്ഥ സാധാരണനിലയിലാകുന്നതുവരെ ദിവസക്കൂലിക്കാരായ മുഴുവൻ തൊഴിലാളികൾക്കും റേഷനും മറ്റ് അവശ്യസാധനങ്ങളും സൗജന്യമായി നൽകണമെന്നും സൂര്യാഘാതമേറ്റ് മരിച്ചവരുടെ കുടുംബങ്ങൾക്ക് മതിയായ സാമ്പത്തിക സഹായം ഉറപ്പാക്കണമെന്നും പാർട്ടി ആവശ്യപ്പെട്ടു.

ചൂടേറ്റ് ശരീരോഷ്മാവ് ക്രമാതീതമായി ഉയരുകയും ശരീരം തണുപ്പിക്കാനുള്ള ശരീരത്തിന്റെ ശേഷി നഷ്ടപ്പെടുകയും ചെയ്യുന്ന അവസ്ഥയാണ് സൂര്യാഘാതമെന്ന് പറയുന്നത്. ശരീരോഷ്മാവ് 40.6 ഡിഗ്രി സെന്റീഗ്രേഡ് അഥവാ 105.1 ഡിഗ്രി ഫാരൻഹീറ്റ് കവിയുമ്പോൾ ഇത് സംഭവിക്കുന്നു. ശരീരത്തിൽ അണുബാധയോ മറ്റോ ഉണ്ടാകുമ്പോൾ ശരീരം സ്വയം ഊഷ്മാവ് ഉയർത്തുന്ന പനി പോലെയല്ല ഇത്. ജീവഹാനിവരെ സംഭവിക്കാവുന്ന ഗുരുതരമായ അവസ്ഥയാണ്.

ഇത് തടയാനുള്ള മുൻകരുതൽ നടപടികളിൽ പൊതുജനാരോഗ്യ സംവിധാനങ്ങൾ ശ്രദ്ധയൂന്നണമെന്നാണ് വിദഗ്ദ്ധർ ആവശ്യപ്പെടുന്നത്. സൂര്യാഘാതമേൽക്കാൻ സാദ്ധ്യത കൂടിയ വ്യക്തികളെ കണ്ടെത്തൽ, മുന്നറിയിപ്പുകൾ നൽകൽ, അഭയസ്ഥാനങ്ങൾ ഒരുക്കൽ എന്നിവയ്ക്ക് വലിയ പ്രാധാന്യമുണ്ട്. ലക്ഷണങ്ങൾ കണ്ടുതുടങ്ങുമ്പോഴേയുള്ള ചികിൽസകൂടി ഉറപ്പാക്കാൻ കഴിഞ്ഞാൽ അത്യാഹിതം ഒഴിവാക്കാനാകും. അധികാരികൾക്ക് ഇതിലൊക്കെ വല്ല താല്പര്യവുമുണ്ടോ?

വീട്ടിനുള്ളിൽ കഴിഞ്ഞാൽ അപകടം ഒഴിവാക്കാം എന്നത് ശരിതന്നെ. എല്ലാവർക്കും അത് സാദ്ധ്യമാണോ? സമൂഹത്തിന് ആവശ്യമായ കാര്യങ്ങൾ പുറത്തുപോയി പിന്നെ ആരുചെയ്യും? വീട്ടിനുള്ളിൽ ശരീരം തണുപ്പിക്കാനുള്ള സംവിധാനങ്ങൾ എത്രപേർക്കുണ്ട്? മരണം വരിക്കുകയെന്നതാണ് ഭൂരിപക്ഷത്തിന്റെയും മുന്നിലുള്ള മാർഗ്ഗം. ശാസ്ത്രം ഏറെ പുരോഗമിച്ചിട്ടും പോംവഴികൾ കണ്ടെത്തിയിട്ടും അതൊന്നും നമ്മുടെ രാജ്യത്ത് ബഹുഭൂരിപക്ഷത്തിനും പ്രാപ്യമല്ല. ഇതൊക്കെ മനസ്സിലാക്കി ജനങ്ങൾ ശരിയായ മാർഗ്ഗം കണ്ടെത്തുമെന്ന് നമുക്ക് പ്രത്യാശിക്കാം. ●

# എൽപിജി കൺസ്യൂമേഴ്സ് ഫോറം പ്രതിഷേധ മാർച്ച്

കുണ്ടറ മിനി ഗ്യാസ് ഏജൻസിയിലെ ഉപഭോക്താക്കൾ അനുഭവിച്ചുവരുന്ന ബുദ്ധിമുട്ടുകൾക്ക് പരിഹാരം കാണണമെന്നും സുഗമവും സുതാര്യവുമായ സേവനം ഉപഭോക്താക്കൾക്ക് ലഭ്യമാക്കണമെന്നും ആവശ്യപ്പെട്ട് ഐഒസി, ഏജൻസി മാനേജുമെന്റ്, കളക്ടർ എന്നിവർക്ക് നൽകിയ നിവേദനത്തിൽ നടപടി ഉണ്ടാകാത്തതിൽ പ്രതിഷേധിച്ച് എൽപിജി കൺസ്യൂമേഴ്സ് ഫോറം കുണ്ടറ മേഖലാ കമ്മിറ്റിയുടെ ആഭിമുഖ്യത്തിൽ ഏജൻസി ഓഫീസിലേക്ക് മാർച്ചും ധർണ്ണയും നടത്തി. മേഖലാ പ്രസിഡന്റ് വൈ.റോബർട്ടിന്റെ അദ്ധ്യക്ഷതയിൽ ചേർന്ന ധർണ്ണ, ഫോറം കൊല്ലം ജില്ലാപ്രസിഡന്റ് കെ.ഒ.മാത്യു പണിക്കർ ഉദ്ഘാടനം ചെയ്തു. ഷൈല കെ.ജോൺ മുഖ്യപ്രഭാഷണം നടത്തി. ശിവൻ വേളിക്കാട്, കുമ്പളം സോമൻ, കുണ്ടറ ഷെറഫ്, വി.ശിവരാമൻ, സി.സുവർണ്ണ, യേശുദാസ്, ലൈക്ക് പി.ജോർജ്ജ്, എസ്.രാഘവൻ, വി.ആന്റണി തുടങ്ങിയവർ പ്രസംഗിച്ചു. നിവേദനത്തിൽ ഉടനടി പ്രശ്നപരിഹാരമുണ്ടാകുന്നില്ലെങ്കിൽ ശക്തമായ സമരപരിപാടികൾ ആവിഷ്ക്കരിക്കുമെന്ന് ഭാരവാഹികൾ ധർണ്ണയിൽ പ്രഖ്യാപിച്ചു. ●



പ്രതിഷേധ മാർച്ച് എൽപിജി കൺസ്യൂമേഴ്സ് ഫോറം കൊല്ലം ജില്ലാപ്രസിഡന്റ് കെ.ഒ.മാത്യു പണിക്കർ ഉദ്ഘാടനം ചെയ്യുന്നു

## കശുവണ്ടി തൊഴിലാളി സെന്റർ

## സഖാവ് വി.കെ.സദാനന്ദൻ പ്രസിഡന്റ്

കശുവണ്ടി തൊഴിലാളി സെന്റർ(എഐയുടിയുസി) സംസ്ഥാന ജനറൽബോഡിയോഗം കൊല്ലം ശ്രീകണ്ഠൻനായർ സ്മാരകഹാളിൽ ചേർന്നു. പൂട്ടിക്കിടക്കുന്ന ഫാക്ടറികൾ തുറക്കാൻ സർക്കാർ നടപടി സ്വീകരിക്കുക, പുതുക്കിയ മിനിമംകൂലി അട്ടിമറിക്കാൻ മുതലാളിമാരെ അനുവദിക്കരുത് എന്നീ ഡിമാന്റുകളുന്നയിച്ച് പ്രക്ഷോഭണം വളർത്തിയെടുക്കാൻ യോഗം തീരുമാനിച്ചു. സംസ്ഥാനപ്രസിഡന്റായി എഐയുടിയുസി സംസ്ഥാന സെക്രട്ടറി സഖാവ് വി.കെ.സദാനന്ദനെ യോഗം തെരഞ്ഞെടുത്തു. സഖാക്കൾ ഷൈല കെ.ജോൺ, ഡി.സുന്ദരേശൻ(വൈസ്പ്രസിഡന്റുമാർ), സഖാവ് എസ്.രാധാകൃഷ്ണൻ (ജനറൽസെക്രട്ടറി) സഖാക്കൾ ബി.വിനോദ്, പി.ആർ.സതീശൻ (ജോയിന്റ് സെക്രട്ടറിമാർ) എന്നിവരടങ്ങുന്ന 20 അംഗ സംസ്ഥാന കമ്മിറ്റിയെയും യോഗം തെരഞ്ഞെടുത്തു. ●

# അഖിലേന്ത്യാ വിദ്യാർത്ഥിപ്രക്ഷോഭത്തിന് എഐഡിഎസ്ഒയുടെ ആഹ്വാനം

മുതലാളിത്ത വ്യവസ്ഥയ്ക്ക് സഹജവും അപരിഹാര്യവുമായ കമ്പോള പ്രതിസന്ധി പരിഹരിക്കുവാനായി 1990 മുതൽ ലോകമൊട്ടാകെയുള്ള മുതലാളിത്ത ഭരണാധികാരികൾ വിനാശകമായ ആഗോളവൽക്കരണ ഉദാരവൽക്കരണ നടപടികൾ നടപ്പിലാക്കിവരികയാണ്. ഇത് വിദ്യാഭ്യാസത്തിന്റെ സമ്പൂർണ്ണമായ സ്വകാര്യവൽക്കരണത്തിനും വാണിജ്യവൽക്കരണത്തിനും ഇടയാക്കി. ബിജെപിയെന്നോ കോൺഗ്രസ്സെന്നോ മറ്റ് പ്രദേശിക ബൂർഷ്വാ പാർട്ടികളെന്നോ വ്യത്യാസമില്ലാതെ എല്ലാ സർക്കാരുകളും എട്ടാംക്ലാസ്സുവരെ ആൾ പ്രമോഷൻ സമ്പ്രദായം നടപ്പാക്കുകയും പരീക്ഷകൾ അപ്രസക്തമാക്കുകയും ചെയ്തു. ഇതിന്റെ ഫലമായി കുട്ടികളൊന്നും പഠിക്കേണ്ടതില്ലെന്നായി. ദരിദ്രരും താഴെ ഇടത്തരക്കാരുമായ ആളുകൾവരെ തങ്ങളുടെ അവസാനചില്ലിത്തുട്ടും ചെലവഴിച്ചുകൊണ്ട് കുട്ടികളെ സ്വകാര്യസ്കൂളുകളിൽ അയയ്ക്കുവാൻ നിർബന്ധിതരായി. വിദ്യാഭ്യാസമേഖലയിലെ സ്വകാര്യ സംരംഭകരോട് മത്സരിച്ച് സർക്കാർ സ്ഥാപനങ്ങളും ഫീസ് വർദ്ധിപ്പിച്ചു. പിൽക്കാലത്തുകൊണ്ടുവന്ന സെമസ്റ്റർ-ഗ്രേഡിംഗ് സമ്പ്രദായം ഇതിനോടകം തന്നെ അദ്ധ്യാപന-പഠന പ്രക്രിയയെ ഗുരുതരമായി തകർത്തിട്ടുണ്ട്. ഇപ്പോൾ ബിജെപി നയിക്കുന്ന കേന്ദ്രസർക്കാർ നടപ്പിലാക്കാൻ പോകുന്ന ചോയ്സ് ബേയ്സ്ഡ് ക്രെഡിറ്റ് ആന്റ് സെമസ്റ്റർ സിസ്റ്റവും (സിബിസിഎസ്) റൂസയും ഉന്നതവിദ്യാഭ്യാസത്തെ മാരകമായി മുറിവേൽപ്പിക്കും. നമ്മുടെ രാജ്യത്ത് നാമമാത്രമായെങ്കിലും നിലനിൽക്കുന്ന മതേതര-ശാസ്ത്രീയ വിദ്യാഭ്യാസത്തെ തകർക്കുകയെന്ന ലക്ഷ്യത്തോടെ, വിദ്യാഭ്യാസത്തെ കാവിവൽക്കരിക്കാനാണ് കേന്ദ്ര സർക്കാർ ശ്രമിക്കുന്നത്. തങ്ങൾക്കിണങ്ങുംപടി ചരിത്രത്തെ വളച്ചൊടിക്കാനും പാഠപുസ്തകങ്ങൾ തിരുത്തിയെഴുതാനുമാണ് അവർ ശ്രമിക്കുന്നത്. വർഗ്ഗീയതയും അന്ധവിശ്വാസങ്ങളും ഇതിനോടകം സിലബസ്സിൽ ആഴത്തിൽ കടന്നുകയറിയിട്ടുണ്ട്. വിദ്യാഭ്യാസത്തിനുനേരെയുള്ള ആക്രമണമെന്നത് മാനവീകതയ്ക്കുനേരെയുള്ള ആക്രമണമാണ്.

ഈ കുടില നീക്കങ്ങൾക്കെതിരെ എഐഡിഎസ്ഒ ദേശവ്യാപകമായ പ്രക്ഷോഭണം കെട്ടഴിച്ചുവിടും. റാലികൾ, പ്രതിഷേധ പ്രകടനങ്ങൾ, ധർണ്ണകൾ, റോഡ് ഉപരോധം, പോസ്റ്റ് കാർഡ് ക്യാമ്പയിൻ, അഖിലേന്ത്യാ അവകാശ വാരാചരണം, പാർലമെന്റ് മാർച്ച് തുടങ്ങിയ പ്രക്ഷോഭപരിപാടികളുടെ പരിസമാപ്തി കുറിച്ചുകൊണ്ട് 2015 സെപ്തംബർ 8 -ാം തീയതി അഖിലേന്ത്യാ പഠിപ്പുമുടക്ക് നടത്തും. വിദ്യാർത്ഥികൾ, അദ്ധ്യാപകർ, വിദ്യാഭ്യാസ വിചക്ഷണർ, വിദ്യാഭ്യാസ സ്നേഹികൾ ഉൾപ്പെടെയുള്ള മുഴുവൻ ജനങ്ങളും ഈ പ്രക്ഷോഭം വിജയിപ്പിക്കാനാവശ്യമായ എല്ലാവിധ സഹായങ്ങളും നൽകണമെന്നും എഐഡിഎസ്ഒ അഖിലേന്ത്യാ സെക്രട്ടറി സഖാവ് അശോക് മിശ്ര അഭ്യർത്ഥിച്ചു. ●




എഐഡിഎസ്ഒ യുടെ നേതൃത്വത്തിൽ ഡൽഹി യൂണിവേഴ്സിറ്റി വിദ്യാർത്ഥികൾ കേന്ദ്ര സർക്കാരിന്റെ വിദ്യാഭ്യാസ വിരുദ്ധ നടപടികളിൽ പ്രതിഷേധിച്ച് നടത്തിയ പ്രകടനം

# ജനാധിപത്യ സമരങ്ങളെ സംരക്ഷിക്കാൻ ആഹ്വാനം ചെയ്ത് കാലടി സംസ്കൃത സർവ്വകലാശാലയിൽ ചർച്ചാ സമ്മേളനം




കാലടി ശ്രീശങ്കരാചാര്യ സംസ്കൃത സർവ്വകലാശാലയിൽ നടന്ന ചർച്ചാ സമ്മേളനത്തിൽ സഖാവ് മിനി കെ.ഫിലിപ്പ് പ്രസംഗിക്കുന്നു. എം.സി.ജോസഫൈൻ, അഡ്വ. കുൽസുടീച്ചർ, അഡ്വ.ബിന്ദുകൃഷ്ണ, പ്രേമ ജി.പിഷാരടി, കെ.കെ.രമ തുടങ്ങിയവർ വേദിയിൽ

കാലടി ശ്രീശങ്കരാചാര്യ സംസ്കൃത സർവ്വകലാശാലയിൽ റിസർച്ച് സ്കോളേഴ്സ് അസോസിയേഷ(ആർഎസ്എ)ന്റെ ആഭിമുഖ്യത്തിൽ ജനാധിപത്യ സമരങ്ങളെ സംരക്ഷിക്കുക എന്ന വിഷയത്തിൽ ചർച്ചാ സമ്മേളനം സംഘടിപ്പിച്ചു.

ജൂൺ 4 ന് സർവ്വകലാശാല ക്യാമ്പസിൽ സംഘടിപ്പിച്ച ചർച്ചാ സമ്മേളനം മഹിളാ കോൺഗ്രസ്സ് സംസ്ഥാന പ്രസിഡന്റ് അഡ്വ.ബിന്ദുകൃഷ്ണ, സിപിഐ(എം) കേന്ദ്ര കമ്മിറ്റിയംഗവും ജനാധിപത്യ മഹിളാ അസോസിയേഷൻ നേതാവുമായ സഖാവ് എം.സി. ജോസഫൈൻ, വനിതാ ലീഗ് പ്രസിഡന്റ് അഡ്വ. കുൽസുടീച്ചർ, ആർഎംപി സംസ്ഥാന സെക്രട്ടേറിയറ്റംഗം സഖാവ് കെ.കെ.രമ, അഖിലേന്ത്യാ മഹിളാ സാംസ്കാരിക സംഘടന സംസ്ഥാന പ്രസിഡന്റ് സഖാവ് മിനി കെ.ഫിലിപ്പ്, വെൽഫയർ പാർട്ടി സംസ്ഥാന വൈസ്പ്രസിഡന്റ് പ്രേമ ജി.പിഷാരടി, ഡോ.കെ.എം.ഷീബ, ഡോ. കൃഷ്ണകുമാർ, പ്രേമൻ തറവട്ടത്ത്, രാഗേഷ് ബ്ലാത്തൂർ, മനോജ് മാധവൻ, സോബിൻ മഴവീട് തുടങ്ങിയവർ ചർച്ചാ സമ്മേളനത്തിൽ പങ്കെടുത്തു പ്രസംഗിച്ചു.

ആർഎസ്എ കൺവീനർ എസ്. അലീന അദ്ധ്യക്ഷത വഹിച്ച സമ്മേളനത്തിൽ വൈസ്ചെയർപേഴ്സൺ പി.ആർ. അനുരാജി സ്വാഗതവും കവിത കമലാസനൻ നന്ദിയും പറഞ്ഞു.

സാമൂഹ്യമായ കടമകൾ മറന്നുകൊണ്ട് നിശബ്ദരായിരിക്കാൻ ക്യാമ്പസുകൾക്ക് ആവില്ലെന്നും അനീതിയ്ക്കെതിരെ പൊരുതാനുള്ള മനസ്സ് നിലനിർത്തണമെന്നും പ്രസംഗകർ സദസിനോട് അഭ്യർത്ഥിച്ചു.

കാലടി സംസ്കൃത സർവ്വകലാശാലയിലെ ഗവേഷണ വിദ്യാർത്ഥിനികൾ ഹോസ്റ്റൽ റൂം നിഷേധിച്ചതിനെതിരെ നടത്തിയ ഉജ്ജ്വലമായ സമരത്തെ തുടർന്ന് വിദ്യാർത്ഥികൾക്കെതിരെ ജാമ്യമില്ലാ വകുപ്പ് ചുമത്തി കേസെടുക്കുകയും വിദ്യാർത്ഥികളോട് ശത്രുതാപരമായ സമീപനം വച്ചുപുലർത്തുകയും ചെയ്യുന്ന സർവ്വകലാശാല അധികൃതരുടെ നടപടിയെ ചർച്ചാസമ്മേളനം ശക്തമായ ഭാഷയിൽ അപലപിച്ചു. സമരം വിജയിപ്പിക്കുന്നതിൽ ഗവേഷണ വിദ്യാർത്ഥികളുടെ ഐക്യം വലിയ പങ്കാണ് വഹിച്ചതെന്നും വിദ്യാഭ്യാസ വിരുദ്ധ നയങ്ങൾക്കെതിരായ പോരാട്ടത്തിൽ ഈ സമരത്തിന്റെ വിജയം വഴികാട്ടിയാണെന്നും നേതാക്കൾ ചൂണ്ടിക്കാണിച്ചു. ●

# പരിയാരം മെഡിക്കൽ കോളേജിലേയ്ക്ക് ബഹുജന മാർച്ച്

പരിയാരം മെഡിക്കൽ കോളേജ് സർക്കാർ ഏറ്റെടുക്കുക, സ്വാശ്രയ പ്രവേശനം പാടില്ല എന്നീ ആവശ്യങ്ങൾ ഉന്നയിച്ചുകൊണ്ട് പ്രക്ഷോഭ സമിതിയുടെ നേതൃത്വത്തിൽ പരിയാരം മെഡിക്കൽ കോളേജിലേക്ക് ബഹുജന മാർച്ചും പ്രതിഷേധ യോഗവും സംഘടിപ്പിച്ചു. കഴിഞ്ഞ ഒരു മാസത്തിലധികമായി കണ്ണൂർ കലക്ട്രേറ്റിനു മുന്നിൽ പ്രക്ഷോഭ സമിതിയുടെ നേതൃത്വത്തിൽ ഈ ആവശ്യം ഉന്നയിച്ചുകൊണ്ട് അനിശ്ചിതകാല സത്യാഗ്രഹ സമരം നടത്തിവരികയാണ്. സമിതിയുടെ വിവിധ പ്രക്ഷോഭ പരിപാടികളുടെ ഭാഗമായാണ് ബഹുജന മാർച്ചും യോഗവും സംഘടിപ്പിച്ചത്. രാവിലെ 11 മണിയോടെ ഏമ്പേറ്റിൽ നിന്ന് ആരംഭിച്ച മാർച്ച് പരിയാരം മെഡിക്കൽ കോളേജ് കവാടത്തിൽ വച്ച് പോലീസ് തടഞ്ഞു. തുടർന്ന് നടന്ന പ്രതിഷേധ യോഗത്തിൽ പ്രമുഖ വ്യക്തിത്വങ്ങളും വിവിധ സംഘടനാ പ്രതിനിധികളും പങ്കെടുത്തു സംസാരിച്ചു. യോഗം പ്രക്ഷോഭ സമിതി ജനറൽ കൺവീനർ ഡോ: ഡി.സുരേന്ദ്രനാഥ് ഉദ്ഘാടനം ചെയ്തു. “3 വർഷം മുമ്പ് പരിയാരം മെഡിക്കൽ കോളേജ് ഏറ്റെടുക്കുമെന്ന് പ്രഖ്യാപിച്ച ഉമ്മൻ ചാണ്ടി സർക്കാരും ഭരണസമിതിയും തമ്മിൽ ഒത്തുകളി നടത്തുന്നതിന്റെ ഭാഗമായാണ് ഈ വർഷവും സ്വാശ്രയ രീതിയിൽ പ്രവേശനം നടത്തുന്നതെന്ന്” അദ്ദേഹം പറഞ്ഞു. “ആസ്തി ബാധ്യത കണക്കെടുപ്പിന്റെ സാങ്കേതികത്വം പറഞ്ഞ് ഏറ്റെടുക്കൽ വൈകിപ്പിക്കുന്നതും ഇതിന്റെ ഭാഗമായാണ്. ആയിരക്കണക്കിന് വരുന്ന ബഹുജനങ്ങൾ ഈയൊരു ജനകീയാവശ്യം ഉയർത്തി പ്രക്ഷോഭ രംഗത്ത് അണിനിരക്കുന്ന സമയം വിദൂരത്തല്ല” - ഡോ: ഡി.സുരേന്ദ്രനാഥ് പറഞ്ഞു.

പ്രതിഷേധ യോഗത്തിൽ എടക്കാട് പ്രേമരാജൻ അദ്ധ്യക്ഷത വഹിച്ചു. ഫാദർ ജേക്കബ്ബ് ജോസ്, പോൾ റ്റി.സാമുവൽ (ജില്ലാ കമ്മിറ്റി അംഗം, എസ്‌യുസിഐ-കമ്മ്യൂണിസ്റ്റ്), സണ്ണി അമ്പാട്ട് (സിപിഐ-എംഎൽ, ജില്ലാ സെക്രട്ടറി), പി.പി. മോഹനൻ (ആർഎംപി ജില്ലാ സെക്രട്ടറി), സാദിഖ് ഉളിയിൽ (സോളിഡാരിറ്റി), രാജീവൻ കപ്പച്ചേരി, ചന്ദ്രബാബു, കെ.രമേശ്, കെ.രഘു, ചന്ദ്രാംഗതൻ മാസ്റ്റർ തുടങ്ങിയവർ പ്രസംഗിച്ചു. അഡ്വ: വിനോദ് പയ്യട സ്വാഗതവും അഡ്വ. പി.സി. വിവേക് നന്ദിയും പറഞ്ഞു. ബഹുജന മാർച്ചിന് ഫാ: ജെറി, പി.പി. അബൂബക്കർ, മേരി എബ്രഹാം, പ്രൊഫ.മേരി, ഹരി ചക്കരക്കൽ, ഷുഹൈബ്, സതീശൻ, അഡ്വ. സി.വി.നാരായണൻ തുടങ്ങിയവർ നേതൃത്വം നൽകി. ●

# നേപ്പാളിലെ ദുരന്ത മേഖലയിൽനിന്ന് ഒരു റിപ്പോർട്ട്

ഡോ.കെ.ഹരിപ്രസാദ്

**(മെഡിക്കൽ സർവ്വീസ് സെന്റർ കേരള സംസ്ഥാന കോ-ഓർഡിനേറ്റർ ഡോ.ഹരിപ്രസാദ് 2015 മെയ് 19 മുതൽ 29 വരെ ഭൂകമ്പ ദുരിതാശ്വാസ പ്രവർത്തനങ്ങൾ നടത്തുവാനായി നേപ്പാളിൽ ആയിരുന്നു. അദ്ദേഹത്തിന്റെ അനുഭവങ്ങളുടെ ഒരു ലഘു വിവരണം ഇവിടെ കൊടുക്കുന്നു.)**



എസ്‌യുസിഐ(കമ്മ്യൂണിസ്റ്റ്) പാർട്ടി അഖിലേന്ത്യാ തലത്തിൽ സമാഹരിച്ച ദുരിതാശ്വാസ ഫണ്ട് പോളിറ്റ്ബ്യൂറോ അംഗം സഖാവ് കൃഷ്ണ ചക്രവർത്തി മേയ് 22 ന് കാഠ്മണ്ഡുവിൽ വച്ച് യുണൈറ്റഡ് കമ്മ്യൂണിസ്റ്റ് പാർട്ടി ഓഫ് നേപ്പാൾ (മാവോയിസ്റ്റ്) ചെയർമാനും നേപ്പാൾ മുൻപ്രധാനമന്ത്രിയുമായ സഖാവ് പ്രചണ്ഡയ്ക്ക് കൈമാറുന്നു.

മെഡിക്കൽ സർവ്വീസ് സെന്റർ(എംഎസ്‌സി) ദേശീയ തലത്തിൽ പലതരം ദൗത്യങ്ങൾ നിർവ്വഹിച്ചിട്ടുണ്ട്. ഭോപ്പാലിലെ വാതക ദുരന്തത്തിൽപെട്ടവരെ സഹായിക്കുന്നതു മുതൽ നിരവധി ദേശീയ ദുരന്തങ്ങളിൽ ജനങ്ങളോടൊപ്പം നിലകൊണ്ടു. കൊടുങ്കാറ്റ് നാശം വിതച്ച ഒറീസ്സയിലും, ഭൂകമ്പത്തിൽപ്പെട്ട ഗുജറാത്തിലും മേഘസ്ഫോടനം സൃഷ്ടിച്ച മലവെള്ളപ്പാച്ചിലിൽ തകർന്നടിഞ്ഞ ഉത്തരാഖണ്ഡിലും, വെള്ളപ്പൊക്കത്തിൽപ്പെട്ട കാശ്മീരിലുമെല്ലാം ജനങ്ങളോടൊപ്പം നിന്ന് എംഎസ്‌സി പ്രവർത്തിച്ചിരുന്നു.

എന്നാൽ ഒരു അന്തർദേശീയ ദൗത്യം എംഎസ്‌സി ഏറ്റെടുക്കുന്നത് ആദ്യമായിട്ടായിരുന്നു. അത് മേൽപ്പറഞ്ഞവയിൽ നിന്നെല്ലാം വ്യത്യസ്തമാണ്. ഞങ്ങൾക്ക് പ്രവർത്തിക്കാൻ നേപ്പാൾ സർക്കാരിന്റെ അനുമതി തേടണമായിരുന്നു. അങ്ങോട്ട് പോകുവാനും മരുന്നുകൾ കൊണ്ടുപോകുവാനും പലതരം കർശന പരിശോധനകൾ നേരിടേണ്ടതുണ്ടായിരുന്നു. കൂടാതെ ഭൂകമ്പത്തിൽപെട്ട ചെങ്കുത്തായ കുന്നുകളിൽ മലയിടിഞ്ഞ് മാർഗ്ഗ തടസ്സമുണ്ടാകുവാനും സാധ്യതയുണ്ടായിരുന്നു. അങ്ങനെയുള്ള അവസരത്തിൽ മരുന്നു ബാഗുകൾ ചുമന്നുകൊണ്ട് നടക്കേണ്ടി വന്നേക്കാം, കൂടാതെ ആഹാരത്തിനോ താമസത്തിനോ എന്തെങ്കിലുമൊരു ഏർപ്പാട് ഉണ്ടാക്കാനാവുമെന്ന് കരുതാനും വയ്യ. ആ നാട്ടിലെ ജനതയുടെ സഹായവും സഹകരണവും ഇല്ലാതെ അവിടെ ഒന്നും ചെയ്യുവാനും സാധ്യമല്ല. രാഷ്ട്രാതിർത്തിയും ഭാഷാതിർത്തിയും താണ്ടുമ്പോൾ ഇത്തരം പല കടമ്പകളും കടക്കേണ്ടതുണ്ടായിരുന്നു. പലതരം പ്രശ്നങ്ങളെ അതിജീവിച്ചുകൊണ്ടാണ് എംഎസ്‌സിയുടെ ആദ്യസംഘം മെയ് 8-ാം തീയതി നേപ്പാളിൽ കാലൂന്നിയത്. അപ്പോൾ ഞങ്ങളുടെ സഹായത്തിനായി കൂടെ വന്ന ഡാർജിലിംഗ് മേഖലയിലെ എസ്‌യുസിഐ(സി) പ്രവർത്തകർ ഭാഷാ പ്രശ്നത്തെ മറികടക്കുവാൻ സഹായിച്ചു. ഡാർജിലിംങ് ജില്ലയിലെ ഗൂർഖാ മേഖലകളിലെ സംസാര ഭാഷ നേപ്പാളി ആയിരുന്നു. ഈ സഖാക്കളുടെ നേതൃത്വപാടവവും ആളുകളുമായി ഇഴചേർന്ന് പ്രവർത്തിക്കുന്ന രീതിയും ഞങ്ങൾക്ക് സഹായകരമായി.

ഡോ.സുസുവൻഘോഷിന്റെ നേതൃത്വത്തിലുള്ള ആദ്യസംഘം നേപ്പാളിലെത്തുമ്പോൾ അവിടെ സഹായത്തിന് ആരും തന്നെ സമീപ പ്രദേശങ്ങളിലൊന്നും ഉണ്ടായിരുന്നില്ല. താമസസൗകര്യവും ഉണ്ടായിരുന്നില്ല. കുറെയധികം മരുന്നുകളുമായെത്തിയ ആരോഗ്യ പ്രവർത്തകരുടെ ചെറിയ സംഘം ബുദ്ധസന്യാസി മഠങ്ങളിൽ അഭയം തേടി. അവരുടെ സഹകരണത്തോടെ ചില മെഡിക്കൽ ക്യാമ്പുകൾ തുടങ്ങിവച്ചു. എന്നാൽ ഇവരുടെ പ്രവർത്തനങ്ങൾ ബുദ്ധമതക്കാർ താമസിക്കുന്ന മേഖലകളിൽ മാത്രമായി ചുരുങ്ങിയതിനാൽ പുതിയ ബന്ധങ്ങൾ തേടേണ്ടിവന്നു. അതിനാൽ ചില ആശുപത്രികളുമായും ആരോഗ്യ പ്രവർത്തകരുമായും ബന്ധം സ്ഥാപിച്ചു. കാഠ്മണ്ഡുവിലെ ആർമി ക്യാമ്പും ഞങ്ങൾക്ക് പലവിധ സഹായങ്ങളും ചെയ്തു തന്നു. ആദ്യ സംഘത്തിന്റെ ബേസ് ക്യാമ്പ് 'സേനാ ചൗഹ്കുനി'യിൽ 'സ്വയംഭു' എന്ന സ്ഥലത്ത് ആരംഭിച്ചു. ആ സംഘം പലവിധ പ്രതിസന്ധികളെയും അതിജീവിച്ചാണ് അവിടെ പ്രവർത്തനങ്ങൾ നടത്തിയിരുന്നത്. അവർ 'ജുഗു' എന്ന പ്രദേശത്ത് ക്യാമ്പ് ആരംഭിച്ചപ്പോൾ കെട്ടിയ ഒരു കൂടാരം ഭീകരമായൊരു മഴയിൽ തകർന്നതിനാൽ മഴയത്ത് നനഞ്ഞ വസ്ത്രങ്ങളുമായി അവർക്ക് കൊടുംശൈത്യത്തിൽ കഴിയേണ്ടിവന്നു. മറ്റൊരവസരത്തിൽ ജുഗുവിൽ നിന്നും 'ചാരിക്കോട്ടി'ലേയ്ക്ക് പോകുമ്പോൾ മലമ്പാതയിൽ വച്ച് ജീപ്പിന്റെ ഹെഡ്‌ലൈറ്റ് എരിഞ്ഞു പോയതിനെ തുടർന്ന് പലരുടെയും കൈയ്യിലുള്ള ടോർച്ച് തെളിച്ച് കുറെ ദൂരം സഞ്ചരിക്കേണ്ടി വന്നു. മറ്റൊരവസരത്തിൽ മലമ്പാതയിലെ സൈൻ ബോർഡുകൾ നഷ്ടപ്പെട്ടതിനാൽ ചൈനാ ബോർഡറിലേയ്ക്ക് അറിയാതെ എത്തിപ്പെട്ടു. ഏകദേശം 50 കിലോമീറ്ററോളം ദൂരത്തിൽ മനുഷ്യവാസ പ്രദേശങ്ങളെല്ലാം ഭൂകമ്പത്തിൽ നശിച്ചതിനാൽ അവർക്ക് വഴിതെറ്റിയെന്നറിഞ്ഞിട്ടും ശരിയായ വഴി ചോദിച്ചറിയുവാൻ ഒരാളെയും കണ്ടുകിട്ടിയില്ല. ഇങ്ങനെയുള്ള പലതരം വൈതരണികൾ താണ്ടി മുന്നേറിയതിനുശേഷമാണ് ഈ ടീമുകൾ ചാരിക്കോട്ടിലെത്തിയത്. ഡോ.അംശുമാൻ മിത്രയുടെയും ഡോ. സാംസ് മുസാഫിറിന്റെയും നേതൃത്വത്തിലുള്ള ടീമുകളും അവിടെ പ്രവർത്തനത്തിനായെത്തി.

നാലാം ടീമിന്റെ ഇൻചാർജ്ജായിട്ടാണ് ഞാൻ അവിടെ എത്തിയത്. തലസ്ഥാന നഗരിയിലെ ചില കെട്ടിടങ്ങൾ കേടുപാടുകളില്ലാതെ അവശേഷിച്ചിരുന്നു. എന്നാൽ പല പഴയ കെട്ടിടങ്ങളും തകർന്നു വീണതിനാൽ ജനങ്ങൾ പാതയോരത്തും മൈതാനങ്ങളിലും കൂടാരങ്ങൾ നിർമ്മിച്ച് താമസം തുടങ്ങിയിരുന്നു. അവിടെ പണക്കാരും പാവപ്പെട്ടവരും ഭക്ഷണമുൾപ്പെടെയുള്ള വസ്തുക്കൾ കൈമാറി സഹകരണത്തോടെ കഴിയുന്നത് കാണാനായി.

ഞങ്ങളുടെ ടീമിന്റെ ആദ്യത്തെ ക്യാമ്പ് 'ആർപ്പേട്ട്' എന്ന ഗ്രാമത്തിലായിരുന്നു. ആ ഗ്രാമത്തിൽ 610 സാധാരണ വീടുകളും 171 ഉറപ്പുള്ള വീടുകളും 3 സ്ക്കൂളുകളും 4 ക്ഷേത്രങ്ങളും ഭൂകമ്പത്തിൽ തകർന്നുപോയിരുന്നു. ക്യാമ്പിൽ വന്നവരിൽ എല്ലാവരും തന്നെ വയറ്റിൽ തീയെരിയുന്നതുപോലെയുള്ള തോന്നലുള്ളതായും വല്ലാത്ത ഭീതി അനുഭവിക്കുന്നതായും പറഞ്ഞു. പിറ്റേന്ന് ഞങ്ങൾവിമാനത്താവളത്തിനു സമീപത്ത് വാസ്തുഹാരകൾ താമസിക്കുന്ന ഒരു ചേരിയിൽ ക്യാമ്പ് നടത്തി. വിമാനത്താവളത്തിന് സമീപം അത്തരം ദുർഗന്ധം വമിക്കുന്ന ചേരിയുണ്ടാകുമെന്ന് ആരും കരുതിയിരുന്നില്ല. ഞങ്ങൾ താമസിച്ചിരുന്ന ദാംദേല്ഡ ചൗക്കിൽ ഞങ്ങളോടൊപ്പം ആ ദിവസങ്ങളിൽ എസ്‌യുസിഐ(സി) പോളിറ്റ്ബ്യൂറോ അംഗം സഖാവ് കൃഷ്ണചക്രവർത്തി ഉണ്ടായിരുന്നു. അദ്ദേഹം ദേശത്തിന്റെ അതിരുകൾ കടന്ന് മനുഷ്യർ പരസ്പരം സ്നേഹിക്കേണ്ടതിന്റെ പ്രാധാന്യത്തെപ്പറ്റി വിശദീകരിച്ചു. നിങ്ങളുടേത് സാഹസികമായ പ്രവർത്തമല്ലെന്നു സാഹസികത എപ്പോഴും അപകടത്തെ ക്ഷണിച്ചുവരുന്നതാണെന്നും നിങ്ങൾ ബോധപൂർവ്വമുള്ള ഉദ്യമത്തിന്റെ വക്താക്കളാണെന്നും അദ്ദേഹം (Not adventure but venture) ഓർമ്മിപ്പിച്ചു.

മരുന്നുകൾ സംഭരിക്കുന്നതിലും ക്യാമ്പുകൾ നടത്തുന്നതിലും മറ്റും ഞങ്ങളെ നേപ്പാളിൽ സഹായിച്ചത് ആൾ നേപ്പാൾ പ്രോഗ്രസീവ് പബ്ലിക്ക് ഹെൽത്ത് വർക്കേഴ്സ് അസോസിയേഷൻ (ANPPHWA) എന്ന സംഘടനയായിരുന്നു. അത് നേപ്പാളിലെ ഒരു കമ്മ്യൂണിസ്റ്റ് പാർട്ടിയുടെ മുന്നണി സംഘടനയായിരുന്നു. ഞങ്ങളുടെ പക്കലുള്ള മെഡിസിനുകൾ ജുഗു എന്ന സ്ഥലത്തായതിനാലും ചാരിക്കോട്ട് എന്ന സ്ഥലത്ത് ഒരു ഓർത്തോപിഡിക്ക് ക്യാമ്പ് നടത്തേണ്ടതുള്ളതിനാലും മെയ് 25 ന് രാവിലെ അവിടേക്ക് പോകുവാനായി ഞങ്ങൾ തീരുമാനിച്ചു. അതിനായി രാവിലെ തന്നെ ഞങ്ങൾ തയ്യാറായെത്തിയെങ്കിലും വണ്ടികൾ എത്തിയിരുന്നില്ല. ചില പ്രദേശങ്ങളിൽ തകർന്ന ഗ്രാമങ്ങൾ പുനർനിർമ്മിക്കുന്നതിനായി അവരുടെ സംഘത്തിന് പോകുവാനുള്ള രണ്ടു വണ്ടികൾ മാത്രമേ അവിടെ തയ്യാറായിരുന്നുള്ളൂ. കൂടാതെ കെട്ടിടാവശിഷ്ടങ്ങൾ പെറുക്കിമാറ്റുന്ന ജോലിയിലേർപ്പെടുന്നതിനാലാവാം അവർക്കെല്ലാം നടുവേദനയും ശരീരവേദനയും അനുഭവപ്പെട്ടിരുന്നു.

ഒടുവിൽ ഞങ്ങളുടെ വാഹനമെത്തിയപ്പോൾ എല്ലാവർക്കും യാത്രചെയ്യാനുള്ള സീറ്റുകൾ ഇല്ലായിരുന്നു. ടീമിൽ മൂന്നുപേർ ചാരിക്കോട്ടേക്ക് ബസ്സിൽ എത്താമെന്ന ധാരണയിൽ യാത്ര തുടങ്ങി. നേരം വൈകിയെങ്കിലും ആരും പ്രാതൽ കഴിച്ചിരുന്നില്ല. നാലു മണിക്കൂറോളം സഞ്ചരിച്ച് ചാരിക്കോട്ട് എത്തിയപ്പോൾ അവിടെ ഓർത്തോക്യാമ്പ് സംഘടിപ്പിച്ചിട്ടില്ലായിരുന്നു. ഒടുവിൽ ഞാൻ തിരിച്ചുപോകുന്നതിന് മുമ്പ് അവിടെ അങ്ങനെയൊരു ക്യാമ്പ് സംഘടിപ്പിക്കാമെന്നവർ സമ്മതിച്ചു. കുന്നുകളുടെ മധ്യത്തിലുള്ള ആ പട്ടണത്തിന്റെ ഹൃദയ ഭാഗത്ത് എപ്പോഴും ശക്തമായ കാറ്റ് വീശിക്കൊണ്ടിരിക്കുന്നുണ്ടായിരുന്നു. എന്നാൽ ഭൂകമ്പത്തിന് ശേഷം ഇവിടെ വീശുന്ന ശക്തമായ കാറ്റിൽ മണ്ണും പൊടിയും നിറഞ്ഞിരുന്നു. ഭക്ഷണശേഷം ഞങ്ങൾ ജുഗുവിലേക്ക് പുറപ്പെടാൻ തീരുമാനിച്ചു. അപ്പോഴും മൂന്നുപേരുടെ യാത്ര പ്രതിസന്ധിയിലായി. ഇത്തവണ അവരുടെ സംഘം രണ്ടുബൈക്കുകൾ സംഘടിപ്പിച്ച് ജുഗുവിലെത്താമെന്ന് സമ്മതിച്ചു. വണ്ടിക്കാരനോട് നേരത്തെ പറഞ്ഞുറപ്പിച്ച സമയം കഴിഞ്ഞതിനാൽ അയാൾ വളരെ അസ്വസ്ഥനായിരുന്നു. ജുഗുവിലേയ്ക്ക് പോകുമ്പോൾ വഴിമധ്യേ മലയിടിഞ്ഞുവീണ് ഗതാഗതം തടസ്സപ്പെട്ടിരിക്കുകയാണെന്ന് അദ്ദേഹം അറിയിച്ചു. അതിനാൽ മറ്റൊരു വഴിയിലൂടെ വണ്ടി തിരിച്ചുവിട്ടു. അരമണിക്കൂറിന് ശേഷം കാഠ്മണ്ഡുവിൽ കൊടുങ്കാറ്റും മഴയും ഉണ്ടായി എന്നതിനാൽ അയാൾ ഞങ്ങളെ 'മാർഭൂ' എന്ന സ്ഥലത്തിറക്കി. അൽപ്പസമയത്തിനുള്ളിൽ അവിടെയും ശക്തമായ മഴയും കാറ്റും തുടങ്ങി. ഞങ്ങൾ അധികം കേടുപാടില്ലാത്ത ഒരു വീട്ടിൽ അഭയം പ്രാപിച്ചു. എന്നാൽ അതിന്റെ ഒരു ഭാഗം ഇടിഞ്ഞു വീഴാൻ സാധ്യതയുള്ളതിനാൽ അപകട സാധ്യത കുറഞ്ഞ സ്ഥലത്തേയ്ക്ക് മാറി നിൽക്കേണ്ടിവന്നു. ഈ സ്ഥലത്തെ മഴയും ശീതക്കാറ്റും മൂലം പലരും തണുത്തു വിറയ്ക്കുന്നുണ്ടായിരുന്നു. മഴ കുറഞ്ഞപ്പോൾ ആ വീടിന്റെ ഉടമസ്ഥനും സ്ക്കൂളധ്യാപകനുമായ കൃഷ്ണപ്രസാദ് ഞങ്ങളെ സഹായിക്കാൻ അവിടെ എത്തി. ഞങ്ങൾക്ക് ഒന്നിലധികം വീടുകളിലായി രാത്രി കഴിച്ചുകൂട്ടാൻ സ്ഥലവും ഭക്ഷണവും നൽകി. ഭക്ഷണശേഷം ആടുമാടുകളും മനുഷ്യരും ഒന്നിച്ചുകഴിയുന്നതും നിവർന്നു നിൽക്കു

(ശേഷം 7-ാംപേജിൽ)



കൊച്ചിൻ റിഫൈനറി എംപ്ലോയീസ് അസോസിയേഷൻ സംഘടിപ്പിച്ച 'കുടുംബസംഗമം 2015'-വേദിയിൽവച്ച് നേപ്പാൾ ദുരിതാശ്വാസത്തിനായി സമാഹരിച്ച മരുന്നുകളും ഫണ്ടും ജനറൽ സെക്രട്ടറി പി.എൻ.സുരേന്ദ്രൻ നായർ, മെഡിക്കൽ സർവ്വീസ് സെന്റർ സംസ്ഥാന കോ-ഓർഡിനേറ്റർ ഡോ. കെ.ഹരിപ്രസാദിന് കൈമാറുന്നു. വേദിയിൽ എൻ.ആർ.മോഹൻകുമാർ, പി.പ്രവീൺകുമാർ, പി.പി.സജീവ്കുമാർ, ജോസഫ് ഡെന്നീസ്, എസ്.സുബ്രഹ്മണ്യൻ എന്നിവർ.

# ചെങ്ങറയിൽ പ്രചോദന സംഘടിപ്പിച്ച കുട്ടികളുടെ ക്യാമ്പ്



ചെങ്ങറ സമരഭൂമിയിൽ നടന്ന
കുട്ടികളുടെ ക്യാമ്പിൽ നിന്ന് ഒരു ദൃശ്യം

'**നാ**ടിൻ ശ്രേഷ്ഠം സന്താനങ്ങളാക നാം' എന്ന ആദർശവാക്യമുയർത്തിക്കൊണ്ട് സംസ്ഥാനതലത്തിൽ പ്രവർത്തിക്കുന്ന കുട്ടികളുടെ പ്രസ്ഥാനമായ പ്രചോദനയുടെ ആഭിമുഖ്യത്തിൽ മേയ് 24ന് ചെങ്ങറ സമരഭൂമിയിൽ കുട്ടികളുടെ ഏകദിന ക്യാമ്പ് നടന്നു. എഐഡിഎസ്ഒ സംസ്ഥാന പ്രസിഡന്റ് ഇ.എൻ.ശാന്തിരാജ് ക്യാമ്പ് ഉദ്ഘാടനം ചെയ്തു. എഐഎംഎസ്എസ് സംസ്ഥാന പ്രസിഡന്റ് മിനി കെ. ഫിലിപ്പ് മുഖ്യാതിഥിയായിരുന്നു. ഉറൂബിന്റെ കൃതികളെ പരിചപ്പെടുത്തിക്കൊണ്ട് അപർണ്ണ ആർ. ക്ലാസെടുത്തു. സംഗീത ശിൽപ്പശാലക്ക് രേവതി തോമസും ചിത്രകലാ ശിൽപ്പശാലക്ക് ബിനുബേബിയും നേതൃത്വം നൽകി. എസ്. രാധാമണി, ലിജ, ഉണ്ണിമായ തുടങ്ങിയവർ സംസാരിച്ചു. ഉദ്ഘാടന സമ്മേളനത്തിൽ ആർ ജതിനും സമാപന സമ്മേളനത്തിൽ രാഖിയും അദ്ധ്യക്ഷത വഹിച്ചു. ●

# ചെങ്ങറ സമരഭൂമിയിൽ അംഗൻവാടി പ്രവർത്തനം ആരംഭിച്ചു



അംഗൻവാടിയുടെ ഉദ്ഘാടനം ഡോ.ഗീവർഗീസ് മാർ കൂറിലോസ് മെത്രാപ്പോലീത്ത നിർവ്വഹിക്കുന്നു. ചെങ്ങറ സമരനായകൻ ളാഹഗോപാലൻ സമീപം

**ചെ**ങ്ങറ സമരഭൂമിൽ സാധുജന വിമോചന സംയുക്ത വേദി പ്രവർത്തകരുടെ മുൻകൈയ്യിൽ നിർമ്മിച്ച പുതിയ കെട്ടിടത്തിൽ അംഗൻവാടി പ്രവർത്തനം ആരംഭിച്ചു. ജൂൺ 4 ന് ഡോ. ഗീവർഗീസ് മാർ കൂറിലോസ് മെത്രാപ്പോലീത്ത അംഗൻവാടി ഉദ്ഘാടനം ചെയ്തു. വിദ്യാഭ്യാസം ചെയ്യുക, പ്രതിഷേധിക്കുക, വിമോചിതരാകുക എന്ന ഡോ. ബി.ആർ. അംബേദ്ക്കറുടെ ആഹ്വാനം സാർത്ഥകമാകുന്നത് ചെങ്ങറ സമരത്തിലൂടെയാണെന്നും സർക്കാർ സഹായമില്ലാതെ സമരപ്രവർത്തകർ നിർമ്മിച്ച കെട്ടിടവും അംഗൻവാടിയും ഇക്കാര്യം ഒരിക്കൽകൂടി തെളിയിച്ചിരിക്കുകയാണെന്നും അദ്ദേഹം പറഞ്ഞു. ചെങ്ങറ സമരനേതാവ് ളാഹ ഗോപാലൻ മുഖ്യപ്രഭാഷണം നടത്തി. ബോസ് ചിറ്റാർ അദ്ധ്യക്ഷത വഹിച്ച ഉദ്ഘാടന സമ്മേളനത്തിൽ എസ്.രാജീവൻ, മാണികുളം അച്യുതൻ, എസ്.രാധാമണി, ബേബി ചെരിപ്പിട്ടകാവ് തുടങ്ങിയവർ പ്രസംഗിച്ചു. ചുവരുകൾ ചിത്രങ്ങൾ കൊണ്ട് അലങ്കരിച്ച അംഗനവാടിയിൽ കുട്ടികൾക്കുള്ള കളിപ്പാട്ടങ്ങളും സൈക്കിളുകളും ഒരുക്കിയിട്ടുണ്ട്. ●



ഉദ്ഘാടന ചടങ്ങിൽ പങ്കെടുത്തവർ

# നേപ്പാളിലെ ദുരന്തബാധിതർക്ക് സാന്ത്വനമായി മെഡിക്കൽ സർവ്വീസ് സെന്റർ

*(6-ാം പേജിൽ നിന്ന്)*

വാൻ പറ്റാത്തതുമായ ചെറിയ കുടിലുകളിൽ ഞങ്ങൾ കഴിച്ചുകൂട്ടി. രാവിലെ വിളിച്ചുണർത്തി ഉപ്പിട്ട ചായ നൽകി. ഇതിനിടെ ഞങ്ങളുടെ നേപ്പാൾ സുഹൃത്തുക്കൾ ഒരു ബൈക്കിൽ ജുഗുവിൽ നിന്ന് കുറച്ചു മരുന്നുകളുമായെത്തി. അവിടെ രാവിലെ ഒരു മെഡിക്കൽ ക്യാമ്പ് തുടങ്ങി. മുന്നറിയിപ്പില്ലാതെ നടത്തിയ ക്യാമ്പ് ആയിരുന്നെങ്കിലും 140-തിലധികം രോഗികൾ അവിടെ എത്തിയിരുന്നു.

അതിനുശേഷം ജുഗുവിൽ നിന്നും മുഴുവൻ മരുന്നുകളുമായി ദോലക്ക എന്ന സ്ഥലത്ത് എത്തി. മിലിട്ടറിയുടെ സഹായത്തോടെ ക്ഷേത്രപാ എന്ന സ്ക്കൂളിൽ താമസിച്ചു. എന്നാൽ അന്നത്തെ ക്യാമ്പ് അവസാനിക്കുമ്പോൾ തൊട്ടടുത്തുള്ള ദിവസങ്ങളിൽ അടുത്ത് എവിടെയെങ്കിലും ക്യാമ്പ് സംഘടിപ്പിക്കുവാൻ പറ്റുമോ എന്നകാര്യത്തിൽ അനിശ്ചിതാവസ്ഥയിലായിരുന്നു.

എഎൻപിപിഡബ്ല്യുഎയുടെ കേന്ദ്രനേതൃത്വത്തിന്റെ സഹായത്തോടെ ആരോഗ്യ മന്ത്രാലയവുമായി ബന്ധപ്പെട്ട ക്യാമ്പുകൾ തുടരുവാൻ തീരുമാനിച്ചു. അന്ന് രാത്രി ഞങ്ങൾക്ക് താമസിക്കുവാനായി മുൻ ആരോഗ്യമന്ത്രി ഗിരിലാൽ മണിപോക്രേലിന്റെ വീട്ടിൽ സ്ഥലവും തന്നു. 30-ാം തീയതിയോടെ ഞങ്ങളുടെ അവിടുത്തെ പ്രവർത്തനങ്ങൾ അവസാനിപ്പിക്കുവാൻ തീരുമാനിച്ചതിനാൽ ഞങ്ങൾ ഇന്ത്യയുടെ പലഭാഗത്തുനിന്നും നേപ്പാളിലെ ദുരന്തബാധിതർക്കായി സമാഹരിച്ച മരുന്നുകൾ അവരുടെ സംഘടനയ്ക്ക് നൽകുവാൻ തീരുമാനിച്ചതായി അവരെ അറിയിച്ചു. പിറ്റേന്ന് അവർ സംഘടിപ്പിച്ച ഒരു ചടങ്ങിൽ വച്ച് നാഷണൽ അക്കാദമി ഓഫ് മെഡിക്കൽ സയൻസിലെ അസ്ഥിവിഭാഗം മേധാവിയായ പ്രൊഫ. ശ്രീകൃഷ്ണഗിരിക്ക് മരുന്നുകൾ കൈമാറി. മറുപടി പ്രസംഗത്തിൽ അവർ നേപ്പാളിൽ നടത്തുന്ന പുനരധിവാസ പ്രവർത്തനങ്ങളെ അഭിനന്ദിക്കുകയും അവരുടെ പാർട്ടി ആന്റി ഇംപീരിയലിസ്റ്റ് ഫോറത്തിലും മറ്റ് ഫോറങ്ങളിലും സഹകരിക്കുന്നത് വളരെ വിലപ്പെട്ടതാണെന്ന് എടുത്തുപറയുകയും ചെയ്തു. ഇരുസംഘടനകളും തമ്മിലുള്ള ബന്ധം കൂടുതൽ ദൃഢീകരിച്ച് തുടരണമെന്നും ഞങ്ങൾ അഭ്യർത്ഥിച്ചു. തുടർന്നുള്ള ദിവസങ്ങളിൽ ഞങ്ങൾ ഒരുമിച്ച് നടത്തിയ ക്യാമ്പിൽ പങ്കെടുത്ത വളരെയധികം ആരോഗ്യപ്രവർത്തകർ അടുത്ത ദിവസം കീർത്തിപൂറിൽ നടത്തിയ ക്യാമ്പിൽ എത്തുകയും ക്യാമ്പ് അവസാനിച്ചപ്പോൾ ഒരു വലിയ ചടങ്ങിൽ ഞങ്ങളെ ആദരിക്കുകയും പ്രത്യേക അലങ്കാരപ്പണികളോടുകൂടിയ പട്ടിന്റെ ഷാൾ അണിയിക്കുകയും ചെയ്തു.

ദുരന്തഭൂമിയിൽ നേരിടേണ്ടിവന്ന വൈതരണികൾ അവിടുത്തെ സാധാരണജനങ്ങൾ അനുഭവിച്ച കഷ്ടപ്പാടുകളുമായി തട്ടിച്ചുനോക്കുമ്പോൾ എത്ര നിസ്സാരമാണെന്ന് ഞങ്ങൾ തിരിച്ചറിഞ്ഞു. രാജ്യാതിർത്തികളെ നിഷ്പ്രഭമാക്കുന്ന ജനങ്ങളുടെ പരസ്പര സ്നേഹത്തിന്റെ ഊഷ്മളത കൂടുതൽ സമർപ്പിതമായ പ്രവർത്തനങ്ങൾക്കുള്ള ഊർജ്ജം ഞങ്ങളിൽ നിറച്ചു. ●







നേപ്പാളിൽ മെഡിക്കൽ സർവ്വീസ് സെന്റർ (എംഎസ്‌സി) നടത്തിയ വിവിധ മെഡിക്കൽ ക്യാമ്പുകളുടെ ചില ദൃശ്യങ്ങൾ

ഫാസിസത്തിനെതിരായ വിജയം

# അമേരിക്കയ്ക്കും ബ്രിട്ടനും ഫ്രാൻസിനും നാസി ആക്രമണത്തെ ചെറുക്കാൻ കഴിഞ്ഞില്ല

(1-ാം പേജിൽ നിന്ന്)

പ്രക്രിയ ഊർജ്ജിതമാക്കി. 1924-ൽ ലെനിൻ അന്തരിച്ചപ്പോൾ, ഈ കർത്തവ്യം മുന്നോട്ടു കൊണ്ടുപോകുവാനും, എല്ലാ ഏറ്റുമുട്ടലുകളും തടസ്സങ്ങളും തരണം ചെയ്ത്, ഉദിച്ചുയർന്നു വരുന്ന സോഷ്യലിസത്തെ സംരക്ഷിക്കുവാനും, പിന്തിരിപ്പൻ ശക്തികളുടെ എല്ലാ തന്ത്രങ്ങളേയും പൊളിച്ചു കാട്ടുവാനും ഒക്കെയുള്ള ഉത്തരവാദിത്തം, ലെനിന്റെ ഏറ്റവും വിശ്വസ്തനായ അനുയായിയും സഖാവുമായ സ്റ്റാലിന്റെ ചുമലിലാണ് വീണത്. സ്റ്റാലിനാണ് ലെനിനിസത്തിന് അടിത്തറ നൽകിയത്. സാമ്രാജ്യത്വത്തിന്റെയും തൊഴിലാളിവർഗ്ഗ വിപ്ലവത്തിന്റെയും കാലഘട്ടത്തിലെ മാർക്സിസമാണ് ലെനിനിസം എന്ന് അദ്ദേഹം കാട്ടിത്തന്നു. അതേസമയം തന്നെ, ജീവിതത്തിന്റെ എല്ലാ മേഖലകളിലും കണ്ണഞ്ചിപ്പിക്കുന്ന പുരോഗതി നേടിയെടുത്തുകൊണ്ട്, അതിവേഗത്തിൽ സോഷ്യലിസത്തെ ശക്തിപ്പെടുത്തുവാൻ സോവിയറ്റ് യൂണിയനിലെ മുഴുവൻ ജനങ്ങളേയും ഉണർത്തിയെടുത്തു. മാർക്സിസം-ലെനിനിസത്തിന്റെ ആദർശങ്ങൾ പുതിയ ഉയർന്ന തൊഴിലാളിവർഗ്ഗ നൈതികത സംസ്കാരം എന്നിവയാൽ ഉത്തേജിതരായി, സാമൂഹികമായ കടമകളേയും ഉദ്ദേശങ്ങളേയും പറ്റി അഭൂതപൂർവ്വമായ ധാരണകൾ പ്രതിഫലിപ്പിച്ച ജനങ്ങൾ, പൂർണ്ണമനസ്സോടെ സ്റ്റാലിന്റെ ആഹ്വാനം ഏറ്റെടുത്തു. കഷ്ടിച്ച് രണ്ട് ദശകങ്ങളുടെ സമയം കൊണ്ടുതന്നെ, വ്യവസായവൽക്കരണത്തിലും വിള ഉൽപ്പാദനത്തിലും വികസിത മുതലാളിത്ത രാഷ്ട്രങ്ങളെ പോലും സോവിയറ്റ് യൂണിയൻ മറികടന്നു. ജനങ്ങളുടെ ജീവിതനിലവാരം ക്രമമായി ഉയർന്നു; വിലകളിൽ വമ്പിച്ച കുറവുണ്ടായി; തൊഴിലില്ലായ്മ, യാചകവൃത്തി, വേശ്യാവൃത്തി, തുടങ്ങി മുതലാളിത്തസമൂഹത്തിന്റെ വ്യാധികൾ പഴങ്കഥകളായി. സോഷ്യലിസത്തെ തകർക്കുവാനായി സോവിയറ്റ് പാർട്ടിക്കുള്ളിൽ നിന്നു തന്നെയുള്ള അധിക്ഷേപകരുടെയും വർഗ്ഗവഞ്ചകരുടെയും കുടിലതന്ത്രങ്ങളെ സ്റ്റാലിൻ കർശനമായി നേരിട്ടു. അതോടൊപ്പം, മാർക്സിസം-ലെനിനിസത്തിന്റെ അന്തസത്ത എല്ലാതരത്തിലുമുള്ള തിരുത്തൽവാദ വ്യതിയാനങ്ങളിൽ നിന്നും വളച്ചൊടിക്കലിൽ നിന്നും സംരക്ഷിക്കുവാനായി തീക്ഷ്ണമായ ആശയസമരം അക്ഷീണം നടത്തി.

### സോവിയറ്റ് സോഷ്യലിസത്തിന് രണ്ട് ദശകം മാത്രം പ്രായമുള്ളപ്പോൾ രണ്ടാം ലോകമഹായുദ്ധം പൊട്ടിപ്പുറപ്പെട്ടു

എന്നാൽ, സോവിയറ്റ് യൂണിയനിൽ സോഷ്യലിസം ശക്തമായ വേരോട്ടം നേടുമ്പോൾ, ലോക കമ്മ്യൂണിസ്റ്റ് മുന്നേറ്റം കരുത്തു നേടുമ്പോൾ, ജർമ്മനിയിലും ഇറ്റലിയിലും ഉയർന്നുവന്ന ഫാസിസത്തിന്റെ ഭീഷണിയിലായി ലോകം. മറ്റൊരു വിനാശകാരിയായ ലോകയുദ്ധത്തിന്റെ കാർമേഘങ്ങൾ ഉരുണ്ടുകൂടിത്തുടങ്ങി. ലെനിൻ വളരെമുമ്പേ ചൂണ്ടിക്കാട്ടിയിരുന്നു, സാമ്രാജ്യത്വം വിപണികൾ കൈയ്യടക്കാനും നിയന്ത്രിക്കുവാനുമായി യുദ്ധം സൃഷ്ടിക്കും. അദ്ദേഹം വിശദീകരിച്ചത്, ഒന്നാം ലോകമഹായുദ്ധം രണ്ട് യുദ്ധചേരികൾക്കും സാമ്രാജ്യത്വപരമായിരുന്നു (അതായത്, പിടിച്ചടക്കാനും, പിടിച്ചുപറിക്കാനും, കൊള്ളയടിക്കാനുമുള്ള യുദ്ധം); അത് ലോകം വിഭജിക്കുന്നതിനുള്ള യുദ്ധമായിരുന്നു; കോളനികളും, സാമ്പത്തികമൂലധനത്തിന്റെ സ്വാധീന മേഖലകളും, വിഭജിക്കുവാനും പുനർവിഭജിക്കുവാനുമുള്ള യുദ്ധം. രണ്ടാം ലോകമഹായുദ്ധത്തിലും, ജർമ്മനിയുടെയും ഇറ്റലിയുടെയും (പിന്നീട് കൂടിച്ചേർന്ന ജപ്പാനും) ഫാസിസ്റ്റ് അച്ചുതണ്ടിന്റെയും ലക്ഷ്യവും അതുതന്നെയായിരുന്നു - ലോകകമ്പോളത്തെ തോക്കിൻമുനയിലൂടെ പിടിച്ചെടുത്ത് സ്വന്തം ആധിപത്യത്തിനു കീഴിലാക്കുക. വംശീയ മേൽക്കോയ്മയുടെ സിദ്ധാന്തവും, തീവ്രദേശീയവാദവും ആളിക്കത്തിച്ച്, പുരോഗമനപരമായ മുദ്രാവാക്യങ്ങളുയർത്തി ജർമ്മൻ ജനതയുടെ ഭൂരിഭാഗത്തെയും തന്റെ പിന്നിൽ അണിനിരത്തുവാൻ ഹിറ്റ്ലർക്കായി. മറ്റെല്ലാ രാജ്യങ്ങൾക്കുമേലും സൈനികമായ ആക്രമണം അഴിച്ചുവിടാനും, അവരെ തന്റെ മേൽക്കോയ്മക്കു കീഴിൽ കൊണ്ടുവരാനുമായി, ഒരു ശക്തമായ യുദ്ധയന്ത്രം സൃഷ്ടിക്കുവാനും അയാൾ പുറപ്പെട്ടു. ആദ്യം യൂറോപ്പിലെ പ്രബലരായ മുതലാളിത്ത-സാമ്രാജ്യത്വ ശക്തികളായ ബ്രിട്ടൻ, ഫ്രാൻസ്, ബെൽജിയം തുടങ്ങിയവരെ മറികടക്കുക എന്നതായിരുന്ന ഹിറ്റ്ലറുടെ പദ്ധതി. വിപ്ലവപൂർവ്വ റഷ്യ വളരെ പിന്നാക്കമായിരുന്നതിനാൽ, പുതുതായി പിറന്ന സോവിയറ്റ് യൂണിയൻ തന്റെ സൈനികശക്തിക്കു മുന്നിൽ എതിരാളിയേ ആകില്ലെന്നായിരുന്നു ഹിറ്റ്ലറുടെ ധാരണ. അതിനാൽ, സോവിയറ്റ് യൂണിയനെ പിന്നീട് ഒരു വിരൽ ഞൊടിക്കുന്നതു പോലെ കീഴടക്കാം. പാശ്ചാത്യ സാമ്രാജ്യത്വശക്തികൾ - അമേരിക്ക, ബ്രിട്ടൻ, ഫ്രാൻസ്, പോലും ആഗ്രഹിച്ചത്, ഹിറ്റ്ലർ സോവിയറ്റ് യൂണിയനെ ആക്രമിച്ച്, ലോകത്തെ ആദ്യ സോഷ്യലിസ്റ്റ് രാജ്യത്തെ, തൊഴിലാളിവർഗ്ഗ രാഷ്ട്രത്തെ, നശിപ്പിക്കുമെന്നായിരുന്നു. സ്റ്റാലിനെന്ന മഹാനായ കമ്മ്യൂണിസ്റ്റ് നേതാവിന് ഹിറ്റ്ലറുടെ ഗൂഢതന്ത്രം വായിച്ചെടുക്കാനും, പാശ്ചാത്യ ജനാധിപത്യ നേതാക്കളുടെ ഉദ്ദേശം കണ്ടുപിടിക്കാനും സാധിച്ചു. വാസ്തവത്തിൽ, ദേശീയ സോഷ്യലിസം എന്ന മുദ്രാവാക്യം ഉയർത്തിയ ഹിറ്റ്ലറെ ജർമ്മനിയുടെ ചാൻസലറാക്കിയപ്പോൾ തന്നെ, ഹിറ്റ്ലറുടെ മുദ്രാവാക്യത്തിൽ അന്തർഭവിച്ചിരിക്കുന്ന ഉദ്ദേശലക്ഷ്യങ്ങൾ സ്റ്റാലിൻ തിരിച്ചറിയുകയും, മറ്റൊരു യുദ്ധത്തിനാണ് കളമൊരുങ്ങുന്നതെന്ന് ഗ്രഹിക്കുകയും ചെയ്തു. 1934 ജനുവരിയിൽ സോവിയറ്റ് കമ്മ്യൂണിസ്റ്റ് പാർട്ടിയുടെ (ബോൾഷെവിക്സ്) 17-ാം പാർട്ടി കോൺഗ്രസിൽ റിപ്പോർട്ട് ചെയ്യുമ്പോൾ അദ്ദേഹം പറഞ്ഞത്, യുദ്ധക്കൊതിയന്മാരായ ബൂർഷ്വാ രാഷ്ട്രീയക്കാരുടെയിടയിൽ ഏറ്റവും ആകർഷകമായ ചരക്കായി ഫാസിസം മാറി എന്നത് ഒട്ടും അതിശയകരമല്ല. ഞാൻ ഉദ്ദേശിക്കുന്നത് ഫാസിസത്തെക്കുറിച്ച് പൊതുവിൽ മാത്രമല്ല, മറിച്ച് മുഖ്യമായും, തെറ്റായി ദേശീയസോഷ്യലിസം എന്നു വിളിക്കപ്പെടുന്ന, ജർമ്മനിയിലെ തരം ഫാസിസത്തെക്കുറിച്ചാണ് - തെറ്റാണ് എന്നത് എന്തുകൊണ്ടെന്നാൽ ഏറ്റവും കഠിനമായ പരീക്ഷ പോലും സോഷ്യലിസത്തിന്റെ ഒരു അണുവിനെ അതിൽ കണ്ടെത്തുന്നതിൽ പരാജയപ്പെടും...ഫാസിസത്തിനു വഴിയൊരുക്കിയ സോഷ്യൽ ഡെമോക്രസി... അത്... പാർലമെന്ററിസത്തിന്റെയും ബൂർഷ്വാ ജനാധിപത്യത്തിന്റെയും പഴയ രീതികളുപയോഗിച്ച് ഭരിക്കുവാൻ മുതലാളിത്തത്തിന് മേലിൽ സാധിക്കില്ല, അതു മൂലം തങ്ങളുടെ ആഭ്യന്തരനയത്തിൽ ഭീകരവാദ രീതികളുപയോഗിച്ച് ഭരിക്കുവാനും, യുദ്ധത്തിന്റേതായ നയം സ്വീകരിക്കുവാനും അവർ നിർബന്ധിതരായി തീരുന്നു എന്നതിന്റെ ലക്ഷണമാണ്. ആ സമയത്ത് അദ്ദേഹത്തിന്റെ വിഷമവും, പ്രധാനകർത്തവ്യവും, ലോകമെമ്പാടും മോചനം ആഗ്രഹിക്കുന്ന ജനങ്ങളുടെ ഒരേയൊരു പ്രതീക്ഷയായ സോഷ്യലിസ്റ്റ് സോവിയറ്റ് യൂണിയനെ രക്ഷിക്കുകയെന്നതായിരുന്നു. ഏതാണ്ട് 70 വർഷത്തോളമായി രഹസ്യമാക്കിവെക്കുകയും, ഈ അടുത്തിടക്ക് പുറത്തുവരികയും ചെയ്ത രേഖകൾ കാണിച്ചു തരുന്നത്, ബ്രിട്ടനെയും ഫ്രാൻസിനേയും ഒരു നാസി വിരുദ്ധ സഖ്യത്തിലേക്ക് ആകർഷിച്ച് കൊണ്ടുവരുന്നതിനായി, ഒരു ശക്തമായ സൈന്യത്തെ അയക്കുവാൻ സോവിയറ്റ് യൂണിയൻ നിർദ്ദേശിച്ചിരുന്നു എന്നാണ്. 1939-ൽ യുദ്ധം ആരംഭിക്കുന്നതിന് രണ്ട് ആഴ്ച്ച മുമ്പ്, ക്രെംലിനിൽ കൂടിക്കാഴ്ച്ച നടത്തിയ മുതിർന്ന ബ്രിട്ടീഷ്, ഫ്രഞ്ച് ഉദ്യോഗസ്ഥരോട് മുതിർന്ന സോവിയറ്റ് സൈനിക പ്രതിനിധി സംഘം വാഗ്ദാനം ചെയ്തത്, ഹിറ്റ്ലറുടെ ഭീഷണി തടയുന്നതിന് സഹായിക്കാൻ സൈനികസഹായം നൽകാമെന്നാണ്. എന്നാൽ ഒരു പാശ്ചാത്യസഖ്യത്തിനായുള്ള സ്റ്റാലിന്റെ നിർദ്ദേശം ബ്രിട്ടനും ഫ്രാൻസും അംഗീകരിച്ചില്ല. (ദ ടെലിഗ്രാഫ്, യുകെ, 18-10-2008) ഈ സാഹചര്യത്തിൽ, സ്റ്റാലിൻ, ബുദ്ധിപരമായ ഒരു നീക്കത്തിലൂടെ ഏവരേയും അമ്പരപ്പിച്ചുകൊണ്ട്, 1939 ആഗസ്ത് 23-ന് ഹിറ്റ്ലറുമായി അനാക്രമണ ഉടമ്പടിയിലേർപ്പെട്ടു. ഹിറ്റ്ലർ ഈ കരാറിനു സമ്മതിച്ചതന്നെന്നാൽ, അയാൾ കരുതിയത് ദുർബലരായ കിഴക്കൻ യൂറോപ്യൻ-ബാൾക്കൻ രാജ്യങ്ങളെ എളുപ്പത്തിൽ കീഴടക്കാൻ അതു സഹായിക്കുമെന്നും, അതേ സമയം തന്നെ, ഉടൻ ആരംഭിക്കാൻ പോകുന്ന രണ്ടാം ലോകയുദ്ധത്തിൽ രണ്ടു മുന്നണികളിൽ യുദ്ധം ചെയ്യുന്നത് ഒഴിവാകുമെന്നുമാണ്. മറുവശത്ത് സ്റ്റാലിനാകട്ടെ, പാശ്ചാത്യ സാമ്രാജ്യത്വശക്തികൾക്കുമേൽ വിജയം ഉറപ്പാക്കിക്കഴിഞ്ഞുള്ള ആദ്യത്തെ അവസരത്തിൽ തന്നെ ഫാസിസ്റ്റ് ജർമനി സോവിയറ്റ് യൂണിയനുമേൽ ചാടിവീഴുമെന്നത് തീർച്ചയാണെന്ന് അറിയാമായിരുന്നു. അതുകൊണ്ട്, ഫാസിസ്റ്റ് ആക്രമണങ്ങളെ നേർക്കുനേർ നേരിടുന്നതിന് ആവശ്യമായ തയ്യാറെടുപ്പുകൾ നടത്തുന്നതിനായുള്ള സമയം വാങ്ങിച്ചെടുക്കുകയായിരുന്നു അദ്ദേഹം ചെയ്തത്. അതേ സമയം തന്നെ, സോഷ്യലിസ്റ്റ് സമ്പദ്‌വ്യവസ്ഥയിലും, വ്യവസായവൽക്കരണത്തിലും സാമൂഹിക ഉന്നമത്തിലും അതു വരേയും നേടിയെടുത്ത മുന്നേറ്റങ്ങളൊക്കെയും സംരക്ഷിക്കുന്നതിനാവശ്യമായ സുരക്ഷാ നടപടികൾ ഏർപ്പെടുത്തുകയും വേണമായിരുന്നു. അതുപോലെ, കുപിതരായ സാമ്രാജ്യത്വ-മുതലാളിത്ത ശക്തികൾ ഈ ഉടമ്പടിയെ, ഹിറ്റ്ലറുമായി സ്റ്റാലിൻ ഉണ്ടാക്കിയ ഒത്തുതീർപ്പായി ചിത്രീകരിക്കാൻ ശ്രമിച്ചു. ഇപ്പോൾ പോലും, സ്റ്റാലിനെ താഴ്ത്തിക്കെട്ടാൻ ശ്രമിക്കുകയും ഫാസിസത്തെ പരാജയപ്പെടുത്തുന്നതിൽ അദ്ദേഹത്തിന്റെ പങ്ക് അംഗീകരിക്കാൻ വിസമ്മതിക്കുകയും ചെയ്യുന്ന പിന്തിരിപ്പൻ മുതലാളിത്തപാളയവും പ്രതിവിപ്ലവകാരികളും വർഗ്ഗവഞ്ചകരും, ഇതേ ഉടമ്പടിയെ ഒരു വഞ്ചനാപരമായ നടപടിയായി വിശേഷിപ്പിക്കുന്നത് തുടരുന്നു. എന്നാൽ ചരിത്രം മുന്നോട്ടു വെക്കുന്നത്, സ്പഷ്ടമായി മുന്നോട്ടുവെക്കുന്നത്, അന്ന് സങ്കീർണ്ണമായ സാഹചര്യത്തെ കൈകാര്യം ചെയ്യുന്നതിൽ സ്റ്റാലിൻ കാണിച്ച ദീർഘവീക്ഷണത്തെയാണ്. ഫാസിസത്തിന്റെ പിടിയിൽ നിന്നും മനുഷ്യരാശിയെ രക്ഷിക്കുവാനാണ് അത് സഹായിച്ചത്.

### പാശ്ചാത്യ സാമ്രാജ്യത്വശക്തികളുടെ വഞ്ചനാത്മകമായ പങ്ക്

പ്രതീക്ഷിച്ചതുപോലെ ഉടമ്പടിയുടെ രണ്ടു വർഷത്തിനകം തന്നെ, നാസി ഭരണകൂടം യൂറോപ്പിനെ കീഴടക്കിയതിനു ശേഷം, ഏറ്റവുമധികം പട്ടാളക്കാരേയും ആയുധങ്ങളും സമാഹരിച്ചുകൊണ്ട്, 1941 ജൂൺ 22-ന് സോവിയറ്റ് യൂണിയനെ ആക്രമിച്ചു. നാസി ആക്രമണം തുടങ്ങി രണ്ടു ദിവസം കഴിഞ്ഞപ്പോൾ അമേരിക്കൻ സെനറ്റർ (പിന്നീട് അമേരിക്കൻ പ്രസിഡന്റ്) ഹാരി ട്രൂമാൻ അഭിപ്രായപ്പെട്ടത്രേ, യുദ്ധത്തിൽ ജർമ്മൻകാർ വിജയിക്കുന്നതായി കണ്ടാൽ, നമ്മൾ റഷ്യയെ സഹായിക്കണം. പിന്നീട് റഷ്യ അവർക്കുമേൽ വിജയിക്കുന്നതായി കണ്ടാൽ നമ്മുടെ സഹായം ഹിറ്റ്ലറിനു നൽകണം. അങ്ങനെ രണ്ടു പേരും നാശത്തെ നേരിടട്ടെ. ഇതാണ് സഖ്യശക്തികളെന്നു പറയുന്നവരുടെ യഥാർത്ഥ മുഖം. അങ്ങനെ വീണ്ടും, പാശ്ചാത്യ സാമ്രാജ്യത്വശക്തികളുടെ പങ്കിനെപ്പറ്റി സ്റ്റാലിനുണ്ടായിരുന്ന ദീർഘവീക്ഷണം ശരിയാണെന്നു തെളിഞ്ഞു. അമേരിക്കൻ-ബ്രിട്ടീഷ് സാമ്രാജ്യത്വവാദികൾ സ്വപ്നം കണ്ടത്, ജർമനിയും സോവിയറ്റ് യൂണിയനും നശിച്ചു കഴിഞ്ഞാൽ, ലോകകമ്പോളത്തെ മുഴുവനായും തങ്ങൾക്ക് സ്വന്തമാക്കുവാനും, സമ്പൂർണ്ണനിയന്ത്രണം കൈയ്യാളാനും സാധിക്കുമെന്നാണ്. ഇതുമായി ബന്ധപ്പെട്ട് ഇവിടെ പരാമർശിക്കപ്പെടേണ്ട പ്രസക്തമായ ഒരു കാര്യമുണ്ട്. ഫാസിസ്റ്റ് സൈന്യം സോവിയറ്റ് യൂണിയനെതിരേ ആക്രമണം അഴിച്ചുവിട്ടപ്പോഴും, ഉൽസാഹത്തോടെ കൂട്ടക്കൊലയും നശീകരണവും നടത്തിയപ്പോഴും, സ്റ്റാലിൻ ഈ അമേരിക്കൻ-ബ്രിട്ടീഷ്-ഫ്രെഞ്ച് ഭരണാധികാരികളോട് ആവർത്തിച്ച് ആവശ്യപ്പെട്ടിരുന്നു, പടിഞ്ഞാറൻ യൂറോപ്പിൽ ഒരു രണ്ടാം യുദ്ധമുന്നണി തുറന്ന് ഫ്രാൻസ് വഴി ജർമനിയെ ആക്രമിക്കണമെന്ന്. അങ്ങനെ ചെയ്തിരുന്നെങ്കിൽ കിഴക്കൻ യുദ്ധമുഖത്തു നിന്നും സൈനികരെ പിൻവലിച്ച് അവരെ പടിഞ്ഞാറ് വിന്യസിക്കാൻ ഹിറ്റ്ലർ നിർബന്ധിതനായേനെ, അതുവഴി സോവിയറ്റ് യൂണിയനു മേലുള്ള ആക്രമണത്തിന്റെ തീവ്രത കുറച്ച് കുറഞ്ഞേനെ. എന്നാൽ പാശ്ചാത്യ സാമ്രാജ്യത്വ രാജ്യങ്ങൾ ബധിരകർണ്ണങ്ങൾ കൊണ്ടാണിത് കേട്ടത്.

പിന്നെ എപ്പോളാണ് അവർ അത് ചെയ്തത്? സ്റ്റാലിന് അവരുടെ സഹായം ഇനി ആവശ്യമില്ലെന്നു വന്നപ്പോൾ അവരതു ചെയ്തു. അന്നേരം സോവിയറ്റ് ചെമ്പടയും ജനങ്ങളും, ഫാസിസ്റ്റ് ജർമൻ സൈന്യത്തെ കിഴക്കൻ യൂറോപ്പിലൂടെ വിജയകരമായി തുരത്തിയോടിച്ചു കൊണ്ടിരിക്കുകയായിരുന്നു. അവസാനം, 1944-ലാണ് സഖ്യശക്തികൾ തങ്ങളുടെ സൈന്യത്തെ ഫ്രെഞ്ച് തീരത്തുള്ള നോർമാൻഡിയിൽ കൊണ്ടു വരികയും തങ്ങളുടെ ആക്രമണം ആരംഭിക്കുകയും ചെയ്തത്. അതു തന്നെ, ചെമ്പടയെക്കാൾ മുമ്പേ ബർലിനിലെത്തുക എന്ന ഹീനമായ ലക്ഷ്യത്തോടെയായിരുന്നു. അപ്പോൾ, സോവിയറ്റ് സോഷ്യലിസ്റ്റ് രാഷ്ട്രത്തിന് അജയ്യമായ ഫാസിസ്റ്റ് സൈനികശക്തിക്കെതിരേ ഒറ്റയ്ക്ക് ഒരു യുദ്ധം നയിക്കേണ്ടി വന്നു. ഇവിടെ പരാമർശിക്കേണ്ട മറ്റൊരു കാര്യം, ജർമനിയും ജപ്പാനും കീഴടങ്ങാൻ ഒരുങ്ങിയ വേളയിൽ, അമേരിക്കൻ സാമ്രാജ്യത്വ ഭരണാധികാരികൾ, ചെമ്പടയ്ക്കും, ധീരരായ സോവിയറ്റ് ജനതക്കും, മഹാനായ സ്റ്റാലിനും, ഫാസിസ്റ്റ് അച്ചുതണ്ടിനെ പരാജയപ്പെടുത്തിയതിന്റെ ഖ്യാതി നിഷേധിക്കുവാൻ വേണ്ടി, ഹിരോഷിമയിലും നാഗാസാക്കിയിലും അണുബോംബുകൾ വർഷിച്ചുകൊണ്ട് 2 ലക്ഷത്തിലധികം നിരപരാധികളായ ജാപ്പനീസ് ജനങ്ങളെ കൊന്നൊടുക്കുകയും, അതുവഴി യുദ്ധം ജയിച്ചതിന്റെ സ്തുതിഘോഷങ്ങൾ സ്വയം ചാർത്തിയെടുക്കാൻ ശ്രമിക്കുകയും ചെയ്തു.

### എന്തുകൊണ്ട് അമേരിക്കയ്ക്കും ബ്രിട്ടനും ഫ്രാൻസിനും നാസി ആക്രമണത്തെ ചെറുക്കാൻ കഴിഞ്ഞില്ല?

പക്ഷേ സൂത്രപ്പണികൾക്കും കബളിപ്പിക്കലുകൾക്കും സത്യത്തെ മറച്ചുവെക്കാൻ കഴിയില്ല. എന്തു കൊണ്ട് ബ്രിട്ടനും ഫ്രാൻസും, ഗണ്യമായ സൈനികശക്തി സ്വന്തമായുണ്ടായിട്ടും, ആദ്യ അവസരത്തിൽ തന്നെ ഫാസിസ്റ്റ് ആക്രമണത്തെ ചെറുക്കാൻ കഴിഞ്ഞില്ല? കാരണം നേരത്തേ ഞങ്ങൾ പറഞ്ഞതുപോലെ, രണ്ടാം ലോക യുദ്ധം എന്നത് ലോക മുതലാളിത്ത കമ്പോളം പിടിച്ചെടുക്കാനുള്ള സാമ്രാജ്യത്വയുദ്ധമല്ലാതെ മറ്റൊന്നുമല്ല. ഒരു സാമ്രാജ്യത്വശക്തിയായ ജർമനിക്ക് ഒന്നാം ലോക മഹായുദ്ധത്തിൽ ബ്രിട്ടീഷ്-ഫ്രഞ്ച് സാമ്രാജ്യത്വ ശക്തികളുടെ മുന്നിൽ കടുത്ത തോൽവി ഏറ്റുവാങ്ങേണ്ടി വന്നു. തങ്ങളുടെ കമ്പോളം നഷ്ടപ്പെടുകയും കടുത്ത സാമ്പത്തിക പ്രതിസന്ധിയെ അഭിമുഖീകരിക്കേണ്ടി വരികയും ചെയ്ത അവർക്ക്, ബ്രിട്ടീഷ്-ഫ്രഞ്ച്-അമേരിക്ക, മറ്റ് പാശ്ചാത്യ ശക്തികൾ എന്നിവരുടെയിടയിൽ വീതിക്കപ്പെട്ടു പോയ കമ്പോളത്തെ തിരികെ തട്ടിയെടുക്കണമെന്നത് ആവശ്യമായി. ഒരു യുദ്ധം ആരംഭിച്ചു കൊണ്ടു മാത്രമേ അതു സാദ്ധ്യമാവുകയുള്ളു. അതു കൊണ്ട്, ജർമനി മറ്റുള്ളവർക്കു മേൽ യുദ്ധം പ്രഖ്യാപിച്ചു. ഉയർന്നു വന്ന മറ്റൊരു ഫാസിസ്റ്റ് ശക്തിയായ മുസ്സോളിനിയുടെ ഇറ്റലിയിൽ, ഇതേ കാരണം കൊണ്ടുതന്നെ, ഒരു സഖ്യശക്തിയെ കണ്ടെത്തുകയും ചെയ്തു. ബ്രിട്ടണിലേയും ഫ്രാൻസിലേയും മറ്റ് സാമ്രാജ്യത്വ രാജ്യങ്ങളിലേയും ജനങ്ങൾ ക്രൂരമായ മുതലാളിത്ത ചൂഷണം അനുഭവിക്കുകയായിരുന്നു. കടുത്ത ആഗോള സാമ്പത്തിക പ്രതിസന്ധി അവരുടെ അവസ്ഥ കൂടുതൽ വഷളാക്കി. അവരുടെയിടയിൽ തങ്ങളുടെ ഭരണാധികാരികളെക്കുറിച്ചുള്ള അതൃപ്തി വർദ്ധിക്കുകയും, അതു മൂലമുള്ള സംഭ്രാന്തിയും

(ശേഷം 9-ാംപേജിൽ)

ഫാസിസത്തിനെതിരായ വിജയം

# ചെമ്പടയുടെ വിജയം ലോകമൊട്ടാകെ വിമോചന സമരങ്ങൾക്ക് പ്രേരണയായി

(8-ാം പേജിൽ നിന്ന്)

അവിശ്വാസവും നിലനിൽക്കുകയും ചെയ്തു. അതുകൊണ്ട്, തങ്ങളുടെ രാജ്യങ്ങൾ ആക്രമിക്കപ്പെട്ടപ്പോൾ ചൂഷക സാമ്രാജ്യത്വ-മുതലാളിത്ത ഭരണാധികാരികൾക്ക്, കടന്നു വരുന്ന ശത്രുവിനെതിരേ ആശയപരമായോ രാഷ്ട്രീയമായോ ജനത്തെ ഉണർത്തിയെടുക്കാൻ കഴിഞ്ഞില്ല. ദേശീയ ഐക്യത്തിനായുള്ള ആഹ്വാനം ഫലവത്തായില്ല. കാരണം, പരസ്പരം എതിരായ താൽപ്പര്യങ്ങളുള്ള മുതലാളിമാരുടേയും അടിച്ചമർത്തപ്പെടുന്ന തൊഴിലാളിവർഗ്ഗത്തിന്റെയും ഇടയിലെ വൈരുദ്ധ്യം, ഭീകരമായ പ്രതിസന്ധിയുടെ ഘട്ടത്തിൽ കൂടുതൽ രൂക്ഷമാവുകയായിരുന്നു. അതുകൊണ്ട്, ബ്രിട്ടണും ഫ്രാൻസിനും അമേരിക്കക്കും മറ്റുള്ളവർക്കുമൊക്കെ തങ്ങളുടെ ചാവേർ സൈന്യത്തെ മാത്രം ആശ്രയിക്കേണ്ടി വന്നു. മറുവശത്ത്, യൂറോപ്യൻ രാജ്യങ്ങൾക്കുള്ളിൽ ധാരാളം അസംതൃപ്തരായ വംശങ്ങളും, കൊടിയ ജൂതവിരുദ്ധ, നാസി അനുകൂല സംഘങ്ങളും ഉണ്ടെന്ന് ഹിറ്റ്ലർക്ക് അറിയാമായിരുന്നു. ജർമൻ ഫാസിസ്റ്റുകൾക്ക് ഈ രാജ്യങ്ങളിലെല്ലാം, ചില ഔദാര്യങ്ങൾക്കും നേട്ടങ്ങൾക്കും പകരമായി സ്വന്തം രാജ്യങ്ങൾക്കെതിരേ തങ്ങളോട് സഹകരിക്കാൻ തയ്യാറുള്ള, അഞ്ചാം പത്തികളായ ധാരാളം കൂലി എഴുത്തുകാരെയും വഞ്ചകരേയും കണ്ടെത്താൻ കഴിഞ്ഞു. അവർ ഇത്തരം ആളുകളെ തങ്ങളുടെ ഗുണത്തിനായി ബുദ്ധിപൂർവ്വം ഉപയോഗപ്പെടുത്തി. പാശ്ചാത്യ രാജ്യങ്ങളിൽ, ഗറില്ലാ യുദ്ധമുറകളുടെ രൂപത്തിൽ എന്തെങ്കിലും ചെറിയ ജനകീയ പ്രതിരോധം ശ്രദ്ധിക്കപ്പെട്ടിരുന്നത് കൂടുതലും, തങ്ങളുടെ രാജ്യങ്ങളിലെ ഭരിക്കുന്ന മുതലാളിത്തത്തിനെതിരേ പ്രക്ഷോഭങ്ങളിൽ ഏർപ്പെട്ടിരുന്ന, കമ്മ്യൂണിസ്റ്റ് ആശയങ്ങളാൽ സ്വാധീനിക്കപ്പെട്ട സന്നദ്ധഭടന്മാരാലാണ്.

### സോവിയറ്റ് പ്രതിരോധം സോഷ്യലിസ്റ്റ് ആശയത്തിലും ജനകീയശക്തിയിലും അധിഷ്ഠിതമായിരുന്നു

പക്ഷേ സോവിയറ്റ് പ്രതിരോധത്തിൽ ചിത്രം വളരെ വ്യത്യസ്തമായിരുന്നു. സോവിയറ്റ് സോഷ്യലിസമെന്നത് ചൂഷണത്തിൽ നിന്നും മുക്തമായ സമൂഹമായിരുന്നു. സാമ്പത്തികചൂഷണം അവസാനിപ്പിക്കുന്നതോടൊപ്പം തന്നെ, ഭാഷാപരവും വംശീയവും വർഗ്ഗീയവും പ്രാദേശികവുമായ ഏറ്റുമുട്ടലുകൾ ഒഴിവാക്കുക, എന്ന തങ്ങളുടെ ചുമതലയിലും സോവിയറ്റ് സോഷ്യലിസം വളരെയധികം മുന്നോട്ടു പോയിരുന്നു. മാർക്സിസം-ലെനിനിസത്തിന്റെ മഹത്തായ ആദർശത്താൽ ഉത്തേജിതരായ രാജ്യത്തെ മുഴുവൻ ജനങ്ങളും, തങ്ങളുടെ അവസാന തുള്ളി രക്തംവരെ ഉപയോഗിച്ചും സോഷ്യലിസത്തെ നിർമ്മിക്കുന്നതിലും ശക്തിപ്പെടുന്നതിലും മുഴുകിയിരുന്നു. ഉക്രെയിനിൽ ജർമൻ വംശജരായ നിരവധി ഗോത്രങ്ങളുണ്ടായിരുന്നു. പക്ഷേ അവരുടെയിടയിൽ നിന്നും ഒറ്റ വഞ്ചകനെപ്പോലും ഹിറ്റ്ലർക്ക് ലഭിച്ചില്ല. ജർമൻ ആക്രമണത്തിന്റെ ആദ്യഘട്ടത്തിൽ, വിവിധ ഭാഷക്കാരും, വിവിധ മതക്കാരും ന്യൂനപക്ഷങ്ങളും ആയ ജനങ്ങൾ അധിവസിക്കുന്ന റഷ്യൻ ഭാഗങ്ങളിൽ നിന്ന് ചെമ്പടക്ക് പിൻവാങ്ങേണ്ടി വന്നിരുന്നു. എന്നാൽ, നാസി പടയുടെ കൊടിയ പീഢനങ്ങൾക്ക് ഇരയായിട്ടു പോലും അവരിലാരും തന്നെ ബോൾഷെവിക്കുകൾക്ക് എതിരേ തിരിഞ്ഞില്ല. ജർമൻ പട മുന്നേറിയപ്പോൾ പോലും, പാർശ്വവർത്തികളായ പോരാളികൾ (പാർട്ടി നേതൃത്വത്തിനു കീഴിലുള്ള സന്നദ്ധഭടന്മാർ) ജർമൻ ആയുധശേഖരം തകർക്കുകയും, അവശ്യസാധനങ്ങളുടെ വിതരണം സ്തംഭിപ്പിക്കുകയും, റയിൽപ്പാതയും മറ്റ് ആശയവിനിമയ മാർഗ്ഗങ്ങളും തടയുകയും വേർപെടുത്തുകയും ചെയ്തിരുന്നു. ഫാസിസ്റ്റുകൾക്ക് ആവശ്യമായ ഗോതമ്പു പോലെയുള്ള ഭക്ഷ്യധാന്യങ്ങളോ, കുടിവെള്ളമോ ഒന്നും തന്നെ ലഭിക്കില്ല എന്നവർ ഉറപ്പുവരുത്തി. ചെമ്പട മുന്നിലും സന്നദ്ധഭടന്മാർ പിന്നിലും എന്ന നിലയിൽ ജർമ്മൻ പടയെ കെണിയിൽപ്പെടുത്തി. ചെമ്പട ഒരു കൂലിപ്പട്ടാളം ആയിരുന്നില്ല, മറിച്ച്, എന്തു വില കൊടുത്തും സോഷ്യലിസം സംരക്ഷിക്കാൻ പ്രതിജ്ഞാബദ്ധരായ, ആശയപരമായി സംഘടിപ്പിക്കപ്പെട്ട സൈനികവിഭാഗമാണ്. ഫാസിസത്തിനെതിരേയുള്ള ബോൾഷെവിക്കുകളുടെ യുദ്ധം, അന്ധതക്കെതിരേ യുക്തിയുടേയും, സൈനികവൽക്കരണത്തിനെതിരേ വ്യക്തി സ്വാതന്ത്ര്യത്തിന്റെയും, മനുഷ്യവംശത്തിന്റെ ആരാച്ചാരന്മാർക്കെതിരേ മനുഷ്യവംശത്തിന്റെയും യുദ്ധമായിരുന്നു. ഒരു അംഗത്തെയെങ്കിലും യുദ്ധത്തിൽ നഷ്ടപ്പെടാത്ത ഒരു കുടുംബം പോലും റഷ്യയിൽ അവശേഷിച്ചിരുന്നില്ല. ജോയ്, ലിസ, ഷുറാ, ഇവാൻ, ഒലേഗ്, യുളിയാനാ, ലുബോവ്, സെർജി, തുടങ്ങിയ സന്നദ്ധഭടന്മാർ - റഷ്യൻ മണ്ണിന്റെ മികച്ച സന്താനങ്ങൾ - തങ്ങളുടെ കൗമാരങ്ങളിൽ തന്നെ ജീവൻ ത്യജിച്ച് മാതൃക കാട്ടി. സെബാസ്റ്റോപോളിൽ ധീരമായി പൊരുതി ജീവൻ ത്യജിച്ച ഒരു സോവിയറ്റ് കുമാരൻ, തന്റെ മരണത്തിനു മുമ്പായി പറഞ്ഞത്, ഞാൻ ലെനിന്റെ കോംസമോളിലെ അംഗമാണ് എന്നാണ്. ചെമ്പടയിലെ ഒരു സൈനികൻ സ്റ്റാലിൻഗ്രാഡിലെ യുദ്ധമുഖത്തു നിന്നും സ്റ്റാലിന് കത്തെഴുതി:

താങ്കളുടെ പേരിൽ സാരിത്സിൻ (സ്റ്റാലിൻഗ്രാഡിന്റെ പഴയ പേര്) രക്ഷിക്കാൻ ഞങ്ങളുടെ പിതാക്കന്മാർ ജീവൻ നൽകി, ഞങ്ങളും എന്തു വില കൊടുത്തും സ്റ്റാലിൻഗ്രാഡ് സംരക്ഷിക്കും. സ്റ്റാലിന്റെ ആഹ്വാനത്തിനു ചെവി കൊടുത്തുകൊണ്ട്, ചെമ്പട മാത്രമല്ല, എല്ലാ സ്ത്രീകളും പുരുഷന്മാരും, യുവാക്കളും വൃദ്ധരും കുട്ടികളും, എന്തിന്, ആശുപത്രിയിൽ കഴിഞ്ഞ രോഗികൾ പോലും തങ്ങളുടെ കൈയിൽ കിട്ടിയതെന്തോ അതും എടുത്തു പുറത്തുവന്നു കൊണ്ട് ലെനിൻഗ്രാഡ് സംരക്ഷിക്കുവാനുള്ള യുദ്ധത്തിൽ അണിചേർന്നു. അർദ്ധരാത്രിയിൽ, സോവിയറ്റ് ചീഫ് കമാൻഡറായ മാർഷൽ ഷുക്കോവിനെ സ്റ്റാലിൻ ടെലിഫോണിൽ വിളിച്ചു. ഫോണിൽ സ്റ്റാലിൻ ചോദിച്ചു-ലെനിൻഗ്രാഡ് രക്ഷിക്കുവാൻ നിങ്ങൾക്കു കഴിയുമോ? ഷുക്കോവ് സമ്മതരൂപത്തിൽ മറുപടി പറഞ്ഞു. സ്റ്റാലിൻ പറഞ്ഞു-ഒരു കമ്മ്യൂണിസ്റ്റുകാരനായി എന്നോടു മറുപടി പറയൂ. അതേ, ആ ഉത്തരം ധീരരായ ചെമ്പടയും ജനങ്ങളും ഫാസിസ്റ്റ് ശക്തികൾക്കെതിരേ തിരിച്ചടിച്ചുകൊണ്ട് നൽകി. ലെനിൻഗ്രാഡ്- ഈ പേരു കേൾക്കുമ്പോൾ സോവിയറ്റ് ജനതയുടേയും, ലോകമൊട്ടാകെയുള്ള കമ്മ്യൂണിസ്റ്റുകളുടേയും, തൊഴിലാളിവർഗ്ഗത്തിന്റെയും മനസ്സിൽ, എന്തൊരു വൈകാരികമായ സ്വരമാണ് അതു ഉണർത്തുന്നത്. ചിന്തിക്കാൻ സാധിക്കാത്ത കാടത്തങ്ങൾ ചെയ്തു കൂട്ടി ഏതു വിധേനയും സോഷ്യലിസത്തെ നശിപ്പിക്കാൻ തുനിഞ്ഞിറങ്ങിയ സാമ്രാജ്യത്വ-ഫാസിസ്റ്റ് സൈനികാക്രമണത്തിനു മുന്നിൽ, സോവിയറ്റ് ജനത, സോവിയറ്റ് കമ്മ്യൂണിസ്റ്റ് പാർട്ടി, മനുഷ്യവിമോചനത്തിന്റെ പ്രതീകമായ സഖാവ് സ്റ്റാലിൻ എന്നിവർ, മറികടക്കാനാകാത്ത പ്രതിബന്ധമായി നിലകൊണ്ടു. ആഗോള ഫാസിസ്റ്റ് വിരുദ്ധ ശക്തിയുടെ അമരക്കാരൻ സ്റ്റാലിനായിരുന്നു. അദ്ദേഹം സ്വയം ഒരു മഹത്തായ വിപ്ലവസമരത്തിന്റെ ഉൽപ്പന്നവുമാണ് - വിപ്ലവത്തിന്റെ ലക്ഷ്യങ്ങൾക്കായും ജനങ്ങൾക്കായും സമർപ്പിക്കപ്പെട്ട ജീവിതം.

### സ്റ്റാലിൻ - അഗ്രഗണ്യനായ യുദ്ധതന്ത്രജ്ഞൻ

കാലത്തിന്റെ ആവശ്യകതയെ അംഗീകരിച്ചുകൊണ്ട് യുദ്ധതന്ത്രങ്ങളിലും സ്റ്റാലിൻ പ്രാവീണ്യം നേടി. സേനാവിഭാഗങ്ങളുടെ പരമോന്നത സൈന്യാധിപനായി തെരഞ്ഞെടുക്കപ്പെട്ടതിനു ശേഷം, അനുഭവസമ്പത്തും തഴക്കവുമുള്ള റഷ്യൻ ജനറൽമാരെപ്പോലും അത്ഭുതപ്പെടുത്തിക്കൊണ്ട്, വളരെ ചുരുങ്ങിയ സമയം കൊണ്ടുതന്നെ യുദ്ധത്തിന്റെ വിശദാംശങ്ങളിൽ അദ്ദേഹം സമഗ്രമായ അവഗാഹം നേടി. ചർച്ചിലും റൂസ്‌വെൽറ്റുമായുള്ള തന്ത്രപ്രധാനമായ കൂടിക്കാഴ്ച്ചയിൽ വച്ച്, യുദ്ധശാസ്ത്രത്തിലുള്ള സ്റ്റാലിന്റെ അനിതരസാധാരണമായ അറിവും ധാരണയും ബ്രിട്ടീഷ്-അമേരിക്കൻ ജനറൽമാരേപ്പോലും അത്ഭുതപ്പെടുത്തിക്കളഞ്ഞു. അവരുടെ പടിഞ്ഞാറൻ മുന്നണിയിലെ യുദ്ധതന്ത്രം രൂപീകരിക്കുന്നതിൽപ്പോലും അദ്ദേഹം മാർഗ്ഗനിർദ്ദേശം നൽകുകയുണ്ടായി. സ്റ്റാലിൻ വളരെ വ്യക്തമായി തെളിയിച്ചു തന്നത്, ഒരു മാർക്സിസ്റ്റ് വിപ്ലവനേതാവിന്, ആവശ്യമെങ്കിൽ എല്ലാ മേഖലകളിലും ഏറ്റവും ഉയർന്ന കാര്യശേഷി നേടിയെടുക്കാൻ കഴിയുമെന്നാണ്.

### സ്റ്റാലിൻ എല്ലാവരാലും ബഹുമാനിക്കപ്പെട്ടിരുന്നു

സ്റ്റാലിനെ അപകീർത്തിപ്പെടുത്താനായുള്ള ഹിറ്റ്ലറുടെ പ്രചരണങ്ങളിൽ നിന്നും പ്രചോദനമുൾക്കൊണ്ട്, സാമ്രാജ്യത്വ-മുതലാളിത്തം അദ്ദേഹത്തെ മനുഷ്യത്വഹീനൻ, ഏകാധിപതി, ക്രൂരൻ, പ്രതികാരദാഹി, കൂടാതെ പേടികൊണ്ടാകണം തീർച്ച, ദുർഭൂതമെന്നു പോലും മുദ്രകുത്താൻ ശ്രമിച്ചു. എന്നാൽ യഥാർത്ഥ ദേശീയവാദികൾ, മാനവവാദികൾ, ഉന്നതരായ ധിഷണാശാലികൾ, ശാസ്ത്രജ്ഞർ, സാഹിത്യകാരന്മാർ, കൂടാതെ വിവിധ രാജ്യങ്ങളിലെ സാധാരണ ജനങ്ങൾ എന്നിവരെല്ലാം ബോൾഷെവിക്കുകൾക്കൊപ്പം നിൽക്കുകയും, സ്റ്റാലിനെ വ്യത്യസ്ത പ്രകൃതിയോടു കൂടിയ മഹാനായ നേതാവായി വാഴ്ത്തുകയും ചെയ്തു. റൊമെയ്ൻ റോളണ്ട് എന്ന മഹാനായ മാനവവാദചിന്തകൻ സ്റ്റാലിനെക്കുറിച്ചെഴുതി: "അദ്ദേഹത്തിന്റെ ബുദ്ധിശക്തി... എപ്പോഴും ജാഗരൂകവും, തെറ്റുപറ്റാത്തതും, നേർക്കുനേരെയുള്ളതും, അൽപ്പം ഉൽകണ്ഠാജനകമാണെങ്കിൽക്കൂടി എപ്പോഴും സത്യസന്ധവുമായിരുന്നു. ഏതൊരു തീരുമാനമെടുക്കുന്നതിനു മുമ്പും അദ്ദേഹത്തിന്റെ ബുദ്ധി ചഞ്ചലപ്പെടുകയില്ല. ഒരു കാര്യവും വളച്ചുകെട്ടി പറയുന്ന ശീലം അദ്ദേഹത്തിനില്ല. അദ്ദേഹത്തിന്റെ നയതന്ത്രം യാതൊരു വക്രബുദ്ധിയും ഉൾക്കൊള്ളുന്നില്ല, പ്രശംസക്കും സ്തുതിപാടലിനും അവിടെ യാതൊരു സ്ഥാനവുമില്ല. അദ്ദേഹത്തിന്റെ പ്രകൃതത്തിന്റെ അടിസ്ഥാനം നിലകൊള്ളുന്നത്, അദ്ദേഹത്തിന്റെ മൂർച്ചയേറിയ യുക്തിബോധം, അതിരില്ലാത്ത ക്ഷമ, ഇച്ഛാശക്തി, വഴങ്ങാത്ത മനോഭാവവും വിവേകവും എന്നിവക്കു മേലാണ്. ... മനുഷ്യവികാരങ്ങൾക്ക് ബഹുമാനം കൊടുത്തുകൊണ്ടും ... തൊഴിലാളിവർഗ്ഗ ജനാധിപത്യത്തിന്റെ ശരിയായ ധാരണയെ വികസിപ്പിക്കുവാനായി സോവിയറ്റ് യൂണിയനെ കമ്മ്യൂണിസ്റ്റ് സാർവ്വദേശീയതയിലേക്ക് നയിച്ചുകൊണ്ടും, സ്റ്റാലിൻ, റഷ്യയുടേയും ലോകജനതയുടേയും ചരിത്രത്തിലെ ക്ലാസ്സിക്കൽ യുഗത്തിൽ ഒരു പുതിയ അധ്യായം തുറക്കുകയാണ്." (മോസ്കോ ഡയറി) ജോർജ് ബർണാഡ് ഷാ, മറ്റൊരു ഉന്നതനായ മാനവവാദി, പറഞ്ഞു, "അതിവിശിഷ്ടമായ അനുഭവത്തോടു കൂടിയ രാജ്യതന്ത്രജ്ഞനാണ് സ്റ്റാലിൻ. അദ്ദേഹവുമായി താരതമ്യം ചെയ്യുമ്പോൾ പാശ്ചാത്യശക്തികളുടെ ഭരണാധികാരികൾ - ഒരു സ്വയംപ്രേരിതവും തിന്മ നിറഞ്ഞതുമായ സംവിധാനത്തിൽ, പൊള്ളയായ വാചകങ്ങളുടേയും, വ്യാജ ചരിത്രങ്ങളുടേയും, കാലഹരണപ്പെട്ട നടപടികളുടേയും, ഉപകരണത്താൽ കടിച്ചുതൂങ്ങിക്കിടക്കുന്നവർ; തേഞ്ഞുതീർന്ന മെഴുകുപ്രതിമകളുടെ കൂടാരത്തിലെ ആടുന്ന പ്രതിരൂപങ്ങളുടെ നിരകളെ പോലെ കാണപ്പെടുന്നു." (ജി ബി ഷാ, എച്ച്. പിയേഴ്സൺ - ഏ പോസ്റ്റ് സ്ക്രിപ്റ്റ്, കോളിൻസ്, 1951) നേതാജി സുഭാഷ് ചന്ദ്ര ബോസ് സ്റ്റാലിനോടുള്ള ആദരം ഈ വാക്കുകളിൽ പ്രദർശിപ്പിച്ചു: "യുദ്ധാനന്തര യൂറോപ്പിൽ പരീക്ഷണാർഹമായ പദ്ധതിയോടു കൂടിയ ഒരൊറ്റ ശക്തിയേയുള്ളൂ, ആ ശക്തി സോവിയറ്റ് യൂണിയനാണ്. വരുന്ന ഏതാനും ദശകങ്ങളിലെ യൂറോപ്യൻ രാജ്യങ്ങളുടെ വിധി തന്റെ കൈകളിൽ മുറുകെപ്പിടിച്ചിരിക്കുന്ന ഏതൊരു മനുഷ്യനാണോ ഇന്ന് യൂറോപ്പിലുള്ളത്, ആ മനുഷ്യൻ മാർഷൽ സ്റ്റാലിനാണ്." (സിങ്കപ്പൂരിൽ നിന്നുള്ള റേഡിയോ പ്രഭാഷണം, ശങ്കരി പ്രസാദ് ബസുവിന്റെ സുഭാഷ്ചന്ദ്ര ആന്റ് നാഷണൽ പ്ലാനിങ്ങ് എന്ന പുസ്തകത്തിൽ ഉദ്ധരിച്ചിരിക്കുന്നു) യുദ്ധം കൊടുമ്പിരിക്കൊണ്ടിരിക്കുമ്പോൾ, ഏതാണ്ട് മരണശയ്യയിലായ രബീന്ദ്രനാഥ ടാഗോർ ആവശ്യപ്പെട്ടു - എന്നോട് റഷ്യയുടെ വാർത്തകൾ പറയൂ." ചെമ്പടക്ക് ജർമൻ ആക്രമണത്തെ തിരിച്ചടിക്കാനാകും എന്നു പറഞ്ഞപ്പോൾ അദ്ദേഹത്തിന്റെ മുഖം പ്രകാശമാനമാകുകയും ഇങ്ങനെ പറയുകയും ചെയ്തു - "അത് അങ്ങനെ സംഭവിക്കുമെന്ന് ഉറപ്പാണ്. അത് അവർക്കു മാത്രമേ ചെയ്യാൻ കഴി

(ശേഷം 10-ാം പേജിൽ)

## സഖാവ് കെ.പി.കോസലരാമദാസ് അനുസ്മരണ സമ്മേളനം






ജൂൺ 3 ന് തിരുവനന്തപുരം വൈഎംസിഎ ഹാളിൽ കെ.പി.കോസലരാമദാസ്- പെരുങ്ങുഴി തങ്കപ്പൻ അനുസ്മരണസമ്മേളനം എൻ.കെ.പ്രേമചന്ദ്രൻ എം.പി. ഉദ്ഘാടനം ചെയ്തു. വി.എം.സുധീരൻ, എ.സമ്പത്ത് എം.പി, ഡോ.ഡി.ബാബുപോൾ, എസ്‌യുസിഐ(സി) സംസ്ഥാന സെക്രട്ടറി സി.കെ.ലൂക്കോസ്, എഐയുടിയുസി സംസ്ഥാന സെക്രട്ടറി വി.കെ.സദാനന്ദൻ തുടങ്ങിയവർ പങ്കെടുത്തു.

ഫാസിസത്തിനെതിരായ വിജയം

# ഫാസിസ്റ്റ് വിപത്തിനെതിരായ പോരാട്ടം തുടരുക

(9-ാം പേജിൽ നിന്ന്)

യൂ, അവർ വിജയിക്കുകയും ചെയ്യും." (കവികഥ - പ്രശാന്ത ചന്ദ്ര മഹോലനോബിഷ്, വിശ്വഭാരതി പത്രിക, 1350 ബംഗാളി വർഷം) അവേറൽ ഹാരിമാൻ, യുദ്ധത്തിനിടയിൽ റഷ്യയിലെ യുഎസ് അമ്പാസഡർ, പറഞ്ഞു, "സ്റ്റാലിനെന്ന യുദ്ധനേതാവ് ജനപ്രിയനാണ്, അദ്ദേഹമാണ് സോവിയറ്റ് യൂണിയനെ ഒറ്റക്കെട്ടായി ചേർത്തു നിർത്തിയതെന്നത് നിസ്സംശയമാണ്. മറ്റാർക്കെങ്കിലും അത് ചെയ്യാനാകുമെന്ന് ഞാൻ കരുതുന്നില്ല. സ്റ്റാലിൻ, അടിയന്തരഘട്ടത്തിലെ ദേശീയനേതാവ് - ഒരു മനുഷ്യൻ ഇത്രയും വ്യത്യാസം സൃഷ്ടിക്കുന്ന ചരിത്രസന്ദർഭങ്ങളിലൊന്ന്, അദ്ദേഹത്തോടുള്ള എന്റെ വമ്പിച്ച ആദരവ് ഊന്നിപ്പറയാൻ ഞാൻ ആഗ്രഹിക്കുന്നു. വിശദാംശങ്ങൾ ഉൾക്കൊള്ളുവാനും വിശദാംശങ്ങൾക്കുമേൽ പ്രവർത്തിക്കുവാനും അദ്ദേഹത്തിന് അസാമാന്യമായ കഴിവുണ്ടായിരുന്നു. സമ്പൂർണ്ണ യുദ്ധയന്ത്രത്തിന്റെ ആവശ്യകതകളെക്കുറിച്ച് അദ്ദേഹം വളരെയധികം ജാഗരൂകനായിരുന്നു. ഇതൊന്നും ഒരു ബ്യൂറോക്രാറ്റിന്റെ ലക്ഷണങ്ങളല്ല, മറിച്ച് വളരെയധികം കഴിവുറ്റ, ഊർജ്ജസ്വലനായ ഒരു യുദ്ധനേതാവിന്റേതാണ്." മുൻ അമേരിക്കൻ അമ്പാസഡർ ജോസഫ് ഡേവിസ് തന്റെ 'മിഷൻ ടു മോസ്കോ' എന്ന പുസ്തകത്തിലെഴുതി: "പലരും എന്നോട് ചോദിച്ചിട്ടുണ്ട്, എന്തുകൊണ്ടാണ് ഹിറ്റ്ലർക്ക് റഷ്യയിൽ കടന്നപ്പോൾ വഞ്ചകരെ കണ്ടുമുട്ടാൻ കഴിയാഞ്ഞതെന്ന്. ഞാൻ പറഞ്ഞതെന്തെന്നാൽ, സ്റ്റാലിൻ വളരെമുമ്പേ തന്നെ അവരെ കണ്ടെത്തി പിഴുതെറിഞ്ഞിരുന്നു. സ്റ്റാലിൻ അത്തരം വഞ്ചകർക്കെതിരെ, അമേരിക്കൻ അമ്പാസഡർ അടക്കം വിവിധ രാജ്യങ്ങളിൽ നിന്നുള്ള വിശിഷ്ട വ്യക്തികളുടെ സാന്നിദ്ധ്യത്തിൽ പരസ്യവിചാരണ നടത്തിയതിനു ശേഷം, ശിക്ഷാനടപടികൾ കൈക്കൊണ്ടിരുന്നു. അങ്ങനെ ലോകം മുഴുവൻ അദ്ദേഹത്തിന് അങ്ങേയറ്റത്തെ ബഹുമാനം നൽകുമ്പോൾ, ലോകമൊട്ടാകെയുള്ള കമ്മ്യൂണിസ്റ്റുകാർ അദ്ദേഹത്തെ തങ്ങളുടെ ആചാര്യനായി സ്വീകരിക്കുമ്പോൾ, കമ്മ്യൂണിസ്റ്റുകാരല്ലാത്ത ജനാധിപത്യ മനസ്സുള്ള മാനവവാദികൾ പോലും അദ്ദേഹത്തെ കാലഘട്ടത്തിന്റെ നായകനായി വാഴ്ത്തുമ്പോൾ, അദ്ദേഹം തന്നേക്കുറിച്ചു പറയുന്നത്, "ഞാൻ ലെനിന്റെ അനുയായിയാണ്, എന്റെ ആഗ്രഹം അദ്ദേഹത്തിന്റെ അർഹനായ അനുയായി ആകണമെന്നാണ്." അദ്ദേഹത്തെ സംബന്ധിച്ച്, അദ്ദേഹം ഏറ്റവും നന്നായി അറിയപ്പെടുന്നത് അങ്ങനെയാണ്. തിരുത്തൽവാദിയായ ക്രൂഷ്ചേവ് ആരോപിക്കുന്നത്, രണ്ടാം ലോകയുദ്ധത്തിലെ വിജയത്തിന്റെ ഖ്യാതി ചെമ്പടയിൽ നിന്നും തട്ടിയെടുക്കാൻ സ്റ്റാലിൻ ശ്രമിച്ചു എന്നാണ്. എന്നാൽ യാഥാർത്ഥ്യം നേരേ വിപരീതമാണ്. യുദ്ധാനന്തരം, എല്ലാവരും കരുതിയിരുന്നത് സ്വാഭാവികമായും വിജയപരേഡിൽ സ്റ്റാലിൻ അഭിവാദ്യം സ്വീകരിക്കുമെന്നാണ്. എന്നാൽ സ്റ്റാലിൻ മാർഷൽ ഷുക്കോവിനോട് അഭിവാദ്യം സ്വീകരിക്കാൻ ആവശ്യപ്പെട്ടു. തന്റെ വിജയ പ്രസംഗത്തിൽ സ്റ്റാലിൻ പറഞ്ഞു, "നമ്മുടെ വിജയമെന്നാൽ ഒന്നാമതായി, നമ്മുടെ സോവിയറ്റ് സാമൂഹികക്രമം വിജയിച്ചു എന്നാണ്. അതായത്, സോവിയറ്റ് സാമൂഹികക്രമം യുദ്ധത്തിന്റെ തീയിൽ അഗ്നിപരീക്ഷ വിജയകരമായി കടന്നിരിക്കുന്നു. തന്റെ ചോദ്യം ചെയ്യപ്പെടാനാകാത്ത ചേതന തെളിയിച്ചിരിക്കുന്നു. യുദ്ധത്തിന്റെ പുരോഗതിയിൽ നമ്മുടെ മാതൃരാജ്യം, നമ്മുടെ ജനങ്ങളുടെ മഹത്തായ സോഷ്യലിസ്റ്റ് നേട്ടങ്ങൾ ഉയർത്തിപ്പിടിക്കാനും, സോവിയറ്റ് യൂണിയന്റെ രാജ്യതാൽപ്പര്യങ്ങൾ സംരക്ഷിക്കുവാനും കഴിവുള്ള ഒരു ഒന്നാംകിട സ്ഥിരം സൈന്യത്തെ നേടിയെടുത്തു. സോവിയറ്റ് യൂണിയൻ നാലു വർഷമായി, സമാനതകളില്ലാത്ത അളവിൽ ഭയങ്കരമായ ചെലവ് ആവശ്യമുള്ള ഒരു യുദ്ധം നടത്തുകയായിരുന്നു. വസ്തുതയിതായിട്ടും നമ്മുടെ സോഷ്യലിസ്റ്റ് സമ്പദ്വ്യവസ്ഥ കരുത്തു നേടുകയായിരുന്നു. ... ഇത് മഹത്തായ ബോൾഷെവിക് പാർട്ടിയാൽ നയിക്കപ്പെടുകയുംപ്രചോദിപ്പിക്കപ്പെടുകയും ചെയ്ത, നമ്മുടെ രാജ്യത്തെ തൊഴിലാളികളുടേയും കൂട്ടുകൃഷിക്കാരുടേയും സോവിയറ്റ് ബുദ്ധിജീവികളുടേയും സ്ത്രീകളുടേയും കുട്ടികളുടേയുമൊക്കെ ധീരമായ പരിശ്രമത്തിന്റെ ഫലമായിട്ടാണ്."

### ഫാസിസ്റ്റ് സൈനികശക്തിക്കു മേലുള്ള ചെമ്പടയുടെ വിജയം ലോകമൊട്ടാകെ വിമോചനസമരങ്ങൾക്ക് പ്രേരണയായി

ഇത്, ഫാസിസ്റ്റ് സൈനികശക്തിക്കു മേലല്ല, ഫാസിസത്തിനു മേലുള്ള വിജയത്തിന്റെ തിളക്കമേറിയ ചരിത്രമാണ്. ഇങ്ങനെയാണ് സ്റ്റാലിൻ, ചെമ്പട, പിന്നെ ധീരരായ സോവിയറ്റ് ജനത, എന്നിവർ വിനാശകാരിയായ ഫാസിസ്റ്റ് ശക്തികൾ കീഴടക്കുന്നതിൽ നിന്നും ലോകത്തെ മുഴുവൻ രക്ഷിച്ചത്. ഫാസിസ്റ്റുകളിൽ നിന്നും ആ വിജയം പിടിച്ചു വാങ്ങുന്നതിനായി 2.6 ദശലക്ഷം സോവിയറ്റ് ജനങ്ങൾക്കാണ് ജീവത്യാഗം ചെയ്യേണ്ടി വന്നത്. മരണമടഞ്ഞവരിൽ ചെമ്പടയിലെ ധീരസൈനികർ, സോവിയറ്റ് കമ്മ്യൂണിസ്റ്റ് പാർട്ടിയിലെ പ്രമുഖ പ്രവർത്തകരും നേതാക്കളും, സന്നദ്ധസേവാ സംഘങ്ങളിലെ അംഗങ്ങൾ, സാധാരണ സോവിയറ്റ് പൗരന്മാർ എന്നിവർ ഉൾപ്പെടുന്നു. സോഷ്യലിസത്തേയും മുഴുവൻ ലോകത്തേയും രക്ഷിക്കാൻ ദൃഢനിശ്ചയമെടുത്തവരായിരുന്നു ഇവർ. സോവിയറ്റ് യൂണിയനോളം മറ്റൊരു രാജ്യത്തിനും, മനുഷ്യജീവന്റെയും സ്വത്തിന്റെയും ഇത്ര ഭീകരമായ നഷ്ടം സഹിക്കേണ്ടിവന്നിട്ടില്ല. യുഎസ് സാമ്രാജ്യത്വവാദികൾ ഇന്ന് പൊങ്ങച്ചം പറയുന്നത് അവരാണ് വിജയം കൊണ്ടുവന്നതെന്നാണ്. ഇത് ഉയർത്തിക്കാട്ടുന്ന സിനിമകൾ യുഎസ് സിനിമാകമ്പനികൾ നിർമ്മിച്ചു വിടുന്നു. പക്ഷേ സത്യം ഇതിൽ നിന്നും എത്രയോ അകലെയാണ്. പേൾ ഹാർബറിലെ ബോംബിങ്ങ് അല്ലാതെ, പ്രായോഗികമായി യുഎസിന് യുദ്ധത്തിൽ ദുരന്തങ്ങളൊന്നും സഹിക്കേണ്ടി വന്നിട്ടില്ല. പകരം, യുദ്ധാനന്തരം ലോകകമ്പോളത്തിനായുള്ള ഏറ്റവും വലിയ മത്സരാർത്ഥിയായി യുഎസ് ഉയർന്നു. കാരണം, ബ്രിട്ടൻ, ഫ്രാൻസ്, ജർമനി, ഇറ്റലി, ജപ്പാൻ തുടങ്ങിയെല്ലാവരും യുദ്ധത്താൽ തകർന്നടിഞ്ഞിരുന്നു. സോവിയറ്റ് യൂണിയന്റെ വിജയമാകട്ടെ, മറുവശത്ത് കമ്മ്യൂണിസത്തിന്റെ അന്തസ്സുയർത്തുകയും, ലോകമൊട്ടാകെയുള്ള തൊഴിലാളിവർഗ്ഗത്തെ ലോകവിപ്ലവത്തിനു വേഗം കൂട്ടാൻ പ്രചോദിപ്പിക്കുകയും ചെയ്തു. കോളനികളിലേയും അർദ്ധ-കോളനികളിലേയും ദേശീയ വിമോചനപ്രസ്ഥാനങ്ങൾക്ക് വമ്പിച്ച ആത്മവിശ്വാസം ലഭിച്ചു. ബർലിനിലേക്കുള്ള ചെമ്പടയുടെ വിജയപ്രയാണത്തിൽ, ഭൂരിഭാഗം കിഴക്കൻ യൂറോപ്യൻ രാജ്യങ്ങളിലും സോഷ്യലിസം നിലവിൽ വന്നു. മഹാനായ മാവോ സേതുങ്ങിന്റെ നേതൃത്വത്തിൽ ചൈനീസ് വിപ്ലവത്തിന്റെ വിജയവും അടുത്തെത്തിയിരുന്നു. ലോകകമ്മ്യൂണിസ്റ്റ് മുന്നേറ്റം വമ്പിച്ച ഗതിവേഗം നേടിയെടുത്തിരുന്നു. സ്റ്റാലിന്റെ നാമം ഓരോ ഹൃദയത്തിലും കൊത്തിവെക്കപ്പെട്ടു. സ്റ്റാലിനെ ചെളി വാരിത്തേക്കാൻ ശ്രമിച്ചവർ ചരിത്രത്തിൽ സ്വയം ചെളി പൂശി നിൽക്കുന്നു. അതേസമയം സ്റ്റാലിൻ പോറൽപോലും ഏൽക്കാതെ നില നിൽക്കുന്നു, നമ്മുടെ ഹൃദയങ്ങളിൽ ഒരു മഹത്തായ വ്യക്തിത്വമായി, ഒരു വലിയ കമ്മ്യൂണിസ്റ്റു നേതാവായി ജീവിക്കുന്നു.

### തിരുത്തൽവാദ ഗൂഢാലോചനയും സ്റ്റാലിനെ അപകീർത്തിപ്പെടുത്തിയതും കമ്മ്യൂണിസത്തിന്റെ പ്രയാണത്തെ തടഞ്ഞു

പക്ഷേ ചരിത്രത്തിന്റെ ഗതി വേറിട്ടൊരു ദിശയിലേക്കാണ് പിന്നീട് തിരിഞ്ഞത്. 1953-ൽ സ്റ്റാലിന്റെ മരണത്തിനു ശേഷം, സോവിയറ്റ് യൂണിയനിൽ ക്രൂഷ്ചേവിന്റെ നേതൃത്വത്തിലുള്ള ആധുനിക തിരുത്തൽവാദികളാണ് അധികാരം പിടിച്ചത്. ലോകസാമ്രാജ്യത്വ-മുതലാളിത്തത്തിന്റെ സഹായസഹകരണങ്ങളോടെ, അവർ സോഷ്യലിസത്തിന്റെ തൂണുകളെ ക്രമാനുഗതമായി നശിപ്പിക്കുന്ന പ്രക്രിയയാരംഭിച്ചു. പ്രതിവിപ്ലവത്തിന്റെ പാതയിലേക്കു നടക്കുവാനും ആരംഭിച്ചു. അവസാനം സോവിയറ്റ് സോഷ്യലിസം 1990കളുടെ തുടക്കത്തിൽ ഒരു പ്രതിവിപ്ലവമുന്നേറ്റത്തിലൂടെ തകർക്കപ്പെട്ടു. അത് നേടിയെടുക്കുന്നതിനായി, തിരുത്തൽവാദ കൂട്ടുകെട്ട് സ്റ്റാലിനെതിരേ ഒരു അപകീർത്തിപ്രചാരണം അഴിച്ചു വിടുകയും, അദ്ദേഹത്തിന്റെ ആധികാരികതയെ ഇടിച്ചു താഴ്ത്തുന്നതിനായി ശ്രമിക്കുകയും ചെയ്തു. ഈ സമയത്താണ്, എസ്‌യുസിഐ(കമ്മ്യൂണിസ്റ്റ്) പാർട്ടിയുടെ സ്ഥാപക ജനറൽ സെക്രട്ടറിയും, ഈ കാലഘട്ടത്തിലെ സമുന്നത മാർക്സിസ്റ്റ് ചിന്തകരിൽ ഒരാളുമായ സഖാവ് ശിബ്ദാസ് ഘോഷിന്റെ ഏകസ്വരം, ലോകത്തിനും, വിശേഷിച്ച് കമ്മ്യൂണിസ്റ്റുകൾക്കും, ഇതിലടങ്ങിയിട്ടുള്ള അപകടങ്ങളെക്കുറിച്ചുള്ള മുന്നറിയിപ്പു നൽകിയത്. അദ്ദേഹം കൃത്യമായി ചൂണ്ടിക്കാണിച്ചു "സ്റ്റാലിനെ തമസ്കരിക്കുകയെന്നത്, അദ്ദേഹത്തിന്റെ ആധികാരികതയെ കൈവിടുക എന്ന ഒഴിവാക്കാനാകാത്ത ഫലം സൃഷ്ടിക്കും. ഫലത്തിൽ, ലെനിനിസത്തെ സംബന്ധിച്ച അദ്ദേഹത്തിന്റെ വ്യാഖ്യാനം - മാർക്സിസം ലെനിനിസത്തെ സംബന്ധിക്കുന്ന ഇന്നത്തെ ധാരണ, തള്ളിക്കളയുകയാകും. ഭാവി തലമുറകൾക്ക് മാർക്സിസം-ലെനിനിസത്തിന്റെ വിപ്ലവചേതന സംരക്ഷിക്കുന്നതിനായി ട്രോട്സ്കൈറ്റുകളോടും ബുഖാരിനൈറ്റുകളോടും സ്റ്റാലിൻ നടത്തിയ സന്ധിയില്ലാ സമരങ്ങളുടെ പാഠം തമസ്കരിക്കുകയും, ആശയപരമായി ഉറപ്പുള്ളവരാകാനുള്ള അവസരം നിഷേധിക്കപ്പെടുകയും ചെയ്യുന്നു. അതിനർത്ഥം, എല്ലാ തരത്തിലുമുള്ള പ്രതിവിപ്ലവചിന്തകൾക്കും മാർക്സിസം-ലെനിനിസത്തിനു മേൽ കടന്നു കയറാൻ ക്ഷണം നൽകുമെന്നും, കമ്മ്യൂണിസ്റ്റ് പ്രസ്ഥാനത്തിന്റെ ആശയപരമായ അടിത്തറ തിരിച്ചടി നേരിടുമെന്നുമാണ്. ചുരുക്കത്തിൽ, വസ്തുനിഷ്ഠമായി ലെനിനെ സ്വയം സ്ഥാനഭ്രഷ്ടനാക്കും." (തെരഞ്ഞെടുത്ത കൃതികൾ വോളിയം -1, പേജ് 85-86) ഇന്ന് സ്വാഗതാർഹമായ ലക്ഷണമെന്തെന്നാൽ, റഷ്യയിലേയും, ലോകത്തിന്റെ പല ഭാഗങ്ങളിലേയും, വിശേഷിച്ച് കിഴക്കൻ യൂറോപ്പിലെ പഴയ സോഷ്യലിസ്റ്റ് രാജ്യങ്ങളിലെയും ജനങ്ങൾ, ലെനിന്റെയും സ്റ്റാലിന്റെയും ചിത്രങ്ങളുമായി തെരുവിലിറങ്ങുന്നു. പക്ഷേ, ഒരു മുതലാളിത്ത വിരുദ്ധ വിപ്ലവം നടത്തി സോഷ്യലിസം തിരിച്ചുകൊണ്ടുവരണമെങ്കിൽ വേണ്ടത്, ശരിയായ വിപ്ലവ നേതൃത്വത്തിനു കീഴിൽ സംഘടിതവും സചേതനവുമായ പ്രക്ഷോഭം ശക്തിപ്പെടുത്തുക എന്നതാണ്. അതേ സമയം തന്നെ നമ്മൾ ഓർക്കേണ്ട പാഠം, ഹിറ്റ്ലർ-മുസ്സോളിനി-ടോജോ അച്ചുതണ്ട് യുദ്ധത്തിൽ പരാജയപ്പെട്ടു എന്നതുകൊണ്ട് ഫാസിസം അവസാനിച്ചിട്ടില്ല. നഗ്നമായ സൈനിക ഏകാധിപത്യം മാത്രമല്ല ഫാസിസം. സഖാവ് ശിബ്ദാസ് ഘോഷ്, മാർക്സിസം ലെനിനിസത്തിന്റെ ഉരകല്ലിൽ വച്ച് ചൂണ്ടിക്കാട്ടിയതു പോലെ, "ചരിത്രപരമായി തയ്യാറെടുപ്പിച്ച ഒരു പ്രതിവിപ്ലവരൂപം, അതിലൂടെ മുതലാളിത്തം ശ്രമിക്കുന്നത് മുൻകൂട്ടിയുള്ള ഒരു നീക്കത്തിലൂടെ വിപ്ലവത്തെ ഉടച്ചു തകർക്കാനാണ്. അത്, പ്രതിസന്ധിഗ്രസ്തമായ, സർവ്വമാന കുഴപ്പങ്ങളാൽ വിശ്വാസയോഗ്യമല്ലാതായ മുതലാളിത്ത സംവിധാനത്തെ, നിലവിലുള്ള വ്യവസ്ഥയ്ക്കെതിരേ ജനങ്ങളുടെ വർദ്ധിക്കുന്ന അതൃപ്തിക്കു മുന്നിലുള്ള തകർച്ചയിൽ നിന്നും രക്ഷിച്ചെടുക്കുന്നതിനായി രൂപകൽപ്പന ചെയ്തതാണ്." (തെരഞ്ഞെടുത്ത കൃതികൾ വോളിയം -2, പേജ് 55) മരണാസന്നമായി ദുഷിച്ച, പ്രതിസന്ധി നിറഞ്ഞ മുതലാളിത്തത്തിന്റെ ഇപ്പോഴത്തെ അവസ്ഥയിൽ, എല്ലാ മുതലാളിത്ത-സാമ്രാജ്യത്വ രാജ്യങ്ങളുടേയും - വികസിതമോ പിന്നാക്കമോ ആയിക്കൊള്ളട്ടെ, ഒരു പൊതുസ്വഭാവമായി ഫാസിസം എങ്ങനെ മാറി എന്ന് അദ്ദേഹം വിശദീകരിക്കുന്നു. ഫാസിസം ഏതു രൂപത്തിലും പ്രത്യക്ഷപ്പെടാം, പാർലമെന്ററി ജനാധിപത്യത്തിന്റെ കെട്ടും മട്ടും ഉപയോഗിച്ചു കൊണ്ടു പോലും എന്ന് മുന്നറിയിപ്പു തന്നുകൊണ്ട് അദ്ദേഹം നിർവ്വചിക്കുന്നു, 'തത്വചിന്തയുടേയും സംസ്ക്കാരത്തിന്റെയും മേഖലകളിൽ ആധുനികശാസ്ത്രത്തിന്റെയും ആത്മീയതയുടേയും ഒരു വിചിത്രമായ സംയോജനമാണ് ഫാസിസം.' (തെരഞ്ഞെടുത്ത കൃതികൾ വോളിയം -4, പേജ് 14) അദ്ദേഹം വിശദമായി വിവരിക്കുന്നു, മുതലാളിത്തം, ഒരു വശത്ത് ഫാസിസ്റ്റ് രാഷ്ട്രത്തിന്റെ സമ്പത്തും സൈനികശക്തിയും വർദ്ധിപ്പിക്കുന്നതിനായി ശാസ്ത്രത്തിന്റെ സാങ്കേതികമായ വശങ്ങളെ സ്വീകരിക്കുന്നു. മറുവശത്ത്, ചൂഷണാധിഷ്ഠിത മുതലാളിത്ത വ്യവസ്ഥയുടെ കൂടെപ്പിറപ്പായ എണ്ണമറ്റ ദുരിതങ്ങൾക്കുള്ള ഒറ്റമൂലിയായി എല്ലാവിധ ശാസ്ത്രവിരുദ്ധതയും മതഭ്രാന്തും ആശയവാദപരവും ആത്മീയവുമായ കൺകെട്ടുവിദ്യകളും വിളമ്പുന്നു. ദേശീയ സംസ്ക്കാരത്തിന്റെയും പാരമ്പര്യത്തിന്റെയും പേരുപറഞ്ഞ് ശാസ്ത്രത്തിന്റെ സാങ്കേതികവശങ്ങളും ആത്മീയതയും കൂട്ടിക്കുഴച്ച് അവതരിപ്പിക്കുകയും ചെയ്യുന്നു.

### വിപ്ലവത്തെ അകറ്റിനിർത്താനുള്ള ഫാസിസ്റ്റ് ഗൂഢാലോചനയെ പരാജയപ്പെടുത്തുക

അതുകൊണ്ട്, രണ്ടാം ലോകമഹായുദ്ധത്തിൽ ഫാസിസത്തിനെതിരേ വിജയം വരിച്ചതിന്റെ എഴുപതാം വാർഷികം ആചരിക്കുമ്പോൾ, ജർമനി-ഇറ്റലി-ജപ്പാൻ എന്ന ഫാസിസ്റ്റ് കൂട്ടുകെട്ടിനെ സൈനികമായി പരാജയപ്പെടുത്തിയെങ്കിലും, ഫാസിസത്തിനെതിരേയുള്ള പോരാട്ടം അവസാനിച്ചിട്ടില്ല എന്നു നമ്മൾ മറക്കരുത്. സഖാവ് ശിബ്ദാസ് ഘോഷ് വളരെമുമ്പേ ചൂണ്ടിക്കാട്ടിയതു പോലെ, ഫാസിസത്തിന്റെ മുഖ്യ പ്രത്യേകതകൾ - പ്രധാനമായും സാമ്പത്തിക കേന്ദ്രീകരണം, രാഷ്ട്രീയ അധികാരം സാമ്രാജ്യത്വ-മുതലാളിത്തത്തിന്റെ കൈകളിൽ പരമാവധി കേന്ദ്രീകരിക്കുന്നത്, ഭരണത്തിൽ വിട്ടുവീഴ്ചയില്ലാത്ത കടുപ്പം, സാംസ്കാരികമായി പട്ടാളച്ചിട്ടകൾ അടിച്ചേൽപ്പിക്കുക, ഭരിക്കുന്ന കുത്തകകളുടെ താൽപ്പര്യങ്ങളുമായി രാഷ്ട്രത്തെ താദാത്മ്യപ്പെടുത്തുക, അങ്ങനെ അവരുടെ അടിമയാക്കി രാഷ്ട്രത്തെ മാറ്റിയെടുക്കുക, ഇതെല്ലാം വ്യത്യസ്ത അളവുകളിൽ എല്ലാ സാമ്രാജ്യത്വ മുതലാളിത്ത രാജ്യങ്ങളിലും തിരിച്ചറിയപ്പെടുന്നുണ്ട്. ഇന്ന്, ഫാസിസം അതിന്റെ ദുഷിച്ച തല എല്ലാ സാമ്രാജ്യത്വ-മുതലാളിത്ത രാജ്യങ്ങളിലും കൂടുതൽ പ്രകടമായി ഉയർത്തുമ്പോൾ, മാർക്സ്-ഏംഗൽസ്-ലെനിൻ-സ്റ്റാലിൻ-മാവോ-ശിബ്ദാസ് ഘോഷ് എന്നീ ആചാര്യന്മാരുടെ അമൂല്യങ്ങളായ പാഠങ്ങൾ അടിസ്ഥാനമാക്കി, ഫാസിസത്തിനെതിരേ ശക്തമായ ആശയ-സാംസ്കാരിക-രാഷ്ട്രീയ പോരാട്ടം നടത്തേണ്ടത് കൂടുതൽ അനിവാര്യമാകുന്നു. ഇതിലൂടെ, സാമ്പത്തിക ചൂഷണവും ധനപരമായ ക്രൂരതകളും വർദ്ധിപ്പിക്കുവാനും, കഷ്ടപ്പെടുന്ന ജനങ്ങളുടെ പൊരുതി നേടിയ എല്ലാ ജനാധിപത്യ അവകാശങ്ങളും ഒഴിപ്പിച്ചെടുക്കുവാനും, എതിർപ്പുകളുടേയും, പ്രത്യേകിച്ച് യുക്തിചിന്തയുടേയും ശബ്ദങ്ങളുടെ വായമൂടിക്കെട്ടുവാനും, മാനസികപ്രക്രിയയെ ദുരിതങ്ങളെപ്പറ്റിയുള്ള ശാസ്ത്രീയവഴിയിൽ നിന്നും അന്ധവിശ്വാസത്തിന്റെയും പിന്തിരിപ്പൻ ചിന്തയുടേയും മായികവീഥിയിലേക്ക് വഴിമാറ്റുവാനും, സദാചാരത്തിന്റെയും സംസ്കാരത്തിന്റെയും നൈതികതയുടേയും അടിത്തറ തകർക്കുകയും, അതിലൂടെ ജനങ്ങളുടെ വിപ്ലവ ഉയിർത്തെഴുന്നേൽപ്പിനെ അകറ്റിനിർത്തുവാനുമുള്ള, സാമ്രാജ്യത്വ-മുതലാളിത്തത്തിന്റെ ഗൂഢാലോചനയെ പരാജയപ്പെടുത്തേണ്ടതുണ്ട്. ●

# നീലംപേരൂർ വായു – ജല മലിനീകരണവിരുദ്ധ സമരം ഉജ്ജ്വലവിജയം നേടി

ആലപ്പുഴ ജില്ലയിലെ നീലംപേരൂർ പഞ്ചായത്ത് ഓഫീസിനു സമീപം വർഷങ്ങളായി പ്രവർത്തിക്കുന്ന സാർക്ക് സ്പൈസസ് കമ്പനിയിൽ നിന്ന് മലിനജലം കരുനാട്ടുവാല-കൈനടി തോട്ടിലേയ്ക്ക് ഒഴുക്കിവിടുകയാണ്. ഇതുമൂലം ജനങ്ങൾ മാരകമായ ത്വക്ക് രോഗത്തിനും മറ്റ് രോഗങ്ങൾക്കും ഇരയാകുന്നു. ഈ മലിനീകരണം തടയണമെന്ന് ആവശ്യപ്പെട്ട് പ്രദേശത്തെ ജനങ്ങൾ നിരന്തരമായി അധികാരികൾക്ക് പരാതികൾ നൽകി വന്നിരുന്നു. എന്നാൽ യാതൊരു നടപടിയും അധികാരികൾ സ്വീകരിച്ചില്ല. ഈ സന്ദർഭത്തിലാണ് ഈ ഫാക്ടറിയുടെ തൊട്ടടുത്ത് തന്നെ സാൻട്രോക്സ് എന്ന കമ്പനിയിൽ നിന്ന് പാറപൊടിക്കുന്ന മലിനജലവും തോട്ടിലേയ്ക്ക് ഒഴുക്കാൻ തുടങ്ങിയത്. അതോടൊപ്പം കൺസോം ഫീഡ്സ് എന്ന പേരിൽ ചിക്കൻ വേസ്റ്റും മീനും പൊടിച്ച് കാലിത്തീറ്റയുണ്ടാക്കുന്ന ഒരു ഫാക്ടറിയും സാൻട്രോക്സിന്റെ കോമ്പൗണ്ടിൽ പ്രവർത്തിക്കാനുള്ള അനുമതി പഞ്ചായത്ത് നൽകി. ചിക്കൻ വേസ്റ്റ് പുഴുങ്ങി വറുക്കുമ്പോൾ ഉണ്ടാകുന്ന രൂക്ഷമായ ദുർഗന്ധം പഞ്ചായത്തിന്റെ വിവിധ ഭാഗങ്ങളിൽ അനുഭവപ്പെടുകയും ഛർദ്ദിയും മറ്റ് അസുഖങ്ങളും മൂലം കൊച്ചുകുട്ടികൾ ഉൾപ്പെടെയുള്ളവർക്ക് നിരന്തരമായി ചികിത്സ തേടേണ്ട സാഹചര്യവും ഉണ്ടായി.

ഈ പ്രശ്നത്തിൽ എസ്‌യുസിഐ (സി) ഇടപെട്ട് കുട്ടനാട് കേബിൾവിഷൻ ഉൾപ്പടെയുള്ള പത്ര മാധ്യമങ്ങളുടെ ശ്രദ്ധയിൽ ഈ വിഷയം കൊണ്ടുവന്നു. അങ്ങനെ മാധ്യമങ്ങളിൽ ഇത് ഒരു വാർത്തയായി വന്നപ്പോൾ എസ്എൻഡിപി യൂണിയൻ ഒന്നാംനമ്പർ ശാഖ മുൻകൈ എടുത്ത് ഒരു ജനകീയ കൺവൻഷൻ വിളിച്ചുകൂട്ടി. ജനകീയ പ്രതിരോധ സമിതി കുട്ടനാട് താലൂക്ക് സെക്രട്ടറി പി.ആർ.സതീശൻ ഈ കൺവെൻഷനിൽ പങ്കെടുക്കുകയും സങ്കുചിത കക്ഷി രാഷ്ട്രീയത്തിനും ജാതിമതചിന്താഗതികൾക്കും അതീതമായി ജനകീയ കമ്മറ്റി രൂപീകരിച്ച് ശക്തമായ സമരം നടത്തണമെന്ന് അഭ്യർത്ഥിക്കുകയും ചെയ്തു. എന്നാൽ യോഗം വിളിച്ച് ചേർത്ത സംഘാടകരുടെ അഭിപ്രായം പോലും പരിഗണിക്കാതെ സിപിഐ(എം)ബ്രാഞ്ച് സെക്രട്ടറി റ്റി.ആർ.രാജപ്പൻ പ്രസിഡന്റും വാർഡ് മെമ്പർ ഗോപാലകൃഷ്ണൻ ചെയർമാനുമായി ജനകീയ സമരസമിതി രൂപീകരിക്കപ്പെടുന്ന സാഹചര്യമുണ്ടായി. ജനകീയ പ്രതിരോധ സമിതിയുടെ സെക്രട്ടറി എന്ന നിലയിൽ പി.ആർ.സതീശനെയും എക്സിക്യൂട്ടീവ് കമ്മറ്റിയിൽ ഉൾപ്പെടുത്തി. തുടർന്ന് നടന്ന കമ്മറ്റി മീറ്റിംഗിൽ മലിനീകരണം നടത്തിവരുന്ന ഫാക്ടറികൾക്ക് അനുമതി നൽകിയിരിക്കുന്നത് പഞ്ചായത്താണെന്നതിനാൽ ഈ മലിനീകരണം തടയുവാൻ പഞ്ചായത്ത് നടപടി എടുക്കണമെന്ന് ആവശ്യപ്പെട്ടുകൊണ്ട് പഞ്ചായത്ത് ഓഫീസിലേയ്ക്ക് പ്രതിഷേധമാർച്ചും ധർണ്ണയും സംഘടിപ്പിക്കണമെന്ന ആവശ്യം പി.ആർ. സതീശൻ ഉന്നയിക്കുകയും ബഹുഭൂരിപക്ഷം അതിനോട് യോജിക്കുകയും ചെയ്തു. സമരം ഉദ്ഘാടനം ചെയ്യാൻ എത്തിയ ആറന്മുള വിമാനത്താവള വിരുദ്ധ സമരനായകൻ ശ്രീരംഗനാഥൻ ജനങ്ങൾ കക്ഷിരാഷ്ട്രീയത്തിനതീതമായ സമരവും നിയമപരമായ പോരാട്ടവും നടത്തണമെന്ന് അഭിപ്രായപ്പെട്ടു. ഇത് പലരെയും അസ്വസ്ഥരാക്കി. നൂറുകണക്കിന് ആളുകൾ പങ്കെടുത്ത പഞ്ചായത്തോഫീസ് മാർച്ചിനും ധർണ്ണയ്ക്കും തൊട്ടടുത്ത ദിവസം തന്നെ ഫാക്ടറിയിൽ നിന്ന് മലിനജലം വീണ്ടും തുറന്നുവിട്ടു. ഇതിൽ പ്രകോപിതരായ ജനങ്ങൾ ബക്കറ്റിൽ മലിനജലം ശേഖരിച്ചുകൊണ്ട് പഞ്ചായത്തോഫീസ് ഉപരോധിച്ചു. പഞ്ചായത്തോഫീസിന്റെ മുന്നിൽ നിന്ന് സമരത്തെ ഫാക്ടറിക്ക് മുന്നിലേയ്ക്ക് തിരിച്ചുവിടാൻ സിപിഐ(എം) നേതൃത്വം ശ്രമിച്ചെങ്കിലും ജനങ്ങൾ പഞ്ചായത്തോഫീസ് ഉപരോധത്തിൽ ഉറച്ചുനിന്നു. തുടർന്ന് പോലീസും പഞ്ചായത്തധികാരികളും അഭ്യർത്ഥിച്ച പ്രകാരം മലിനീകരണ പ്രശ്നത്തിൽ അടിയന്തിര കമ്മറ്റി കൂടാൻ ഓഫീസിൽ പ്രവേശിക്കുവാൻ അംഗങ്ങളെ അനുവദിച്ചു. ഫാക്ടറി മലിനീകരണം നടത്തുന്നു എന്ന് ബോദ്ധ്യപ്പെട്ടതിനാൽ ഫാക്ടറിയ്ക്ക് സ്റ്റോപ്പ്മെമ്മോ നൽകാൻ കമ്മിറ്റി തീരുമാനിച്ചു. ഇതിന് ശേഷമാണ് ജനങ്ങൾ പിരിഞ്ഞുപോയത്. തുടർന്ന് മലിനീകരണ നിയന്ത്രണബോർഡ് ഇക്കാര്യം പരിശോധിക്കുകയും ഫാക്ടറിയിൽ നിന്ന് ഓടയിലൂടെ മലിന ജലം തോട്ടിലേയ്ക്ക് ഒഴുക്കുന്നുണ്ടെന്നും ട്രീറ്റ്മെന്റ് പ്ലാന്റ് പര്യാപ്തമല്ലെന്നും ബോദ്ധ്യപ്പെട്ടതിന്റെ അടിസ്ഥാനത്തിൽ പ്രവർത്തനാനുമതി നിഷേധിക്കുകയും ചെയ്തു. അങ്ങനെ സമ്പൂർണ്ണമായും നിയമ വിരുദ്ധമായി പ്രവർത്തിക്കുന്ന ഫാക്ടറി അടച്ചുപൂട്ടുവാൻ പഞ്ചായത്തധികാരികൾ ചെന്നപ്പോൾ മാനേജ്മെന്റ് ബലം പ്രയോഗിച്ച് ഇത് തടസ്സപ്പെടുത്തി. എന്നാൽ ഇവർക്കെതിരെ രേഖാമൂലം പരാതി നൽകുവാനോ ഉദ്യോഗസ്ഥരുടെ കൃത്യനിർവ്വഹണത്തെ തടസ്സപ്പെടുത്തിയ മാനേജ്മെന്റിനെതിരെ ജാമ്യമില്ലാ വകുപ്പുപ്രകാരം കേസെടുപ്പിക്കുവാനോ പോലീസ് സംരക്ഷണത്തോടെ ഫാക്ടറി സീൽ ചെയ്യുവാനോ പഞ്ചായത്തധികാരികൾ തയ്യാറായില്ല. കമ്പനിയ്ക്ക് ലഭിച്ച സാവകാശം പ്രയോജനപ്പെടുത്തി അവർ കോടതിയിൽ പോയി അവരുടെ ഉൽപ്പന്നങ്ങൾ പുറത്തേയ്ക്ക് കൊണ്ടുപോകാൻ മാത്രമുള്ള ഒരു അനുമതി തരപ്പെടുത്തി. ഈ സാഹചര്യത്തിൽ പോലും ഉൽപ്പാദനവും മലിനീകരണവും തടയുവാൻ പഞ്ചായത്തിന് കഴിയുമായിരുന്നെങ്കിലും അതിനൊന്നും അവർ ശ്രമിച്ചില്ല. അങ്ങനെ ഫലത്തിൽ മാനേജ്മെന്റിന്റെ പക്ഷത്ത് നിലകൊള്ളുന്ന ഒരു നിലപാട് പഞ്ചായത്ത് സ്വീകരിച്ച സാഹചര്യത്തിലാണ് നിയമവിരുദ്ധമായി പ്രർത്തിക്കുന്ന ഫാക്ടറി അടച്ചുപൂട്ടണം എന്ന ഡിമാന്റ് ഉന്നയിച്ചുകൊണ്ട് സമരസമിതി പഞ്ചായത്ത് പടിയ്ക്കൽ ഏകദിന സത്യാഗ്രഹം നടത്തിയത്. അന്ന് സമരസമിതി പ്രസിഡന്റ് റ്റി.ആർ.രാജപ്പൻ തുടർസമരമെന്ന നിലയിൽ അനിശ്ചിതകാല നിരാഹാര സമരം പ്രഖ്യാപിച്ചു. മെയ് 21-ാം തീയതി ആരംഭിക്കാൻ തീരുമാനിച്ച പഞ്ചായത്തിന് മുമ്പിലുള്ള അനിശ്ചിതകാല നിരാഹാര സമരത്തിന് പാർട്ടി വിലക്കുള്ളതിനാൽ തങ്ങൾക്ക് പങ്കെടുക്കാൻ കഴിയില്ലെന്നും ഈ സമരം പിൻവലിയ്ക്കണമെന്നും ഫാക്ടറിപടിയ്ക്കലേയ്ക്ക് സമരം മാറ്റണമെന്നും നിരാഹാര സമരം വിജയിക്കില്ല എന്നും പറഞ്ഞ് സമരത്തിൽ നിന്നും ജനങ്ങളെ പിന്തിരിപ്പിക്കാൻ അവർ ശ്രമിച്ചു. എന്നാൽ മലിനീകരണം തടയുക എന്നത് തങ്ങളുടെ ജീവൽ പ്രധാന ആവശ്യമാണ് എന്നതുകൊണ്ട് സമരസമിതി പ്രഖ്യാപിച്ച സമരത്തിൽ ഉറച്ചു നിന്നു. 21-ാം തീയതി നിരാഹാരമനുഷ്ഠിക്കാമെന്ന് ഏറ്റിരുന്ന പ്രസിഡന്റും രക്ഷാധികാരിയും തലേന്നുരാത്രി നടന്ന കമ്മറ്റിയിൽ നിന്ന് ഇറങ്ങിപ്പോയി. സമരസമിതി എക്സിക്യൂട്ടീവംഗം ബിജുമോൻ തൊണ്ണൂറിൽചിറ അനിശ്ചിതകാല നിരാഹാരമനുഷ്ഠിക്കുവാൻ തയ്യാറായപ്പോൾ സ്ത്രീകളടക്കം നിരവധി പേർ തുടർന്ന് നിരാഹാരമനുഷ്ഠിക്കുവാൻ തയ്യാറാവുന്ന ആവേശകരമായ സാഹചര്യമുണ്ടായി. രാത്രി 11 മണിക്ക് ശേഷം സമരസമിതി പ്രവർത്തകർ വീടുതോറും കയറിയിറങ്ങി പ്രചരണം നടത്തി. 21-ാം തീയതി രാവിലെ ചക്കച്ചമ്പാക്കയിൽ നിന്നും പ്രകടനമായി വന്നാണ് പഞ്ചായത്ത് പടിയ്ക്കൽ മലിനീകരണ വിരുദ്ധ അനിശ്ചിതകാല നിരാഹാര സമരം ആരംഭിച്ചത്. പ്രകടനം എസ്‌യുസിഐ(കമ്യൂണിസ്റ്റ്) കോട്ടയം ജില്ലാ കമ്മറ്റിയംഗം സഖാവ് എൻ.കെ. ബിജു ഉദ്ഘാടനം ചെയ്തു. ജനകീയ പ്രതിരോധ സമിതി കോട്ടയം ജില്ലാകമ്മറ്റി അംഗം കെ.സദാനന്ദൻ എസ്എൻഡിപി യൂണിയൻ കൗൺസിൽ അംഗം സന്തോഷ് ശാന്തി, ജെഎസ്എസ് സംസ്ഥാനകമ്മറ്റി അംഗം സുരേഷ്, പി.ആർ.സതീശൻ എന്നിവർ ഒന്നാം ദിവസവും തുടർന്നുള്ള ദിവസങ്ങളിൽ, ജെഎസ്എസ് സംസ്ഥാന പ്രസിഡന്റും മുൻ എംഎൽഎയുമായ കെ.കെ.ഷാജു, വാർഡ്മെമ്പർ ബോബൻ തയ്യിൽ, അഖിലേന്ത്യാ മഹിളാ സാംസ്കാരിക സംഘടന സംസ്ഥാന പ്രസിഡന്റ് മിനി കെ.ഫിലിപ്പ്, ചെങ്ങറ സമരസഹായസമിതി ചെയർമാനും എസ്‌യുസിഐ(കമ്മ്യൂണിസ്റ്റ്) സംസ്ഥാന കമ്മറ്റിയംഗവുമായ എസ്.രാജീവൻ, ലൂക്കോസ് കെ. നീലംപേരൂർ, സി.ജെ തങ്കച്ചൻ, ഞാറ്റുവേല സാംസ്കാരിക സമിതി നേതാവും കവിയുമായ അജിത്ത് എം.പച്ചനാട്, കുറിച്ചി സചിവോത്തമപുരം സമരനേതാക്കൾ, കോട്ടയം നേച്ചർ ക്ലബ്ബ്, പൊക്കാളി സംരക്ഷണ സമരസമിതി നേതാവ് കെ.പ്രതാപൻ ഇന്ത്യൻ നഴ്സസ് പേരന്റ്സ് അസോസിയേഷൻ നേതാക്കളായ കെ.ജെ.ഷീല, വിശ്വരാജ്, കെ.ശശി കാവാലം തുടങ്ങിയവരും പ്രസംഗിച്ചു. അങ്ങനെ വിവിധ സമരമേഖലകളിൽ നിന്നും വമ്പിച്ച പിന്തുണയോടെ സമരം ദിനംപ്രതി ശക്തമാകുന്നത് മനസ്സിലാക്കിയ ഭരണാധികാരികൾ നിരാഹാരസമരം 5-ാം ദിവസത്തിലേയ്ക്ക് കടന്നപ്പോൾ ജില്ലാ കളക്ടറുടെ അദ്ധ്യക്ഷതയിൽ ഒത്തുതീർപ്പ് ചർച്ചയ്ക്ക് ക്ഷണിച്ചു.



ചെങ്ങറ സമരസഹായസമിതി ചെയർമാനും എസ്‌യുസിഐ(കമ്മ്യൂണിസ്റ്റ്) സംസ്ഥാന കമ്മറ്റിയംഗവുമായ സഖാവ് എസ്.രാജീവൻ നിരാഹാര സമരവേദിയിൽ പ്രസംഗിക്കുന്നു

26-ാം തീയതി വൈകുന്നേരം 5 മണിക്ക് നടന്ന ഒത്തുതീർപ്പ് ചർച്ചയിൽ ആർഡിഒ, തഹസിൽദാർ, മലിനീകരണ നിയന്ത്രണ ബോർഡിന്റെ ജില്ലാ ഓഫീസർ, ഇറിഗേഷൻ എക്സിക്യൂട്ടീവ് എഞ്ചിനീയർ, പഞ്ചായത്ത് -വില്ലേജ് -പോലീസ് അധികാരികൾ, കമ്പനി ഉടമകൾ, സമരസമിതി സെക്രട്ടറി സാബു നാരായണൻ, എക്സിക്യൂട്ടീവ് കമ്മറ്റി അംഗങ്ങളായ പി.ആർ. സതീശൻ, എബി, അജയ്, ശ്രീമതി ബിനു എന്നിവരും ഒത്തുതീർപ്പ് ചർച്ചയിൽ പങ്കെടുത്തു. സമരസമിതി മുന്നോട്ടുവച്ച എല്ലാ ഡിമാന്റുകളും അംഗീകരിച്ചു. ഫാക്ടറിയിൽ നിന്നും ഒരുതുള്ളി മലിനജലം പോലും തോട്ടിലേയ്ക്ക് ഒഴുക്കരുത്, ഇപ്പോൾ മലിനമായിക്കിടക്കുന്ന തോട് വൃത്തിയാക്കുക, ആവശ്യത്തിന് ശുദ്ധജലമെത്തിക്കുക, വായുമലിനീകരണം നടത്തുന്ന ഫാക്ടറി ആരോഗ്യവകുപ്പും പഞ്ചായത്തും മലിനീകരണബോർഡും പരിശോധിച്ച് ഉചിതമായ നടപടി സ്വീകരിക്കുക എന്നീ ഡിമാന്റുകളാണ് അംഗീകരിച്ചത്. എന്നുമാത്രമല്ല നിയമവിരുദ്ധമായി പ്രവർത്തിക്കുന്ന കമ്പനി അടച്ചുപൂട്ടാൻ പഞ്ചായത്തധികാരികൾ തയ്യാറാകാതെ സാവകാശം കൊടുത്തപ്പോൾ ഹൈക്കോടതിയിൽ പോയി ട്രയൽറൺ നടത്തുവാൻ മാനേജ്മെന്റ് നേടിയ വിധിയിൽ ട്രീറ്റ്മെന്റ് പ്ലാന്റ് അപ്ഗ്രേഡ് ചെയ്ത് ഉചിതമായ ട്രീറ്റ്മെന്റിന്റെ സംവിധാനം ഉറപ്പാക്കിയശേഷമേ അതിനനുമതി നൽകാവൂ എന്ന് മലിനീകരണ നിയന്ത്രണ ബോർഡിനോട് കോടതി നിർദ്ദേശിച്ചിരുന്നു. അങ്ങനെ നീലംപേരൂരിലെ ജനങ്ങളുടെ വായു-ജല മലിനീകരണത്തിന് പരിഹാരം കാണുന്ന ഉജ്ജ്വലമായ ഒരു ഒത്തുതീർപ്പ് വ്യവസ്ഥ രേഖാമൂലം നേടിയെടുത്ത സമരസമിതി നേതാക്കളെ ആവേശോജ്ജ്വലമായ മുദ്രാവാക്യം വിളികളോടെയാണ് സമരപന്തലിൽ എത്തിച്ചത്. നിരാഹാരസമരം നടത്തിയ ബിജുമോന് കേരള സംസ്ഥാന ജനകീയ പ്രതിരോധസമിതി ജനറൽ സെക്രട്ടറി ഡോ.വി.വേണുഗോപാലും ബിജുമോന്റെ മാതാവ് പെണ്ണുകുട്ടിയും ചേർന്ന് നാരങ്ങാനീരു നൽകി സമരം അവസാനിപ്പിച്ചു. അതിന് ശേഷം ബിജുമോനെ തോളിലേറ്റിക്കൊണ്ട് ജനങ്ങൾ നീലംപേരൂർ ക്ഷേത്രജംഗ്ഷൻ വരെ പ്രകടനം നടത്തി. ജനകീയ സമരത്തിന്റെ ഐതിഹാസിക വിജയം അംഗീകരിക്കാൻ തയ്യാറാവാതെ സിപിഐ(എം)നേതൃത്വം, സമരം ചെയ്ത ജനങ്ങളെയും സമരത്തെ സഹായിച്ച പ്രസ്ഥാനങ്ങളെയും അവഹേളിക്കുന്ന തരത്തിൽ പ്രസ്താവനകളും പ്രസംഗവുമായി വരുന്ന കാഴ്ചയാണ് പിന്നീട് കാണാൻ കഴിഞ്ഞത്.

നീലംപേരൂർ പ്രദേശത്തെ ജനങ്ങൾ അവരുടെ ജനകീയ സമരത്തിൽ എസ്‌യുസിഐ(സി) പ്രവർത്തകരുമായി തോളോട് തോൾ ചേർന്നുകൊണ്ട് സമരപാതയിൽ മുന്നേറിയത് ഇവരെ വല്ലാതെ പ്രകോപിപ്പിച്ചു. സങ്കുചിത കക്ഷി രാഷ്ട്രീയം സമരവേദിയിൽ ഒരിക്കൽ പോലും എസ്‌യുസിഐ(കമ്മ്യൂണിസ്റ്റ്)യുടെ പ്രവർത്തകർ പ്രകടിപ്പിച്ചിട്ടില്ല എന്നത് സമരത്തിൽ പങ്കെടുത്ത ഏവർക്കും ബോദ്ധ്യപ്പെട്ടിട്ടുള്ളതുകൊണ്ട് സിപിഐ(എം)ന്റെ കുൽസിത ശ്രമമൊന്നും ഫലിച്ചില്ല. മലിനീകരണത്തിനെതിരെ പോരാടുന്ന ജനങ്ങളോടൊപ്പം എസ്‌യുസിഐ(സി) എന്നുമുണ്ടാകും. നിയമവിരുദ്ധമായി പ്രവർത്തിച്ച ഫാക്ടറിയ്ക്ക് മൗനാനുവാദം നൽകാനും സമരത്തെ പഞ്ചായത്തോഫീസിനുമുന്നിൽ നിന്നും ഫാക്ടറിയുടെ മുന്നിലേക്ക് എത്തിക്കുവാനും സമരക്കാരെ കേസിൽ കുടുക്കി ഈ ജനകീയ സമരത്തെ തകർക്കുവാനും, സമരസമിതിയിൽ നിന്നുകൊണ്ട് ജനസമരത്തെ പിന്നിൽ നിന്നു കുത്താനും ശ്രമിച്ച സിപിഐ(എം)ൽ നിന്ന് ഇതിൽ കൂടുതൽ പ്രതീക്ഷിക്കാനില്ല. നന്ദിഗ്രാമിൽ നിന്നും സിംഗൂരിൽ നിന്നും പാഠമൊന്നും പഠിയ്ക്കാത്തവർ നീലംപേരൂരിലെ സമരത്തിൽ നിന്ന് എന്തെങ്കിലും പാഠം പഠിക്കുമോ?

ചിക്കൻവേയ്സ്റ്റ് വാഹനത്തിൽ മൂടിക്കെട്ടി ആവശ്യമായ രേഖകൾ സഹിതംവേണം കൊണ്ടുവരാൻ എന്ന ഒത്തുതീർപ്പുവ്യവസ്ഥ ലംഘിച്ചതിനെതിരെ ജനങ്ങൾ വീണ്ടും തെരുവിലിറങ്ങി വണ്ടി തടയുകയും തിരിച്ചയയ്ക്കുകയും ചെയ്തു. ഇതിനെതിരെ കള്ളക്കേസ്സെടുത്തതിൽ പ്രതിഷേധിച്ച് നൂറുകണക്കിനാളുകൾ പോലീസ് സ്റ്റേഷൻ മാർച്ച് നടത്തുകയും ചെയ്തു. പ്രദേശത്ത് സംഘർഷാവസ്ഥ നിലനിൽക്കുന്ന സ്ഥിതിയാണ് ഇപ്പോഴും. എന്ത് പ്രതികൂല സാഹചര്യങ്ങളുണ്ടായാലും ഒരിഞ്ചുപോലും പിന്നോട്ടില്ല എന്ന തീരുമാനത്തിലാണ് ജനങ്ങളും സമരസമിതിയും. ●

Date of Posting 9 th & 10 th of every month at RMS, Trivandrum.
Date of publishing 01/06/2015
REGISTERED
R. N. 24773/1992
P.R. No. KL/TV(N)/452/2015-2017

# UNITY

MALAYALAM MONTHLY

Vol 42 No.3
Price : Rs 5.00
June 2015

## എൽയുഎഫ് വയനാട് ജില്ലാ കൺവൻഷൻ

# സമവായ രാഷ്ട്രീയത്തിനെതിരെ സമരരാഷ്ട്രീയം ശക്തമാക്കുക

യുഡിഎഫ് -എൽഡിഎഫ് മുന്നണികൾ അനുവർത്തിക്കുന്ന ഒത്തുതീർപ്പ് രാഷ്ട്രീയത്തിനെതിരെ ജനങ്ങളുടെ സമരരാഷ്ട്രീയം വളർത്തിയെടുക്കാനാഹ്വാനം ചെയ്തുകൊണ്ട് ഇടതുപക്ഷ ഐക്യമുന്നണി(എൽയുഎഫ്) വയനാട് ജില്ലാ കൺവൻഷൻ നടന്നു. മേയ് 30 ന് സുൽത്താൻബത്തേരി പൈെയ്സിൽവച്ച് നടന്ന ജില്ലാ കൺവൻഷൻ എസ്‌യുസിഐ(കമ്മ്യൂണിസ്റ്റ്) സംസ്ഥാന സെക്രട്ടേറിയറ്റംഗവും എൽയുഎഫ് സംസ്ഥാന കൺവീനറുമായ സഖാവ് ഡോ.വി. വേണുഗോപാൽ ഉദ്ഘാടനം ചെയ്തു. എൽയുഎഫ് സംസ്ഥാന വൈസ് ചെയർമാനും എംസിപിഐ(യു) കേന്ദ്രകമ്മിറ്റി അംഗവുമായ സഖാവ് കെ.ആർ.സദാനന്ദൻ, എൽയുഎഫ് സംസ്ഥാന ചെയർമാനും ആർഎംപി സംസ്ഥാന സെക്രട്ടേറിയറ്റ് അംഗവുമായ സഖാവ് കെ.എസ്.ഹരിഹരൻ എന്നിവർ പ്രസംഗിച്ചു. എസ്‌യുസിഐ(കമ്മ്യൂണിസ്റ്റ്) വയനാട് ജില്ലാ സെക്രട്ടറി സഖാവ് വി.കെ.സദാനന്ദൻ കൺവീനറായി എട്ടംഗ എൽയുഎഫ് ജില്ലാ കമ്മിറ്റിക്ക് കൺവൻഷൻ രൂപം കൊടുത്തു. സഖാക്കൾ സി.എൻ.മുകുന്ദൻ സ്വാഗതവും ദേവസ്യ പുറ്റനാൽ നന്ദിയും പറഞ്ഞു.



സഖാവ് കെ.കെ.രമ പൊതുസമ്മേളനം ഉദ്ഘാടനം ചെയ്യുന്നു. വേദിയിൽ സഖാക്കൾ വി.കെ.സദാനന്ദൻ, കെ.ആർ.സദാനന്ദൻ, വി.വേണുഗോപാൽ, കെ.എസ്.ഹരിഹരൻ തുടങ്ങിവർ.

കൺവൻഷനോടനുബന്ധിച്ച് സ്വതന്ത്ര മൈതാനിയിൽ നടന്ന പൊതുസമ്മേളനം റവല്യൂഷണറി മാർക്സിസ്റ്റ് പാർട്ടി സംസ്ഥാന സെക്രട്ടേറിയറ്റംഗം സഖാവ് കെ.കെ.രമ ഉദ്ഘാടനം ചെയ്തു. സഖാക്കൾ ഡോ.വി.വേണുഗോപാൽ, കെ.എസ്.ഹരിഹരൻ, കെ.ആർ.സദാനന്ദൻ എന്നിവരും പ്രസംഗിച്ചു. സഖാവ് വി.കെ.സദാനന്ദൻ അദ്ധ്യക്ഷത വഹിച്ചു.

ജനങ്ങൾക്ക് നല്ല ദിനങ്ങൾ വാഗ്ദാനം ചെയ്തുകൊണ്ട് അധികാരത്തിൽവന്ന നരേന്ദ്രമോദി കോർപ്പറേറ്റുകൾക്ക് മാത്രമാണ് അത് നൽകുന്നതെന്ന് ഉദ്ഘാടന പ്രസംഗത്തിൽ കെ.കെ.രമ പറഞ്ഞു. ഒരുഭാഗത്ത് വർഗ്ഗീയത ആളിക്കത്തിക്കുകയും മറുഭാഗത്ത് കരയും കടലുമടക്കം എല്ലാം കോർപ്പറേറ്റുകൾക്ക് തീറെഴുതുകയുമാണ്. അഴിമതിക്കാരനായ കെ.എം.മാണിയെ മുഖ്യമന്ത്രിയാക്കാൻ ഓടി നടന്ന സി.പി.ഐ(എം) ഇപ്പോൾ അഴിമതിയുടെ പേരിൽ ശിക്ഷിക്കപ്പെട്ട ആർ.ബാലകൃഷ്ണപിള്ളയെ കൂട്ടുപിടിച്ചുകൊണ്ടു നടത്തുന്ന അഴിമതിവിരുദ്ധ സമരം അപഹാസ്യമാണ്. അഴിമതിക്കും അക്രമരാഷ്ട്രീയത്തിനുമെതിരെ ശബ്ദിക്കാൻ സി.പി.ഐ(എം)ന് ധാർമ്മിക അവകാശമില്ല - കെ.കെ.രമ ചൂണ്ടിക്കാട്ടി.

കേരളത്തിൽ ഇരുമുന്നണികളും ജനവിരുദ്ധപക്ഷത്ത് നിലകൊള്ളുന്ന ഒരു പ്രത്യേകസാഹ്യചര്യത്തിലാണ് ഇടതുപക്ഷ ഐക്യമുന്നണി രൂപം കൊണ്ടതെന്നും, കേന്ദ്രത്തിലെ മോദി സർക്കാറിന്റെ കോർപ്പറേറ്റ് ഭരണത്തിനും കേരളത്തിലെ ഉമ്മൻചാണ്ടിയുടെ അഴിമതിഭരണത്തിനുമെതിരെ ബഹുജനപ്രക്ഷോഭണത്തിന്റെ പാതയിലാണ് എൽയുഎഫ് എന്നും സഖാവ് വി.വേണുഗോപാൽ പറഞ്ഞു.

തൊഴിലാളികളെ വഴിയാധാരമാക്കി പൊതുമേഖലാസ്ഥാപനങ്ങളും, കർഷകരെ ഭൂമിയിൽനിന്ന് പിഴുതെറിഞ്ഞ് കൃഷിഭൂമിയും, തീരദേശനിവാസികളെ പട്ടിണിയിലാക്കി കടലും ബഹുരാഷ്ട്രകുത്തകകൾക്ക് പതിച്ചുനൽകുകയാണ് മോദിസർക്കാരെന്ന് സഖാവ് കെ.ആർ.സദാനന്ദൻ ചൂണ്ടിക്കാട്ടി. സഖാക്കൾ പി.കെ.ഭഗത് സ്വാഗതവും സി.എൻ.മുകുന്ദൻ നന്ദിയും പറഞ്ഞു. ●

## സേവ് ബിഎസ്എൻഎൽ, സേവ് നെറ്റ് ന്യൂട്രാലിറ്റി
# യുവജന ക്യാമ്പയിൻ

സേവ് ബിഎസ്എൻഎൽ, സേവ് നെറ്റ് ന്യൂട്രാലിറ്റി എന്ന ഡിമാന്റുയർത്തി യുവജന ക്യാമ്പയിൻ സംഘടിപ്പിച്ചു. എഐഡിവൈഒ ജില്ലാ കമ്മിറ്റിയുടെ ആഭിമുഖ്യത്തിൽ നടന്ന ക്യാമ്പയിന്റെ ഔപചാരിക ഉദ്ഘാടനം എറണാകുളം ടെലഫോൺ എക്സ്ചേഞ്ചിനുമുന്നിൽ മേയ് 27 ന് സംഘടിപ്പിച്ച യോഗത്തിൽ എഐഡിവൈഒ സംസ്ഥാനപ്രസിഡന്റ് ടി.കെ.സുധീർകുമാർ നിർവ്വഹിച്ചു.

ടെലികോം മേഖലയെ സ്വകാര്യമേഖലയ്ക്ക് തീറെഴുതാനുള്ള ആസൂത്രിത ഗൂഢാലോചനയാണ് മാറിമാറിവന്ന സർക്കാരുകൾ നടപ്പാക്കിയിരുന്നത്. മോദി സർക്കാരും അത് തുടരുന്നു. ജനക്ഷേമത്തിനായി പ്രവർത്തിക്കേണ്ടുന്ന പൊതുമേഖലാ സ്ഥാപനങ്ങളെല്ലാം തകർക്കൽ ഭീഷണിയിലാണ്. വിവരസാങ്കേതിക രംഗത്തെ രാജ്യത്തിന്റെ വൻപുരോഗതിയെയും ഏതാനും കുത്തകകൾക്ക് വൻലാഭമടിക്കാനും ജനങ്ങളെ കൊള്ളയടിക്കാനുമുള്ള ഉപാധിയാക്കാൻ അനുവദിക്കരുത്. അതുകൊണ്ടുതന്നെ നെറ്റ് ന്യൂട്രാലിറ്റി എന്ന മുദ്രാവാക്യം ജനങ്ങൾ ഏറ്റെടുക്കണം. രാജ്യമെമ്പാടും യുവജനങ്ങൾ നടത്തുന്ന ഈ പ്രവർത്തനങ്ങളിൽ മുഴുവൻ ജനങ്ങളും സഹകരിക്കണമെന്നും അദ്ദേഹം പറഞ്ഞു. എഐഡിവൈഒ ജില്ലാപ്രസിഡന്റ് പി.പി.അഗസ്റ്റിൻ അദ്ധ്യക്ഷത വഹിച്ച യോഗത്തിൽ ബിഎസ്എൻഎൽ എംപ്ലോയീസ് യൂണിയൻ നേതാവ് കെ.പത്മനാഭൻ മുഖ്യപ്രഭാഷണം നടത്തി. എഐയുടിയുസി സംസ്ഥാന വൈസ്പ്രസിഡന്റ് പി.എം.ദിനേശൻ, എഐഡിഎസ്ഒ ജില്ലാ പ്രസിഡന്റ് കെ.പി.സാൽവിൻ തുടങ്ങിയവർ പ്രസംഗിച്ചു. യോഗത്തിന് എഐഡിവൈഒ ജില്ലാ സെക്രട്ടറി കെ.ഒ.സുധീർ സ്വാഗതവും ജോണി ജോസഫ് കൃതജ്ഞതയും രേഖപ്പെടുത്തി. ●



ക്യാമ്പയിൽ സഖാവ് ടി.കെ.സുധീർകുമാർ ഉദ്ഘാടനം ചെയ്യുന്നു

## ദേശീയ ആരോഗ്യനയം –2015 നെതിരെ
# എഐഡിവൈഒ ധർണ

അവശ്യ-ജീവൻ രക്ഷാമരുന്നുകളുടെ വില കുറയ്ക്കാൻ നടപടി സ്വീകരിക്കുക, സർക്കാർ ആശുപത്രികളിൽ പി.എസ്.സി ലിസ്റ്റിൽനിന്ന് ആവശ്യാനുസരണം ഡോക്ടർമാരേയും മറ്റ് പാരാ മെഡിക്കൽ ജീവനക്കാരേയും നിയമിക്കുക, ദേശീയ ആരോഗ്യനയം-2015 പിൻവലിക്കുക തുടങ്ങിയ ആവശ്യങ്ങൾ ഉന്നയിച്ച് ആൾ ഇന്ത്യാ ഡെമോക്രാറ്റിക് യൂത്ത് ഓർഗനൈസേഷൻ (എഐഡിവൈഒ) യുടെ ആഭിമുഖ്യത്തിൽ രാജ്യവ്യാപകമായി നടത്തുന്ന പ്രക്ഷോഭത്തിന്റെ ഭാഗമായി കോഴിക്കോട് ഗവൺമെന്റ് മെഡിക്കൽ കോളേജ് ആശുപത്രിയുടെ മുമ്പിൽ മേയ് 27 ന് ധർണ്ണ നടത്തി. എസ്‌യുസിഐ (കമ്മ്യൂണിസ്റ്റ്) ജില്ലാ സെക്രട്ടറി സഖാവ് എ.ശേഖർ ധർണ്ണ ഉദ്ഘാടനം ചെയ്തു.

ആരോഗ്യമേഖലയുടെ സമ്പൂർണ്ണമായ സ്വകാര്യവൽക്കരണമാണ് ദേശീയ ആരോഗ്യനയം 2015 എന്ന് അദ്ദേഹം പറഞ്ഞു. ജീവൻരക്ഷാ ഔഷധങ്ങളുടെ വിലപോലും ഭീമമായി വർദ്ധിപ്പിക്കാൻ കുത്തകകമ്പനികൾക്ക് അവസരം ഒരുക്കിയിരിക്കുകയാണ് കേന്ദ്ര സർക്കാർ. പുതിയ ചില മെഡിക്കൽ കോളേജുകൾ പ്രഖ്യാപിച്ചെങ്കിലും അവിടെ പുതുതായി ഡോക്ടർമാരെ നിയമിക്കാൻ ഗവൺമെന്റ് തയ്യാറല്ല. മറിച്ച്, നിലവിലുള്ള സർക്കാർ മെഡിക്കൽ കോളേജുകളിൽനിന്നും ഡോക്ടർമാരെ ട്രാൻസ്ഫർ ചെയ്യുകയാണ്-അദ്ദേഹം പറഞ്ഞു. ഇതിനെതിരെ ശക്തമായ പ്രക്ഷോഭണം വളർന്നുവരണമെന്നും എ.ശേഖർ തുടർന്നുപറഞ്ഞു.

എഐഡിവൈഒ ജില്ലാ സെക്രട്ടറി സഖാവ് പി.എം.ശ്രീകുമാർ അദ്ധ്യക്ഷത വഹിച്ചു. സഖാക്കൾ അഡ്വ.ടി.ജെ.ഡിക്സൺ, എസ്.സൂര്യകുമാർ, മണിദാസ് കോരപ്പുഴ, എഐഡിഎസ്ഒ ജില്ലാ പ്രസിഡന്റ് പി.കെ.പ്രഭാഷ് എന്നിവർ പ്രസംഗിച്ചു. ●



യുവജനധർണ്ണ സഖാവ് എ.ശേഖർ ഉദ്ഘാടനം ചെയ്യുന്നു

Edited, Printed & Published by C. K. Lukose, SUCI(C) Office, T.C. 12/1242, Law College Jn, Kunnukuzhy, Trivandrum - 695 035. *Ph:* 0471-2307151;
*E-mail:* unitymagazine@gmail.com; *Website:* **www.kerala.sucicommunist.org** on behalf of Kerala State Committee, SUCI(C).
Printed at Cochin Printech Pvt Ltd, Kochi.